1799

# കുററാന്വേഷണം-
# പുതിയ മുറകൾ

L. V. SMARAKA GRAMODHARANA
GRANDHA SALA
THENNOORKONAM
VENGANOOR, A. O.

(Malayalam)

# Kuttanweshanam–Puthiya Murakal

**By N. KRISHNASWAMI, M. Sc., [illegible] S.**

Translated by

V. M. KORATH

First Published December 1962

Printed at

INDIA PRESS, KOTTAYAM

Price Rs. 1.25

Publishers:

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOKSTALL

**Kottayam Kerala State India**

---

Published under the auspices of

THE SOUTHERN LANGUAGES BOOK TRUST

MADRAS-34

Second Series-Malayalam 23

---

# കുററാന്വേഷണം—
# പുതിയ മുറകൾ

**എൻ. കൃഷ്ണസ്വാമി,**
എം. എസ്സി., ഐ. പി. എസ്.

വിവർത്തനം
വി. എം. കൊറാത്ത്

പ്രസാധകന്മാർ
**സാഹിത്യപ്രവർത്തക സഹകരണസംഘം**

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 1.25

S1403 B901 53/62–63 1-3000

# ആമുഖം

ദക്ഷിണഭാഷാ ബുക്ക്ട്രസ്റ്റ് തമിഴ്, തെലുങ്ക്, മലയാളം, കന്നഡം എന്നീ ദ്രാവിഡഭാഷകളിൽ ഉത്തമഗ്രന്ഥങ്ങളുടെ വിവർത്തനം, പ്രകാശനം എന്നീ മണ്ഡലങ്ങളിൽ സ്തുത്യർഹമായ സാഹിതീസേവനം നടത്തിപ്പോരുന്നുവെന്നു കാണുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

ഭാഷാസംസ്ഥാനങ്ങളുടെ ആവിർഭാവം വിഘടനവാസനകളെ ഉത്തേജിപ്പിക്കുന്നുവെന്ന സന്ദേഹത്തിന്ന്, ചില കേന്ദ്രങ്ങളിലെങ്കിലും പ്രാബല്യം സിദ്ധിച്ചുവരുന്ന ഈ ഘട്ടത്തിൽ പ്രസ്തുത ബുക്ക്ട്രസ്റ്റിന്റെയും അതുപോലുള്ള മററു സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ സാംസ്കാരികമണ്ഡലത്തിലുളവാക്കുന്ന വൈകാരികമായ ഏകമതീഭാവം വേണം ഇന്ത്യയുടെ സമഗ്രമായ ഐക്യത്തിനുതന്നെ സഹായം നല്കുവാൻ. മൂലദ്രാവിഡഭാഷയുടെ സന്താനങ്ങളെന്ന നിലയിൽ സഹോദരീഭാവമുള്ള ദക്ഷിണേന്ത്യൻഭാഷകൾ തമ്മിൽ ഉണ്ടാകുന്ന ഐക്യം, ഭാരതത്തിലെ ഇതരഭാഷകളുമായി അവയ്ക്കു സാമീപ്യവും സമ്പർക്കവും വർദ്ധിപ്പിക്കുന്നതിനുതകുന്ന ഒരു പ്രധാനോപാധിയായിത്തീരുമെന്നുള്ളതു നിസ്തർക്കമാണ്.

ചുരുക്കിപ്പറഞ്ഞാൽ ദേശാഭിമാനിയായ ഏതു ഭാരതീയനും പ്രിയംകരമായിരിക്കേണ്ട ഇന്ത്യയുടെ ഐക്യത്തിന്, ദക്ഷിണഭാരതീയരുടെ പ്രഥമസംഭാവനയാണ് ദക്ഷിണഭാഷാ ബുക്ക്ട്രസ്റ്റിന്റേതുപോലുള്ള സാഹിതീസപര്യ. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ ദക്ഷിണേന്ത്യൻഭാഷകളെ സമഞ്ജസമായി ഇണക്കിച്ചേർത്ത്, പരോക്ഷമായെങ്കിലും ദേശീയചിത്തവൃത്തി നാട്ടാരിൽ ദൃഢമൂലമാക്കുവാൻ പ്രയോജകീഭവിക്കട്ടെ.

ദക്ഷിണഭാഷാ ബുക്ക്ട്രസ്റ്റിന്റെ പ്രവർത്തനപരിധി കൂടുതൽ വ്യാപകവും പ്രകാശമാനവും പ്രയോജനപ്രദവുമാകട്ടെ എന്നാണ് എന്റെ ആത്മാർത്ഥമായ ആശംസ.

A. Thanu Pillai

(പട്ടം എ. താണുപിള്ള)

# അവതാരിക

ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് മുഖേന പുറത്തു വരുന്ന, ശ്രീ എൻ. കൃഷ്ണസ്വാമിയുടെ "കുറ്റാന്വേഷണം–പുതിയ മുറകൾ" എന്ന പുസ്തകം ഈ സംസ്ഥാനത്തിലെ കുറ്റത്തിന്റെയും പോലീസ് അതു നേരിടുന്നതിന്നെടുക്കുന്ന നടപടികളുടെയും വസ്തുതകൾ പൊതുജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുമെന്നു ഞാനാശിക്കുന്നു.

പോലീസുകാര്യങ്ങളിൽ നല്ല പരിചയമുള്ള ആളും മദ്രാസ് സംസ്ഥാനത്തിലെ പോലീസ് ഡിപ്പാർട്ടുമെൻറിലെ ഒരു ഉയന്ന ഉദ്യോഗസ്ഥനുമാണ് ഗ്രന്ഥകർത്താവ്. വളരെ ലളിതമായ ഭാഷയിലും ലളിതമായ രീതിയിലുമാണ് കുററം കണ്ടുപിടിക്കുന്നതിനെയും തടയുന്നതിനെയുംകുറിച്ച് അദ്ദേഹം പ്രതിപാദിക്കുന്നതു്. യഥാൎത്ഥമായ ചിത്രങ്ങൾ ഈ പുസ്തകത്തെ കൂടുതൽ ആസ്വാദ്യകരവും ഉപയോഗപ്രദവുമാക്കുന്നു.

പൊതുജനങ്ങളെയും പോലീസിനേയും അടുപ്പിക്കുവാനും കുററങ്ങളുടെ നേരെയുള്ള യുദ്ധത്തെ സഹായിക്കുവാനും ഈ പുസ്തകം ഉപകരിക്കുമെങ്കിൽ അതു് വലിയൊരു നേട്ടമായിരിക്കും.

മദ്രാസ്<br>22–12–1961

എസ്. ബാലകൃഷ്ണഷെട്ടി,<br>ഐ. പി.,<br>പോലീസ് ഐ. ജി., മദ്രാസ്.

17.99

# ഉള്ളടക്കം


| | |
|---|---|
| പോലീസ് നടപടിയിലെ വേഗത | 9 |
| പാതകത്തിലെ ആവത്തനക്രമം | 16 |
| പാതകവും അവസരവും | 22 |
| ശീലത്തിൻെറ ശക്തി | 27 |
| അന്തശ്ശോദനമനുസരിച്ച പ്രവത്തിക്കൽ | 32 |
| കുട്ടികളായ കുററവാളികൾ | 39 |
| പകൽക്കവെച്ചക്കാരനായ ബാലൻ | 44 |
| പീടികക്കവെച്ചക്കാരനായ മണി | 49 |
| ആൽവാർപെട്ടിലെ ശിവൻ | 56 |
| അലക്കുകാരൻ രങ്കൻ | 63 |
| കൊറവർ | 66 |
| മദിരാശിയിലെ പോലീസ് നായ്ക്കൾ | 72 |
| യുവരാജ്ഞും ചീഫും | 77 |
| പോലീസ് നായയുടെ മാസ്മരശക്തി | 83 |
| ശാസ്ത്രവും പാതകവും | 87 |

## പോലീസ്നടപടിയിലെ വേഗത

ഈ ആധുനികയുഗത്തിൽ മോട്ടോർവാഹനങ്ങളും തീവണ്ടിയും വിമാനവും നല്കുന്ന യാത്രാസൗകര്യങ്ങൾ കുററവാളികളെയും പലതരത്തിൽ സഹായിക്കുന്നുണ്ടു്. ഒരു കുററവാളിക്കു് പാതകം നടത്തുന്നതിനുവേണ്ടിയോ, നിയമത്തിന്റെ ഗൃദ്ധ്റദൃഷ്ടിയിൽനിന്നും സുദീർഘഹസ്തങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടിയോ, ചുരുങ്ങിയ സമയത്തിനുള്ളിൽ വിദൂരസ്ഥലങ്ങളിലേക്കു പോകാൻ ഇന്നു വളരെ എളുപ്പമാണു്. ഉദാഹരണത്തിന്നു, മധുര ജില്ലയിലെ കൊറവക്കവർച്ചക്കാരൻ സാധാരണയായി ബസ്സുകളിൽ സമീപസ്ഥമായ തിരുച്ചിറപ്പള്ളിജില്ലയിലേക്കോ തീവണ്ടിയിൽ മദിരാശിവഴി വടക്കെ ഇന്ത്യയിലെ പാതകങ്ങളുടെ വിളനിലങ്ങളിലേക്കോ കടന്നുകളയുന്നു. പലപ്പോഴും കൊലപാതകി ഈ രാജ്യത്തിലെ നീതിന്യായത്തിൽനിന്നും ഒളിച്ചോടി മറെറാരു രാജ്യത്തു് അഭയം തേടുന്നു; ഒളിച്ചുകടത്തലുകാരൻ ഒരു വൻകരയിൽ നിന്നു്അടുത്തതിലേക്കു പ്രവത്തനം വ്യാപിപ്പിക്കുന്നു.

ഇങ്ങനെ, കവിഞ്ഞ വേഗതയിൽ പ്രവത്തനം നടത്തുന്ന കുററവാളികളെ പോലീസ് പിടിക്കുന്നതെങ്ങനെയാണു്? ഉത്തരം വ്യക്തമാണു്: കുററവാളികൾ ഉപയോഗിച്ചതിനേക്കാൾ വേഗത കൂടിയ ഗതാഗതോപാധികൾ

ഉപയോഗിച്ചിട്ട്. അതിനാൽ പോലീസിൻെറ കാൎയ്യ ക്ഷമത അവക്കു ഗതാഗതത്തിന്നു് എന്തു മാൎഗ്ഗങ്ങളാണു ലഭ്യമായിട്ടുള്ളതു് എന്നതിനേയും അവ എത്ര സമൎത്ഥമായിട്ടാണു് ഉപയോഗിക്കുന്നതു് എന്നതിനേയും ആശ്രയിച്ചിരിക്കുന്നു. ഉദാഹരണത്തിന്നു വളരെ ഗതിവേഗമുള്ള വാഹനങ്ങളുടെ കാൎയ്യമെടുക്കുക. 22-6-59 ന്നു വൈകുന്നേരം ഒരു കച്ചവടക്കാരൻ ഫ്ളവർബസാർ പോസ്റ്റാപ്പീസിൽവെച്ചു് 2000 ക.യും 1000 ക.യും വീതം അടങ്ങിയ രണ്ടു ഇൻഷൂർഡ്കവറുകൾ രജിസ്ട്രേഷന്നു സമൎപ്പിക്കവേ, ഒരപരിചിതൻ അയാളുടെ ശ്രദ്ധ നിലത്തു കിടക്കുന്ന ഒരു തപ്പാൽമുദ്രയിലേക്കു് ആകർഷിച്ചു. കച്ചവടക്കാരൻ മുദ്രയെടുക്കാൻ മുതിൎന്നപ്പോൾ അപരിചിതൻ കൗണ്ടറിന്മേൽനിന്നു രണ്ടു കവറുകളും കരസ്ഥമാക്കുകയും അവയിലൊന്നു് അടുത്തുതന്നെയുണ്ടായിരുന്ന തൻെറ രണ്ടു കൂട്ടുകാൎക്കു കൊടുക്കുകയും അവർ അതുമായി പുറത്തു കാത്തുനിന്നിരുന്ന ഒരു ടാക്സിയിൽ കേറി രക്ഷപ്പെടുകയും ചെയ്തു. ഇതു ശ്രദ്ധിച്ച കച്ചവടക്കാരൻ—സാധാരണ ഇതൊന്നും ശ്രദ്ധിക്കാത്ത പലരും പൂൎണ്ണമായും കബളിപ്പിക്കപ്പെടും—ഉടൻതന്നെ മറേറക്കവർ കൈവശമുള്ള അപരിചിതനെ പിടികൂടുകയും അവനെ ഫ്ളവർ ബസാർ പോലീസ്സ്റ്റേഷനിലെത്തിക്കുകയും ചെയ്തു.

ഫ്ളവർ ബസാർ പോലീസ് സ്റ്റേഷനിലെ ഇൻസ്പെക്ടർ പെട്ടെന്നു് മനസ്സിലാക്കി, കുററവാളികൾ തിരുച്ചിറപ്പള്ളിയിലെ കുപ്രസിദ്ധമോഷ്ടാക്കളായ കെപ്മാരികളായിരിക്കുമെന്നു്. ഇത്തരം തട്ടിപ്പുകൾ അവരുടെ പ്രത്യേകതയാണു്. പിടിക്കപ്പെട്ടവൻ—ബാലൻ എന്നായിരുന്നു അവൻെറ പേരു്—ഈ അഭ്യൂഹം സ്ഥിരീകരിക്കുകയും ചെയ്തു. കുററവാളികൾ തെക്കോട്ടുള്ള അടുത്ത

വണ്ടി കേറുമെന്നു ഇൻസ്പെക്ടർക്കറിയാമായിരുന്നു. എഗ്മൂറിൽനിന്നു വണ്ടി കേറാൻ അവർ മിനക്കെട്ടില്ല. കാരണം അത്തരം അവസരങ്ങളിൽ പതിവുള്ളതുപോലെ അവിടെ പോലീസിനു വിവരം കിട്ടിയിരിക്കുമെന്നും അവർ ജാഗ്രതയായിരിക്കുന്നുണ്ടാവുമെന്നും അവർ പ്രതീക്ഷിച്ചിരിക്കും. കുററവാളികൾ ഉപയോഗിച്ച ടാക്സി നിയമപ്രകാരം നഗരാതിർത്തിക്കുപുറത്തു് ഓട്ടുന്നതാവില്ല. അതിനാൽ രക്ഷപ്പെടാൻ ശ്രമിക്കുന്ന കുററവാളികൾ എലക്ട്രിക്ക്ട്രെയിനിൽ താംബരത്തേക്കു പോകയും അവിടെനിന്നും തെക്കോട്ടുള്ള വണ്ടി കേറുകയും ചെയ്യുമെന്നു് ഊഹിക്കാമായിരുന്നു. അപ്പോൾത്തന്നെ നേരം വൈകിക്കഴിഞ്ഞിരുന്നു; എങ്കിലും ഇൻസ്പെക്ടർ ഭാഗ്യം പരീക്ഷിക്കാൻ നിശ്ചയിച്ചു. ബാലനേയും കൊണ്ടു് അദ്ദേഹം അതിവേഗതയുള്ള ഒരു കാറിൽ താംബരത്തേക്കു കുതിച്ചു. പക്ഷേ, അവർ അവിടെ എത്തിയപ്പോഴേക്കും തെക്കോട്ടുള്ള ആദ്യത്തെ വണ്ടി പൊയ്ക്കഴിഞ്ഞിരുന്നു. ഉടൻതന്നെ വീണ്ടും തെക്കോട്ടു കാറോടിച്ചു് അവർ വണ്ടിയെ കവച്ചുകടക്കുകയും വണ്ടി എത്തുന്നതിനു തൊട്ടുമുമ്പായി ചിങ്കൽപെട്ട റെയിൽവേസ്റ്റേഷനിൽ എത്തിച്ചേരുകയും ചെയ്തു. തിരക്കുപിടിച്ച ഒരു മൂന്നാംക്ലാസ്സുമുറിയിലെ രണ്ടു യാത്രക്കാർ, ബാലൻ ചൂണ്ടിക്കാണിച്ചുകൊടുത്തതനുസരിച്ചു് തങ്ങളുടെ കുപ്പായക്കോളർ ഒരു മഫ്ടി പോലീസുദ്യോഗസ്ഥൻെറ കൈപ്പിടിയിലമർന്നതായിക്കണ്ടു. സെൽവൻ എന്നും വേണു എന്നും പേരായ അവർ—അവർ രണ്ടുപേരും കെപ്മാരികളായിരുന്നു—ഭാഗ്യം തങ്ങളെ തോല്പിച്ചിരിക്കുന്നുവെന്നു മനസ്സിലാക്കി— ബാലനെ നേരത്തേതന്നെ, അതു തോല്പിച്ച

BRANCH ... THENNO... VENG...

തുപോലെ. കാണാതായ 1000 ക.യുടെ ഇൻഷ്വേർഡ് കവർ അങ്ങനെ തിരിച്ചു കിട്ടി.

ഒരു വണ്ടിയെ—അതു വളരെ ദൂരത്തേത്തിക്കഴിഞ്ഞിട്ടില്ലെങ്കിൽ—പിൻതുടരാൻ ഒരു കാർ മതിയാവും. എന്നാൽ വണ്ടി ദൂരത്തെത്തിക്കഴിഞ്ഞുവെങ്കിൽ പോലീസ് സ്വാഭാവികമായും കാറിനേക്കാൾ ഗതിവേഗമുള്ള വല്ല വാഹനവും ഉപയോഗിക്കണം, കുററവാളി മദിരാശിയിൽ നിന്നു ബോംബെമെയിലിന്നു ബോംബെക്കു കടന്നുകളഞ്ഞ ഒരു കേസിൽ റോഡുമാൎഗ്ഗം വണ്ടിയെ കവച്ചു കടക്കാനോ ഇടക്കുള്ള സ്റ്റേഷനുകളിൽവെച്ചു റെയിൽവേ പോലീസ് അയാളെ കണ്ടുപിടിച്ച് അറസ്റ്റുചെയ്യാനോ നിവൃത്തിയില്ലെന്നു കണ്ടപ്പോൾ, കുററവാളിയെ തിരിച്ചറിയുന്ന ആവലാതിക്കാരൻ വിമാനമാൎഗ്ഗം ബോംബെക്കു പോവുകയും വണ്ടി വരുന്നതിനു മുമ്പായി ബോംബെയിലെ വിക്ടോറിയാ ടെർമിനസ്സിൽ എത്തിച്ചേരുകയും വണ്ടിയിൽനിന്നിറങ്ങിയ കുററവാളിയെ പിടികൂടി അറസ്റ്റു ചെയ്യിക്കുകയും ഉണ്ടായി. ഇത്തരം ഗതിവേഗമുള്ള ഗതാഗതോപാധികളെക്കാൾ പ്രധാനമാണ് ടെലഫോൺ, ടെലഗ്രാഫ്, വയർലസ് തുടങ്ങിയ വേഗതകൂടിയ വാൎത്താവിതരണമാൎഗ്ഗങ്ങൾ. പൊതുജനങ്ങൾക്കു പോലീസുമായി ബന്ധം പുലൎത്തുന്നതിനും പോലീസ് ഓഫീസ്സർമാക്കു ഫലപ്രദമായി കുററങ്ങൾ തടയുന്നതിലും കണ്ടുപിടിക്കുന്നതിലും അതിപ്രധാനമായ വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും ഇവ ഉപയോഗപ്പെടുന്നു. ഒരു ലഹള തടയുന്നതിന്നായി ഒരു പോലീസ് സേനക്കു് ഏതു സ്ഥലത്തും കുതിച്ചെത്താനും കുററവാളിയുടെ 'ചൂര്' അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഒരു പാതകസ്ഥലത്തേക്കു ഒരു പോലീസ് നായക്കു് എത്തിച്ചേരാനും

പിടികിട്ടേണ്ട ആളെയോ നഷ്ടപ്പെട്ട സാധനങ്ങളുടെ വിവരങ്ങളോ തേടിപ്പിടിക്കുന്നതിനും അതിവേഗത്തിൽ ജാഗരൂകതയുടെ വിപുലമായ ഒരു വലയം സൃഷ്ടിക്കാനും ഈ വാർത്താവിതരണോപാധികളുടെ സഹായത്താൽ സാധ്യമാകുന്നു.

ഒരു ദിവസം രാവിലെ, ഒരുയർന്ന സൈനികോദ്യോഗസ്ഥനാണെന്നു ഭാവിച്ചു ഗവമെൻറ് ആസ്പത്രിയിൽ സൗജന്യചികിത്സാസൗകര്യം അനുഭവിക്കുകയും തദ്ദേശവാസികളിൽ പലരെയും കബളിപ്പിക്കുകയും ചെയ്ത രാമറാവു എന്ന കുപ്രസിദ്ധനായ ഒരു തട്ടിപ്പുകാരൻ ഒരു വണ്ടിയിൽ മദിരാശിക്കു കടന്നുകളഞ്ഞതായി വെല്ലൂർ പോലീസിന്നു വിവരം കിട്ടി. വിവരം ഉടൻതന്നെ ട്രങ്ക് ടെലഫോൺമാർഗ്ഗം മദിരാശി സിറ്റിപോലീസിന്നു നല്കി. രാമറാവു, പരശുവാക്കത്തെ ഒരു പ്രധാനഹോട്ടലിൽ ചെല്ലാനിടയുണ്ടെന്നും സന്ദേശത്തിൽ അറിയിച്ചിരുന്നു. ഏതാനും മണിക്കൂറുകൾക്കുശേഷം പ്രസ്തുത ഹോട്ടലിലെ സ്വീകരണഓഫീസിൽ ചെന്ന രാമറാവു, എത്രയും മര്യാദപൂർവ്വം പെരുമാറുന്ന ഒരു ഹോട്ടൽ പരിചാരകനെന്നു തോന്നിക്കുന്ന ഒരാളാൽ സ്വീകരിക്കപ്പെട്ടു. എന്നാൽ ആ മനുഷ്യൻ തന്നെ ഹോട്ടലിലെ ഒരു മുറിയിലേക്കു കൊണ്ടുപോകുന്നതിന്നു പകരം അടുത്തു കാത്തുനില്ക്കുന്ന ഒരു പോലീസ്‌വാനിലേക്കാണ് ആനയിച്ചതെന്നു കണ്ടപ്പോൾ രാമറാവുവിന്നു ബോധ്യപ്പെട്ടു, നീതിന്യായം തനിക്കെതിരായി തൻെറ തന്ത്രംതന്നെ പ്രയോഗിച്ചുകൊണ്ടു പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു എന്ന്.

പോലീസിന്നു സ്വന്തം ആവശ്യത്തിന്നായുള്ള വയർലസ് ഏർപ്പാട്, ടെലഫോണിനേയും ടെലഗ്രാഫിനേയുംകാൾ കൂടുതൽ സത്വരമായ നടപടി സാധ്യമാക്കിത്തീ

ക്കുന്നു. മദിരാശിയെപ്പോലുള്ള ഒരു വലിയ നഗരത്തിൽ പൊതുജനങ്ങൾക്കു പോലീസ് കൺട്രോൾറൂമിലേക്കു ഫോൺചെയ്തു് ഞൊടിയിടകൊണ്ടു പോലീസ്സഹായം ലഭിക്കുമാറാക്കാം. അങ്ങനെ വിവരം ലഭിച്ചാലുടൻതന്നെ പോലീസ്സ്റ്റേഷനിൽനിന്നു സംഭവസ്ഥലത്തുതന്നെയോ അതിനടുത്തെവിടെയെങ്കിലുമോ കാവൽജോലിയിലേപ്പെട്ടു, വയർലസ് ഘടിപ്പിച്ച മോട്ടോർവാഹനത്തിലുള്ള പോലീസ് ഓഫീസർക്കു സന്ദേശമയയ്ക്കുന്നു. ഒരു ദിവസം പുലരാൻകാലത്തു് അങ്ങനെ പോലീസ് കൺട്രോൾ റൂമിൽ മദ്യവജ്ജനക്കുറ്റം സംബന്ധിച്ചു രസകരമായ ഒരു വിവരം അറിയിക്കുന്ന ഒരു സന്ദേശം ലഭിച്ചു. ഏതാനും നിമിഷങ്ങൾക്കുശേഷം, ഈ വിവരം പ്രക്ഷേപണം ചെയ്യപ്പെട്ട ഒരു വാഹനത്തിലെ പോലീസ് ഓഫീസ്സർ, വിവരം നല്കിയ ആൾ പറഞ്ഞ സ്ഥലം സന്ദർശിച്ചപ്പോൾ ഒരു കിഴവി നാലു ഗ്യാലൻവീതം കൊള്ളുന്ന 17 മണ്ണെണ്ണ തപ്പുകൾക്കുചുററും കല്ലുകൾ വെച്ചു മൂടുന്നതായി കാണപ്പെട്ടു. എല്ലാ തപ്പുകളിലും നിയമവിരുദ്ധമായി നിമ്മിക്കപ്പെട്ട ചാരായമാണെന്നു പരിശോധനകൊണ്ടു തെളിഞ്ഞു. ചാരായം ഒളിപ്പിക്കുന്നതിനിടയിൽ പിടിക്കപ്പെട്ട കിഴവിയെപ്പോലെ മററാരും അത്ഭുതപ്പെട്ടിരിക്കില്ല. ഇങ്ങനെ കുറ്റം ചെയ്യുന്നതിനിടയിൽ പിടിക്കപ്പെടുന്നതിനുള്ള സാദ്ധ്യതയേക്കാൾ പാതകങ്ങൾ തടയുന്നതിന്നു മറ്റൊന്നും പര്യാപ്തമാകുന്നില്ല.

27-5-59-ന്നു വൈകുന്നേരം അബ്ദുള്ള എന്ന ഉത്സാഹശാലിയായ ഒരു ചെറുപ്പക്കാരൻ മദിരാശിയിൽ ജോർജ്ടൗണിലുള്ള തൻെറ ഒരു ബന്ധുവിൻെറ വീട്ടിൽനിന്നു 20,000 ക.യുമായി കടന്നുകളഞ്ഞു. അയാൾക്കു ബോംബെയ്ക്കു പോകാനുള്ള അഭിനിവേശം സുവിദിതമാ

യിരുന്നതിനാൽ, യുവാവിനെക്കുറിച്ചുള്ള പൂർണ്ണവിവരങ്ങളടങ്ങിയ ആ വയർലസ് സന്ദേശം ബോംബെ പോലീസിന്നയച്ചുകൊടുത്തു. തുടന്ന് ബോംബെപോലീസ് നഗരത്തിലെ എല്ലാ പോലീസ്സ്റ്റേഷനുകളിലേക്കും വിവരം കൊടുത്തു. മദിരാശിക്കാരനായ ഒരു മുസ്ലീം യുവാവ് ഒരു സമീപപ്രദേശത്തു നിർലോഭമായി പണം ചെലവഴിച്ചുവരുന്നതായി 4-6-59-നു നാഗ്പാഡ പോലീസ്സ്റ്റേഷനിൽ അറിവുകിട്ടി. അന്വേഷണത്തിൽ, ഏതാനും ദിവസം മുമ്പു ലഭിച്ച വയർലസ്സന്ദേശത്തിൽ അടങ്ങിയ വിവരങ്ങളുമായി ശരിക്കും പൊരുത്തപ്പെടുന്ന നമ്മുടെ പുള്ളിയല്ലാതെ മററാരുമല്ല അതെന്നു തെളിഞ്ഞു. അയാളുടെ കീശയിൽ 19259 ക. ഉള്ളതായി കണ്ടു. അയാൾ താമസിച്ചിരുന്ന മുറിയിൽ ഒരു പുതിയ ഗ്രാമഫോണും ഏതാനും റെക്കാർഡുകളും ഒരു പുതിയ റിസ്റ്റുവാച്ചും കാണപ്പെട്ടു. അങ്ങനെ 741ക. ക്കു് അയാൾ എന്തു ചെയ്തുവെന്നു കൃത്യമായി അറിയാൻ കഴിഞ്ഞു. ഈ കുററത്തെയും കുററവാളിയേയും കുറിച്ചു ബോംബെപോലീസിന്നു എല്ലാ വിവരങ്ങളും മനസ്സിലാക്കാനും കുററവാളി ബോംബെയിൽ കാലെടുത്തുകുത്തുന്നതിന്നു മുമ്പുതന്നെ അയാളെക്കുറിച്ച് അന്വേഷണം നടത്താനും വയർലസ് സാദ്ധ്യമാക്കിത്തീർത്തു.

ആധുനിക ഗതാഗതമാർഗ്ഗങ്ങൾ മുഖേന ഒരു കുററവാളിക്കു രക്ഷപ്പെടാൻ സാധിക്കുമെന്നു സാധാരണക്കാർ വിചാരിക്കാറുണ്ട്. എന്നാൽ പോലീസിൻെറ അധീനത്തിൽ കൂടുതൽ വേഗതയുള്ള വാർത്താവിതരണോപാധികളുണ്ടെന്നും പാതകങ്ങൾ തടയുന്നതിന്നും തുമ്പുണ്ടാക്കുന്നതിന്നും നാനാപ്രകാരത്തിലും ബുദ്ധിപൂർവ്വം അവ ഉപയോഗപ്പെടുത്താമെന്നും അവർ ധരിക്കേണ്ടിയിരിക്കുന്നു.

എങ്കിലും പോലീസ് നടപടി എത്രതന്നെ വേഗത്തിലായാലും ഒരു പാതകം നടന്നാൽ തങ്ങൾ പോലീസിനെ വിവരം അറിയിക്കുന്നതിൽ അല്പവും വിളംബം വരുത്താതിരുന്നാൽ മാത്രമേ അതു ഫലപ്രദമാവുകയുള്ളു എന്ന ബോധം അവക്കുണ്ടായിരിക്കണം. അമിതവേഗതയുടേതായ ഈ യുഗത്തിൽ, പാതകങ്ങൾ ഫലപ്രദമായി തടയുന്നതിനും തെളിയിക്കുന്നതിനും ഓരോ നിമിഷവും പരമപ്രധാനമത്രെ!

## പാതകത്തിലെ ആവർത്തനക്രമം

പാതകങ്ങളെക്കുറിച്ചു നാം വിശകലനം ചെയ്തുനോക്കുമ്പോൾ, ചിലതരം കുററങ്ങളെസ്സംബന്ധിച്ചിടത്തോളം പലപ്പോഴും രസകരമായ ഒരു ആവർത്തനക്രമം കാണാം. ഈ ആവർത്തനക്രമത്തിൻെറ കാരണങ്ങൾ ചുഴിഞ്ഞന്വേഷിക്കുന്നപക്ഷം ഇത്തരം കുററങ്ങൾ തടയുന്നതിനും കണ്ടുപിടിക്കുന്നതിനും സരളമായ ചില മാർഗ്ഗങ്ങൾ ആവിഷ്കരിക്കാൻ നമുക്കു സാധിക്കുന്നു. കൂട്ടതൽ വിശാലമായ പശ്ചാത്തലത്തിൽ, സാമ്പത്തികമായ ഞെരുക്കത്തിൻെറയും വിലക്കേററത്തിൻെറയും തൊഴിലില്ലായ്മയുടെയും കാലഘട്ടങ്ങൾ പാതകങ്ങളുടെ തോതു വദ്ധിപ്പിക്കുന്നു എന്നു പറയുന്നതു വാസ്തവമാകാം. എന്നാൽ കുറെക്കൂടി സങ്കുചിതവും പ്രായോഗികവുമായ വീക്ഷണത്തിൽ ചില പ്രത്യേകസാഹചര്യങ്ങളുടെ ആവിർഭാവക്കൂട്ടതലിനൊത്തു് അത്തരം സാഹചര്യങ്ങളിൽ സാദ്ധ്യമായ കുറ്റങ്ങളും വർദ്ധിക്കുന്നു എന്നു പറയാം.

വലിയ തോതിലുള്ള ചില സാമ്പത്തികകാരണങ്ങ

ളുടെ ഫലങ്ങൾ ഞാൻ വിശദീകരിക്കാം. ഒരു പ്രദേശത്ത് ചെമ്പിൻെറയും പിച്ചളയുടെയും ലഭ്യതയും വിലയും അവിടെ പിച്ചളപ്പാത്രനിർമ്മാണവ്യവസായം നിലവിലുണ്ടെന്നതും അവിടെയും അയൽപ്രദേശങ്ങളിലും നടക്കുന്ന പിച്ചളപ്പാത്രമോഷണവുമായി എപ്പോഴും ബന്ധപ്പെട്ടിരിക്കും. ഉദാഹരണമായി മദിരാശിനഗരത്തിൽനിന്നും തൊട്ടുകിടക്കുന്ന ചിങ്കൽപ്പേട്ടജില്ലയിലെ പ്രദേശങ്ങളിൽനിന്നും മോഷ്ടിക്കപ്പെടുന്ന പിച്ചളപ്പാത്രങ്ങൾ നഗരത്തിൽ ജോർജ്ജ്ടൗണിലെ ലോഹപ്പണിക്കാരുടെ പക്കലാണെത്തിച്ചേരുന്നത്. യുദ്ധകാലത്ത് ആവടിയിലും പരിസരത്തിലും ഒട്ടേറെ സൈനികസപ്ലൈസ്ഥാപനങ്ങൾ ഏർപ്പെടുത്തപ്പെട്ടപ്പോൾ അവിടത്തെ സാമഗ്രികളുടെ മുന്തിയതരം ലോഹഭാഗങ്ങൾ പാത്രങ്ങളുടെ നിർമ്മാണത്തിന് എത്രയും പററിയതാണെന്നു ആളുകൾ കണ്ടു. പല പാത്രക്കച്ചവടക്കാരും കള്ളന്മാരും അവിടെനിന്നു ലോഹങ്ങൾ മോഷ്ടിക്കലും ഒളിച്ചു കടത്തലും പതിവാക്കി. യുദ്ധം അവസാനിക്കുകയും ഈ സപ്ലൈസ്ഥാപനങ്ങൾ പൂട്ടുകയും ചെയ്തപ്പോൾ ഈ കുററവാളികളുടെ ശ്രദ്ധ റെയിൽവേയിലേക്കും ടെലഗ്രാഫിലേക്കും തിരിഞ്ഞു. റെയിൽവേയിൽനിന്നു മെററൽബെയറിങ്ങുകളും ഫിററിങ്ങുകളും ടെലഗ്രാഫിൽനിന്നു ടെലഫോൺകമ്പികളും അവർ മോഷ്ടിക്കാൻ തുടങ്ങി.

കുററങ്ങൾക്കിടയാക്കുന്ന പ്രധാന സാമ്പത്തികസാഹചര്യങ്ങളിലൊന്നാകുന്നു തൊഴിലില്ലായ്മ. വിദ്യാഭ്യാസയോഗ്യതയുണ്ടായിട്ടും ജോലിയന്വേഷിച്ചിട്ടു കിട്ടാതിരിക്കുന്നവരും ഉള്ള ജോലികളിൽനിന്നു പിരിച്ചുവിടപ്പെട്ടവരും ജീവസന്ധാരണത്തിന്നുവേണ്ടി മാത്രമായി പലപ്പോഴും പാതകങ്ങൾക്കു മുതിരുന്നു. നമ്മുടെ നാട്ടിലെ പാതക

ങ്ങൾക്കു പ്രധാനകാരണം ഇതാകുന്നു—ദാരിദ്ര്യവും തൊഴിലില്ലായ്മയും. മദിരാശിനഗരത്തിൽ ഇപ്പറഞ്ഞതിന്നു രസകരമായ ഒരുദാഹരണമാണ് ഫിലിംഡയറക്ടർമാരുടേയും സിനിമാതാരങ്ങളുടേയും വീട്ടുകളിലും സ്റ്റുഡിയോകളിലും നടക്കുന്ന മോഷണപരമ്പരകൾ. ഫിലിംവ്യവസായത്തിൽ സമീപകാലത്തുണ്ടായ സാമ്പത്തികമാന്ദ്യത്തെത്തുടൎന്നു വലിയ തോതിലുണ്ടായ പിരിച്ചുവിടലിന്റെ ഫലമത്രെ ഇതു്. കുററവാളികൾ അനിവാൎയ്യമായും പിരിച്ചുവിടപ്പെട്ട മുൻജോലിക്കാർതന്നെ.

കൂട്ടതൽ സങ്കുചിതമായ സാഹചൎയ്യങ്ങളിൽ, സന്ദൎഭവും കുററവും തമ്മിൽ, ഓരോന്നിൻെറയും ഏററക്കുറവിന്നൊത്തു നേരിട്ടു ബന്ധം പുലർത്തുന്നതായി നമുക്കു കാണാൻ കഴിയും. ഉദാഹരണത്തിന്നു പോക്കററടിയെടുക്കുക. പോക്കററടിക്കാരൻ എപ്പോഴും പകലാണു പ്രവൎത്തിക്കുന്നതു്. കാരണം, അവന്നതിന്നു സന്ദൎഭം ലഭിക്കുന്നതു പകൽ മാത്രമാണ്. ജനത്തിരക്കുള്ള അങ്ങാടികളിലും ബസ്സുകളിലും വണ്ടികളിലും, എന്നുവേണ്ട എവിടെയൊക്കെ തിരക്ക് അനുഭവപ്പെടുന്നുവോ അവിടെയൊക്കെ, അവൻ പ്രവൎത്തിക്കുന്നു. ഉദാഹരണത്തിന്നു് ഞായറാഴ്ച ദിവസങ്ങളിലെ കുതിരപ്പന്തയങ്ങൾ പോക്കററടിയുടെ കൊയ്ത്തുസമയമാകുന്നു. അങ്ങാടികളിലും ബസ്സുകളിലും സബർബൻവണ്ടികളിലും തിരക്കുള്ള പ്രത്യേകസമയങ്ങളിൽ കൂട്ടതലായി പോക്കറ്റടിയും നടക്കുന്നു. തിക്കും ആളുകൾ തമ്മിലുള്ള അടുത്ത സമ്പൎക്കവും അനിവാൎയ്യമായ ജനക്കൂട്ടത്തിൽ മാത്രമേ പോക്കററടിക്കാരന്നു സുരക്ഷിതത്വം അനുഭവപ്പെടുകയുള്ളു. ജനബാഹുല്യമില്ലാത്ത സ്ഥലങ്ങളിൽ അവന്നു തന്റെ കൃത്യനിൎവ്വഹണത്തിന്നു് ഇത്ര സൗകൎയ്യം ലഭിക്കുന്നില്ല; മാത്രമല്ല, പിടിക്കപ്പെടുന്നതിന്നുള്ള

സാദ്ധ്യത അധികമുണ്ടുതാനും. അതുപോലെതന്നെ, എല്ലാ മാസത്തിന്റെയും ആദ്യത്തെ ആഴ്ച്ച പോക്കററടിക്കാർ ഊൎജ്ജിതമായി പ്രവൎത്തിക്കുന്നതായി കാണാം. അക്കാലത്തു് ആളുകളുടെ കീശയിൽ, കിട്ടിയ ശമ്പളം മുഴുവനുമോ അതിലൊരു നല്ല ഭാഗമോ ചെലവാക്കാതെ ശേഷിച്ചിരിക്കുമെന്നവൎക്കറിയാമെന്നതാണതിന്നു കാരണം. ഈ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ, ഓരോ മാസവും ആദ്യത്തെ ആഴ്ച്ച മദിരാശി സിററിബസ്സുകളിൽ—നഗരത്തിലെ പോക്കററടിക്കാരുടെ പ്രിയപ്പെട്ട പ്രവൎത്തനരംഗം—ഗതാഗതത്തിരക്കുള്ള അവസരങ്ങളിൽ പോലീസ് പാറാവു് ഏൎപ്പെടുത്തിയപ്പോൾ അതിന്നു പൊടുന്നനെ സ്പഷ്ടമായ ഫലം അനുഭവപ്പെട്ടു. പോക്കറ്റടി ഗണ്യമായി കുറഞ്ഞു. അതേസമയം നഗരത്തിന്റെ ഇതരസ്ഥലങ്ങളിൽവെച്ചു്—പോക്കറ്റടിക്കാർ അവിടങ്ങളിലേക്കു പോകാൻ നിർബന്ധിതരായിരുന്നു, അവിടെ അവൎക്കു രക്ഷ കുറവായിരുന്നു താനും—പോക്കറ്റടിക്കാർ തൊണ്ടിസഹിതം അറസ്റ്റു ചെയ്യപ്പെട്ടതിന്റെ സംഖ്യ വളരെ വൎദ്ധിക്കുകയും ചെയ്തു.

ഗ്രാമപ്രദേശങ്ങളിൽ കാലസ്ഥിതിയും സന്ദൎഭങ്ങളുടെ സമ്പ്രദായവും നഗരങ്ങളിലേതിൽനിന്നും വ്യത്യസ്തമാണല്ലോ. അതനുസരിച്ച്ു പാതകങ്ങളുടെ കാലസ്ഥിതിയിലും സമ്പ്രദായത്തിലും വ്യത്യാസം കാണാം. കാൎഷികോല്പന്നങ്ങളുടെയും കാൎഷികോപകരണങ്ങളുടെയും മോഷണങ്ങൾക്കുള്ള സന്ദർഭം കൊയ്ത്തുകാലമാകുന്നു. കവൎച്ചയുടെയും വീടുകളിലെ മോഷണത്തിന്റെയും കന്നുകാലിമോഷണത്തിന്റെയും കാലം കൊയ്ത്തിന്നു മുമ്പുള്ള സമയമാണു്. ഗ്രാമപ്രദേശങ്ങളിലെ കവർച്ചക്കാർ രാത്രിയിലാണു് പ്രവൎത്തിക്കുന്നതു്. കാരണം ഗ്രാമങ്ങളിൽ

പകൽസമയത്ത് ഓരോരുത്തരും മററുള്ളവരെ—വിശേഷിച്ചും അപരിചിതരെ—ശ്രദ്ധിക്കുന്നു. രാത്രികളിൽത്തന്നെ, ഗ്രാമങ്ങളിലെ കവർച്ചക്കാർ ഇരുട്ട് അധികമുള്ള രാത്രികളാണ് തങ്ങളുടെ പ്രവൃത്തിക്കു തെരഞ്ഞെടുക്കുന്നത്. അവിടെ കറുത്തപക്ഷത്തിൽ കൂടുതൽ കവർച്ചകൾ നടക്കാൻ കാരണം ഇതത്രെ.

മതപരമായ ഉത്സവങ്ങളും ചന്തകളുമാണ് ഗ്രാമീണജീവിതത്തിലെ രണ്ടു വിശേഷാവസരങ്ങൾ. ഇവ ചില പ്രത്യേകതരം കുററങ്ങൾക്കു സന്ദർഭമായി ഭവിക്കുകയും ചെയ്യുന്നു. മിക്കവാറും ആഴ്ചയിലൊരിക്കൽ നടക്കുന്ന ചന്ത കന്നുകാലികളുടേയും കാർഷികോല്പന്നങ്ങളുടേയും കാർഷികോപകരണങ്ങളുടേയും മററു ഉല്പന്നങ്ങളുടേയും കച്ചവടം നടക്കുന്ന സ്ഥലമത്രെ. ഒരു കാലിച്ചന്ത—ആടുകളുടേയും മൂരികളുടേയും പശുക്കളുടേയും എരുമകളുടേയും മററും മാത്രം കച്ചവടം നടക്കുന്ന ചന്തകളുണ്ട്—മോഷ്ടിക്കപ്പെട്ട കാലികളുടേയും കമ്പോളമായിത്തീരുന്നു. ആ പ്രദേശത്തെ കന്നുകാലിമോഷണത്തിന്നു് അതു കാരണമായിത്തീരുകയും ചെയ്യുന്നു. ഏതു ചന്തയും സ്വാഭാവികമായി അതതു പ്രദേശത്തെ കച്ചവടക്കാരെ ആകർഷിക്കുന്നു. ചന്തയിലേക്കു സാധനങ്ങളും പണവുമായി പോകുന്നവരും ചന്തയിൽനിന്നു മടങ്ങുന്ന കച്ചവടക്കാരും പലപ്പോഴും വഴിവക്കിലെ പിടിച്ചുപറിക്കാർക്കും ആ പ്രദേശത്തെ കവർച്ചക്കാർക്കും ഇരയാകുന്നു. ഒരു ആഴ്ചച്ചന്ത അങ്ങനെ ഇത്തരത്തിലുള്ള എല്ലാ പാതകങ്ങൾക്കും സന്ദർഭം സൃഷ്ടിക്കുന്നു.

ഇടയ്ക്കൊക്കെ നടക്കുന്ന മതപരമായ ഉത്സവങ്ങൾ ആരാധകരുടെ വലിയ സമൂഹങ്ങളെ ആകർഷിക്കുന്നു. ഈ ഉത്സവങ്ങളേയും പാതകങ്ങൾക്കു അവ നല്കുന്ന സന്ദ

ഭ്ങ്ങളേയും കുറിച്ചു അട്ടുത്ത അറിവുള്ള ചില പ്രത്യേക തരം കുററവാളികളും അക്കൂട്ടത്തിലുണ്ടാവും. മദിരാശിക്കു ചുററുമുള്ള പല ഉത്സവങ്ങളിലും ഭക്തജനങ്ങൾ അടുത്തുള്ള കടലിലും നദികളിലും കുളങ്ങളിലും നടത്തുന്ന സ്നാനം, സ്നാനസ്ഥലങ്ങളിൽനിന്നും ആരാധകരുടെ സാധനങ്ങൾ തട്ടിക്കൊണ്ടുപോകുന്നതിൽ പ്രത്യേക വൈദഗ്ദ്ധ്യമുള്ള, ചിററൂർ ജില്ലയിൽപ്പെട്ട ഗൊല്ലകുപ്പത്തെ ഡോംഗ— ദസരിഗോത്രവർഗ്ഗത്തിൽപ്പെട്ട ഗൃദ്ധ്റദ്ദൃഷ്ടികളും അതിസമർത്ഥരുമായ പുരുഷന്മാരേയും സ്ത്രീകളേയും കുട്ടികളേയും ആകർഷിക്കാറുണ്ട്. മദിരാശിയിലെല്ലാടത്തേയും അയൻ സ്റ്റേററുകളിലേയും ഉത്സവങ്ങൾ, ആളുകളുടെ ശ്രദ്ധ പിഴപ്പിച്ച് അവരുടെ പോക്കററടിക്കുന്നതിലും സ്ത്രീകളുടേയും കുട്ടികളുടേയും ആഭരണങ്ങൾ പതുക്കെ തട്ടിക്കൊണ്ടുപോകുന്നതിലും വിദഗ്ദ്ധരായ തിരുച്ചിറപ്പള്ളി തിരുവേരുമ്പൂരിലെ തോട്ടിയനായ്ക്ക് ഗോത്രവർഗ്ഗക്കാരെ ധാരാളമായി ആകർഷിക്കാറുണ്ട്.

അങ്ങനെ സന്ദർഭം കുററനിവാരണത്തെക്കുറിച്ചുള്ള പോലീസിൻെറ പഠനത്തിൽ വളരെ പ്രധാനപ്പെട്ട ഒരു ഭാഗമാകുന്നു. ചിലപ്പോൾ അനുകൂലസന്ദർഭം ക്രമാനുഗതമല്ലെന്നും ഭാഗ്യവശാലുള്ള സാഹചര്യങ്ങളുടെ സൃഷ്ടിയാണെന്നും വരാം. യാദൃച്ഛികമായുളവാകുന്ന അവസരത്താൽ പ്രലോഭിപ്പിക്കപ്പെടുന്ന വ്യക്തി പലപ്പോഴും ഒരു യാദൃച്ഛികക്കുററവാളിയായിരിക്കും. എന്നാൽ കുററം ചെയ്യൽ ഒരു തൊഴിലാക്കീട്ടുള്ളവനു തൻെറ സന്ദർഭങ്ങൾ എവിടെയാണു കിടക്കുന്നതെന്നും എങ്ങനെ, എപ്പോഴൊക്കെയാണതുളവാകുന്നതെന്നും കൃത്യമായറിയാം. അതിനാൽ കുററങ്ങൾ സംഭവിക്കുന്നതിൽ കാലസവിശേഷത കാണുന്നുവെങ്കിൽ അത്ഭുതപ്പെടാനില്ല. കാരണം,

കുററംചെയ്യൽ തൊഴിലാക്കിയിട്ടുള്ള ഏതെങ്കിലും കുററവാളി അട്ടത്തെങ്ങാനും തക്കംപാത്തിരിക്കുന്നുണ്ടാവും—നിശ്ചിതസന്ദർഭവും കാത്തുകൊണ്ട്.

## പാതകവും അവസരവും

മോഷണങ്ങൾ സാധ്യമാക്കിത്തീക്കുന്ന പല ഘടകങ്ങളിൽ ഏററവും പ്രധാനമായിട്ടുള്ളതു് അവസരമാകുന്നു. കുററംചെയ്യൽ തൊഴിലാക്കീട്ടുള്ളവൻ അവസരത്തെ മണത്തറിയുകയും അതിൽനിന്നു പൂൎണ്ണമായി മെച്ചം നേടുകയും ചെയ്യുന്നു. അവസരമാണു് പുതുക്കക്കാരന്നു് ആദ്യത്തെ പ്രലോഭനമുണ്ടാക്കുന്നതും വിജയം നേടിക്കൊടുക്കുന്നതും കുററംചെയ്യൽ ഒരു തൊഴിലാക്കുന്നതിന്നു് അവന്നു വഴി തെളിയിക്കുന്നതും. അതിനാൽ നാം കുററനിവാരണത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ, പാതകങ്ങൾക്കനുകൂലമായ എന്തു് അവസരങ്ങളാണു് നിലവിലുള്ളതു്, നാം അറിഞ്ഞോ അറിയാതെയോ എന്തു് അവസരമാണു സൃഷ്ടിക്കുന്നതു് എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. അവസരങ്ങൾ ഇല്ലാത്തിടത്തു്, ഒരു സ്ഥിരം കുററവാളി അവ സൃഷ്ടിക്കുന്നു എന്നും നാം ധരിക്കേണ്ടതാകുന്നു.

ഏതാനും മാസങ്ങൾക്കു മുമ്പു് ഒരു സായാഹ്നത്തിൽ എഗ്മൂറിലെ ഒരു പ്രമുഖ പൗരൻ തൻെറ വീട്ടിലെ റേഡിയോ കാണാതായിരിക്കുന്നു എന്ന അസുഖകരമായ കാര്യം കണ്ടുപിടിച്ചു. മനോഹരമായ ഒരു കൊച്ചു ട്രാൻസിസ്റ്റർ റേഡിയോ ആയിരുന്നു അതു്—ഒരു ശീട്ടുപെട്ടിയോളം മാത്രം വലുപ്പം വരുന്നതു്. അവസാനമായി അന്നു കാലത്തു് വീട്ടിലെ ഹാളിന്നു മുമ്പിലുള്ള ഒരു മേശപ്പുറ

ത്താണ് അയാൾ അതു വെച്ചിരുന്നതു്. അതു നഷ്ടപ്പെട്ട തിലുള്ള സങ്കടത്തോടെ അയാൾ വിവരം പോലീസിലറി യിച്ചു. മുൻവശത്തെ പോർട്ടിക്കോവിലാണ് റേഡിയോ വെച്ചിരുന്നതെന്നു് അന്വേഷണോദ്യോഗസ്ഥൻ അറി ഞ്ഞപ്പോൾ, അവിടെവെച്ചു് അതു വല്ലവരും കണ്ടിരിക്കു മെന്നും, അവിടെനിന്നു് അതു് എടുത്തുകൊണ്ടുപോയതാ യിരിക്കണമെന്നും അയാൾക്കു വ്യക്തമായി. വീട്ടിലെ ഭൃത്യന്മാരെ സംശയിക്കാൻ കാരണമുണ്ടായിരുന്നില്ല. എ ന്തുകൊണ്ടെന്നാൽ, അവക്കതിൽ കമ്പമുണ്ടായിരുന്നുവെ ങ്കിൽ വളരെ മുമ്പുതന്നെ, യജമാനൻ അതു വാങ്ങിക്കൊ ണ്ടു വന്ന ഉടനെതന്നെ അതു മോഷ്ടിക്കാമായിരുന്നു. അതി നാൽ അന്നു വൈകുന്നേരം പുറത്തുനിന്നു് അവിടെ വരു കയും റേഡിയോ മോഷ്ടിക്കയും ചെയ്തിരിക്കാവുന്ന ആൾ ആരെന്നതായിരുന്നു ചോദ്യം. അന്നു വൈകുന്നേരം അര മണിക്കൂർനേരം പോർട്ടിക്കോവിൽ കഴിച്ചുകൂട്ടിയിട്ടുള്ളതു് വീട്ടിൽ അന്നു വന്ന ഒരു സന്ദർശകൻെറ കാർ ഡ്രൈവ റായ സുബ്ബരാമനാണ്. അതിനാൽ പിറേറന്നു രാവിലെ തന്നെ സുബ്ബരാമനെ അവൻെറ വീട്ടിൽവെച്ചു പരിശോ ധിച്ചു. സുബ്ബരാമൻ താൻ നിരപരാധിയാണെന്നു ഖണ്ഡി തമായി പറഞ്ഞു. എന്നാൽ അന്വേഷണോദ്യോഗ സ്ഥൻെറ സമർത്ഥമായ ഒരു തന്ത്രം സുബ്ബരാമൻെറ കള്ളി പൊളിച്ചുകളഞ്ഞു. സുബ്ബരാമൻെറ അയൽപക്കക്കാരന്റെ അഞ്ചു വയസ്സുമാത്രം പ്രായമുള്ള മകൾ സൗമ്യവും സരളവു മായ ഒരു ചോദ്യത്തിനുത്തരമായി, തലേന്നു രാത്രി സുബ്ബ രാമൻെറ വീട്ടിലെ ഒരു ചെറിയ റേഡിയോവിൽനിന്നുള്ള മധുരമായ സംഗീതം തങ്ങളെല്ലാം കേൾക്കുകയുണ്ടായെന്ന റിയിച്ചു. സുബ്ബരാമന്നു പിന്നെ കുററം സമ്മതിക്കുകയല്ലാ തെ നിവൃത്തിയുണ്ടായിരുന്നില്ല. അയാൾ താൻ ഒളിപ്പിച്ചു

വെച്ചേടത്തുനിന്നും റേഡിയോ എടുത്തുകൊണ്ടുവന്നു തന്നു. കൊതിയും സന്ദർഭവും ഒത്തുചേരുമ്പോൾ കുററം ചെയ്യുന്നതിന്നു് എത്ര വലിയ പ്രേരണയാകാമെന്നു് ഈ സംഭവം വിശദീകരിക്കുന്നു. കുററം തെളിയിക്കുന്നതിൽ ചെറിയ കുട്ടികൾ എങ്ങനെ സഹായമായിത്തീരുന്നു എന്നും ഇതിൽനിന്നു തെളിയുന്നു.

ഒരു വീട്ടിന്റെ മുൻവശത്തെ തുറന്നുകിടക്കുന്ന വാതിൽ ഒരു സ്ഥിരം കുറ്റവാളി തനിക്കു നിരസിക്കാനാവാത്ത ഒരു ക്ഷണമായും താൻ ഒരിക്കലും പാഴാക്കിക്കൂടാത്ത ഒരവസരമായും കണക്കാക്കുന്നുവെന്നതിന്നു കുംഭകോണത്തെ രാജമണി ഒരൊന്നാന്തരം ഉദാഹരണമായിരിക്കും. പട്ടാപ്പകൽ തുറന്നിട്ട ഉമ്മറവാതിലുകളും താമസക്കാരുടെ പേർ വഹിക്കുന്ന പടിവാതിൽക്കലെ ബോർഡുകളും വീക്ഷിച്ചുകൊണ്ടു് രാജമണി തെരുവുകളിലൂടെ അലഞ്ഞുനടക്കും. എന്നിട്ട തെരുവിന്റെ മറേറ അററത്തുനിന്നു തുടങ്ങി ഉമ്മറവാതിൽ തുറന്നുകിടക്കുന്ന ഓരോ വീട്ടിലും ഒന്നൊന്നായി അവൻ കേറിയിറങ്ങും; പുറത്തെ മുറിയിൽ ആരുമില്ലെങ്കിൽ അവിടെ കാണുന്ന വിലപിടിച്ച സാമാനങ്ങളെല്ലാം താൻ എപ്പോഴും കൂടെ കൊണ്ടുനടക്കുന്ന സഞ്ചിക്കകത്താക്കി, പതുക്കെ അടുത്ത വീട്ടിലേക്കു കടക്കും. അഥവാ വീട്ടിലുള്ള വല്ലവരേയും കണ്ടുമുട്ടുകയാണെങ്കിൽ അവൻ ഉടനെ കണിശമായന്വേഷിക്കും, മി. ശ്രീനിവാസൻ, ആരോഗ്യവകുപ്പിലെ ശ്രീനിവാസൻ അവിടെയാണോ താമസിക്കുന്നതെന്നു്. മി. ശ്രീനിവാസൻ താമസിക്കുന്നതു് റോഡിന്റെ മറേറ അററത്താണെന്നു മറുപടിയും കിട്ടും. അക്കാര്യം താമസക്കാരുടെ പേരെഴുതിയ ബോർഡുകൾ നോക്കിയിട്ടു് അയാൾ നേരത്തേതന്നെ മനസ്സിലാക്കി




പലതരം കുററക്കാരുടെ ഫോട്ടോകൾ പോലീസ്‌കേന്ദ്രത്തിൽ സൂക്ഷിച്ചുവച്ചിരിക്കുന്നു.

GRANDHA SALA
THENNOORKKARAM
VENGANOOR, P. O.



ഈ മുറുക്കാൻപെട്ടിയിന്മേൽ കാണപ്പെട്ട വിരലടയാളമാണ് പീടികക്കവെച്ച് ക്കാരനായ മണിയെ പിടിക്കാൻ സഹായിച്ചതു്. (പേജ് 49—56)



നാടോടികളായി അലഞ്ഞുനടക്കുന്ന ഊരാളിസംഘത്തിൽ ചേന്ന ചിലർ.



മോഷ്ടിക്കപ്പെട്ട ആഭരണം ഒരു ഈരാളിസ്ത്രീ ഒളിപ്പിച്ചുവച്ചിരിക്കുന്നതു് എവിടെയാണെന്നു കാണുക.



മദ്രാസ് സിററി പോലീസിൻെറ 'കൺട്രോൾ'മുറിയിൽ ടെലഫോൺവഴി ലഭിക്കുന്ന ആപൽസന്ദേശങ്ങൾ വയർലസ്വാഹനങ്ങൾക്കു റിലേചെയ്യുന്നു.



എന്താണ്‌ സംഭവിച്ചതെന്നറിയുന്നതിന്നു മുമ്പ്‌ മോഷ്ടാവിനെ കുററം നടന്ന സ്ഥലത്തുവച്ചുതന്നെ വയർലസ്‌ വാൻ പോലീസ്‌പാർട്ടി പിടികൂടുന്നു.



മദ്രാസിലെ ഒരു ചേരിയിൽ ഒരാൾ കുത്തേററു വഴിയിൽ കിടക്കുന്നു.



അടുത്തുള്ള ടെലഫോൺബൂത്തിൽനിന്നു് ഒരാൾ പോലീസിനെ വിവരമറിയിക്കുന്നു.

ട്ടുണ്ടാവും. ഉടൻതന്നെ അയാൾ ക്ഷമായാചനം ചെയ്ത് അടുത്ത വീട്ടിലേക്കു യാത്രയാകും.

1958-ൽ രാജസ്ഥാനിൽനിന്ന് ഇത്രയും ദൂരം താണ്ടി മദിരാശിനഗരത്തിൽ വന്ന കാളി എന്നും സേതു എന്നും പേരായ രണ്ടു സ്ത്രീകൾ രാജമണിയെക്കൂടി അതിശയിക്കുന്ന ഒരു കൃത്യം ചെയ്തു. മൈലാപ്പൂരിലേയും മാമ്പലത്തെയും ഉമ്മറവാതിൽ തുറന്ന വീടുകൾ മാത്രമല്ല പിൻ പുറവാതിൽ തുറന്ന വീടുകളും അവരുടെ ചൂഷണത്തിന്നു വിധേയമായി. ഒരുത്തി ഉമ്മറവാതില്ക്കൽ ചെന്നു കുടിക്കാൻ വെള്ളം ചോദിക്കുമ്പോൾ മറേറവൾ പിൻ പുറവാതില്ക്കലെത്തി ആ അവസരം വിലപിടിച്ച സാമാനങ്ങൾ—പ്രത്യേകിച്ചു മുമ്പിലത്തെ ഹാളിലേയും അടുക്കളയിലേയും വെള്ളിപ്പാത്രങ്ങൾ—തട്ടിക്കൊണ്ടുപോകാനായി ഉപയോഗപ്പെടുത്തും. എന്നാൽ ഒരു ദിവസം രാവിലെ ബാലാജിനഗറിലെ ജാഗരൂകനായ ഒരു വീട്ടുകാരൻ തന്റെ ഗെയ്റ്റു കടന്നു പോകുന്ന അവസരത്തിൽ പിടികൂടിയതോടുകൂടി അവരുടെ ആ തൊഴിൽ അവസാനിച്ചു. അവൾക്കു ദാഹം വെള്ളത്തിന്നു മാത്രമല്ല, വെള്ളിപ്പാത്രങ്ങൾക്കുകൂടിയുണ്ട് എന്ന് അയാൾ കണ്ടുപിടിച്ചു. അവരുടെ പക്കലുണ്ടായിരുന്ന, നിരപരാധിത്വം തോന്നിക്കുന്ന തുണിസ്സഞ്ചിയിൽ അയാളുടെ വീട്ടിലെ വലിയ വെള്ളിത്തളികകളുമുണ്ടായിരുന്നു.

വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളിൽ ഓരോ ആവശ്യം പറഞ്ഞു സന്ദർശിക്കുകവഴി കള്ളന്മാർക്ക് എളുപ്പത്തിൽ മോഷണം നടത്തുന്നതിന്നുള്ള അവസരങ്ങൾ ലഭിക്കുന്നു. രാമുഡു എന്ന പ്രായംചെന്ന ഒരു പ്രമുഖകുററവാളി മനസ്സിലാക്കി, ഒരു ധോബിയുടെ നിലയിൽ ഹോസ്റ്റ

ലിലെ ഏതു മുറിയിലും സംശയത്തിനിടയാക്കാതെ തനിക്കു കടന്നുചെല്ലാമെന്നു്. അവൻ അങ്ങനെ മുറികൾ തോറും കേറിയിറങ്ങും; അവൻെറ തോളിലെ തുണിക്കെട്ടു വീർത്തു വീർത്തുവരും; ഒട്ടവിൽ തനിക്കു് എടുക്കാൻമാത്രം ആയെന്നു കണ്ടാൽ അവൻ സ്ഥലം വിടും. കൂടുതൽ ചെറുപ്പക്കാരനും എന്നാൽ അത്രതന്നെ ചുറുചുറുക്കുള്ളവനും നിരപരാധിയുടെ മുഖഭാവത്തോടുകൂടിയവനുമായ തിരുച്ചിറപ്പള്ളിക്കാരൻ പളനി ഒരു വിദ്യാർത്ഥിയാണെന്ന നാട്യത്തിൽ, തൻെറ സുഹൃത്തുക്കളെ കാണാനെന്ന ഭാവത്തിൽ നഗരത്തിലെ വിവിധ ഹോസ്റ്റലുകളിൽ കേറിയിറങ്ങി. എന്നാൽ മിസ്സിസ് ഹാർപ്പർ എന്ന മര്യാദക്കാരിയായ വയോവൃദ്ധയെ, നഗരത്തിലെ വിമൻസ് ഹോസ്റ്റലിൽ നടന്ന വാച്ചുകളുടേയും ചില്ലറ ആഭരണങ്ങളുടേയും മോഷണപരമ്പരകൾക്കു് ആരുംതന്നെ സംശയിക്കുമായിരുന്നില്ല. ഹോസ്റ്റലിലെ ഹൗസ്കീപ്പർ തന്നെയായിരുന്നു അവർ. മിസ്സിസ് ഹാർപ്പർ അനേകം വാച്ചുകൾ വാച്ച് മേക്കറുടെ അടുക്കൽ വില്ക്കാൻവേണ്ടി കൊണ്ടുചെന്നതിനെത്തുടർന്നാണു് കള്ളി വെളിച്ചത്തായതു്. അതോടെ അവരുടെ കളി അവസാനിക്കയും ചെയ്തു.

പ്രമുഖരായ കുററവാളികളോ പുതുക്കക്കാരോ ചൂഷണം ചെയ്യുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്യേക്കാവുന്ന അത്തരം അവസരങ്ങൾ എവിടെയുമുണ്ടാവും. പരിമിതമായ ആൾബലം മാത്രമുള്ള ഏതു പോലീസ്സേനയ്ക്കും ഈ അവസരങ്ങൾ പാറെറ ഇല്ലാതാക്കുക അസാദ്ധ്യമാവും. സമുദായത്തിലെ ഓരോ അംഗവും താൻ പെരുമാറുന്ന ചെറിയ ചുററുപാടിൽ കുററവാളികൾക്കുള്ള അവസരങ്ങൾ സൃഷ്ടിക്കില്ലെന്നുറപ്പുകയും അനുകൂലാവസര

ങ്ങളിൽ തഴച്ചുവളരുന്ന മോഷ്ടാവിനെതിരായി തികഞ്ഞ ജാഗ്രത പാലിക്കുകയും ചെയ്താൽ മാത്രമേ അത്തരം കുററങ്ങൾ തടയാനാവുകയുള്ളു.

## ശീലത്തിൻെറ ശക്തി

ഓരോ മനുഷ്യനും ശീലത്തിൻെറ സൃഷ്ടിയാകുന്നു; കുററവാളിയും ഈ പൊതുനിയമത്തിന്ന് ഒരപവാദമല്ല. ഒരു ശീലം ഒരാളുടെ മാനസികഘടനയിലോ ശരീരഘടനയിലോ ഉള്ളതോ അവയിൽനിന്നുളവാകുന്നതോ ആകാം. ശീലം കുററവാളിയെ ചില പ്രത്യേകതരം കുററങ്ങൾ മാത്രം ചെയ്യാൻ പ്രേരിപ്പിക്കുന്നു—അതും ചില പ്രത്യേകതരത്തിൽ മാത്രം. പോക്കററടിക്കാർ പോക്കററടി മാത്രം ചെയ്യുന്നതു്, അഭിരുചിയും പരിശീലനവും അതു വിജയകരമായി നിവ്വഹിക്കാനുള്ള ആത്മവിശ്വാസം അവനു നല്ലുന്നതുകൊണ്ടാണ്. അവൻ കവർച്ച നടത്താൻ മടിക്കുന്നതു് അഭിരുചിയില്ലായ്മയും പരിശീലനമില്ലായ്മയും കാരണം അവനുതന്നെ അതിന്നുള്ള തൻെറ കഴിവിൽ സംശയം തോന്നുന്നതുകൊണ്ടാവണം. പിന്നെ, ഓരോ കുററവാളിക്കും വിവിധ തോതുകളിൽ ഭയബോധമുണ്ടായിരിക്കും; ഓരോരുത്തരും തങ്ങൾക്കു താങ്ങാനാവുന്ന അപകടസാദ്ധ്യതകളെ നേരിടാനേ തയ്യാറാവുകയുള്ളു. ഭയരഹിതനായ കുററവാളി കൂട്ടായ്മക്കവർച്ച, പിടിച്ചുപറി തുടങ്ങിയ ഭയങ്കരപാതകങ്ങൾക്കു മുതിർന്നേക്കും. ഭയരഹിതരെന്നവകാശപ്പെടാൻ നിവൃത്തിയില്ലാത്തവർ പകൽക്കവർച്ചകളും രാത്രിക്കവർച്ചകളും ഭവനപരിസരങ്ങളിലും മററും ആളുകൾ ഉള്ളപ്പോഴോ ഇല്ലാത്തപ്പോഴോ ഉള്ള മോഷണ

ങ്ങളും കുട്ടികളുടെ പക്കൽനിന്നുള്ള മോഷണങ്ങളും അങ്ങനെ തങ്ങൾക്കു താങ്ങാനാവുന്ന ആപൽസാദ്ധ്യതകൾക്കനുസരിച്ച കുററങ്ങൾ—നടത്താനാണിഷ്ടപ്പെടുക. യാദൃച്ഛികസന്ദർഭങ്ങൾ ചിലപ്പോൾ കുററവാസനയ്ക്കിടയാക്കുന്നു. മോഷ്ടിക്കപ്പെട്ട സൈക്കിളുകൾ മാത്രം വാങ്ങാൻ ഇഷ്ടപ്പെടുന്ന ഒരാൾ ക്രമത്തിൽ ഒരു സ്ഥിരം സൈക്കിൾ മോഷ്ടാവായി മാറുന്നു.

കുററവാളികളുടെ ശീലത്തിൻേറതായ ഈ വശം, കുററങ്ങൾക്കു തുമ്പുണ്ടാക്കുന്നതിൽ പോലീസിന്നു വളരെ പ്രയോജനകരമായ ഒരു പ്രാരംഭഘടകമായി ഭവിക്കുന്നു. പാതകപ്രശ്നങ്ങളുടെ പരിഹാരം രണ്ടു മാർഗ്ഗങ്ങളിലൂടെ ആവിർഭവിക്കുന്നു. ഒന്നാമതായി, ഒരു കുററവാളിയുടെ ശീലം പരിശോധിച്ചാൽ അവൻ എന്തുതരം കുറ്റങ്ങൾക്ക് ഉത്തരവാദിയാകാമെന്നു കണ്ടുപിടിക്കാം. അതുപോലെ തന്നെ, ഒരു പാതകത്തെക്കുറിച്ചു വിവരം കിട്ടിയാൽ, ആ പാതകത്തിൻേറ സവിശേഷതകൾ നോക്കി, അത്തരം കുററങ്ങൾ ചെയ്യുന്നതിൽ കേൾവിപ്പെട്ട കുററവാളികളുടെ പട്ടിക പരിശോധിക്കുന്നപക്ഷം പ്രസ്തുത പാതകത്തിന്നുത്തരവാദി ആരായിരിക്കാം എന്നു കണ്ടുപിടിക്കാൻ കഴിഞ്ഞേക്കും.

തെയ്നാംപെട്ടിലെ വരദൻേറ കാര്യമെടുക്കാം. 7–5–59–ന്നു വരദൻ രങ്കനാഥൻ ചെട്ടി സ്റ്റീററിൽനിന്നു തൻ്റെ തലയിൽ രണ്ടു ചൂരൽക്കസേരകളുമായി വരുന്നതു നുങ്കമ്പാക്കം പോലീസ് സ്റ്റേഷനിലെ ഡിറ്റക്ടീവ് സബ്ബ് ഇൻസ്പെക്ടർ കണ്ടു. അരമണിക്കൂർ മുമ്പ് ശിവഗംഗറോഡിലെ ഒരു വീട്ടിൻേറ വരാന്തയിൽനിന്നു മോഷ്ടിച്ചതാണ് കസേരയെന്നു വരദൻ വൈമനസ്യത്തോടുകൂടിയാണെ

ങ്കിലും സമ്മതിച്ചു. റിക്കാർഡുകൾ നോക്കിയതിൽ, ഫർണീച്ചർ സാമാനങ്ങൾ മോഷ്ടിച്ചതിന്നു് മുമ്പു ശിക്ഷിക്കപ്പെട്ടവനാണു് വരദൻ എന്നു മനസ്സിലായി. പുറമെ, കഴിഞ്ഞ മൂന്നുമാസത്തിനിടക്കു മാമ്പലത്തും മൈലാപ്പൂരിലും തെയ്നാംപെട്ടിലും നുങ്കമ്പാക്കത്തും ഒട്ടേറെ ചൂരൽക്കസേരമോഷണങ്ങൾ നടന്നിട്ടുണ്ടായിരുന്നു. വരദനെ കൂട്ടതൽ ചോദ്യം ചെയ്തതിൽ, ഈ പ്രദേശങ്ങളിലെ 25 ബംഗളാവുകളിൽനിന്നു 40 ചൂരൽക്കസേരകൾ താൻ മോഷ്ടിക്കുകയുണ്ടായിട്ടുണ്ടെന്നു് അവൻ സമ്മതിച്ചു!

ശിവഗംഗക്കാരനായ മണിയുടെ കേസ് അതിലും അത്ഭുതകരമായിരിക്കുന്നു. 28–6–59–ന്നു രാവിലെ മണി തെയ്നാംപെട്ടിലെ ഒരു വീടിന്റെ ഒന്നാംനിലയിൽ നിന്നു് ഒരു ക്ലോക്കു് അടങ്ങിയ ഒരു തോൽപ്പെട്ടിയുമായി കോണിയിറങ്ങി വരുന്നതു വീട്ടിലെ ഒരാൾ കാണുകയും അവൻ ആരാണെന്നു് അയാൾ അന്വേഷിക്കുകയും ചെയ്തു. മണി ഉത്തരമൊന്നും പറയാതെ വാതിൽ കടന്നു രക്ഷപ്പെട്ടു. എന്നാൽ വീട്ടുകാരും അവിടത്തെ ഭൃത്യന്മാരും അവനെ പിൻതുടരുകയും പിടികൂടി പോലീസിലേല്പിക്കുകയും ചെയ്തു. മൈലാപ്പൂർ പോലീസ് സ്റ്റേഷനിൽ ഒരു മണിക്കൂറിന്നുശേഷം, സമീപകാലത്തു് അനേകം ക്ലോക്കുമോഷണങ്ങൾ നടന്ന കാര്യം മനസ്സിലുണ്ടായിരുന്ന ഡിറ്റക്റ്റീവ് ഇൻസ്പെക്ടർ മണിയോടു് ഒരു ചെറിയ ചോദ്യം ചോദിച്ചു: “ഇതുപോലെ വേറെ എവിടെനിന്നെല്ലാം നീ ക്ലോക്കുകൾ മോഷ്ടിച്ചിട്ടുണ്ടു്?” അതിന്നു വിക്കിക്കൊണ്ടു വളരെ നീണ്ട മറുപടിയാണവൻ പറഞ്ഞതു്. നഗരത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നുമായി ഒരുകൊല്ലത്തിലധികം കാലത്തിനിടക്കു് 120 ക്ലോക്കുകളും വാച്ചുകളും ടൈംപീസുകളും താൻ മോഷ്ടിക്കുകയുണ്ടായിട്ടുണ്ടെന്നു് അവൻ

സമ്മതിച്ചു. മണിയുടെ തൊഴിലിനെ ത്രപപ്പെട്ടത്തിയ രണ്ടു കാരണങ്ങളാൽ ഈ കേസ് രസാവഹമാകുന്നു. ഒന്നാമത്തേതു്, ഈ തരം കുററങ്ങളിൽ കൈവന്ന അഭംഗമായ വിജയം അവന്നു നല്കിയ പ്രോത്സാഹനവും രണ്ടാമത്തേതു്, മോഷ്ടിക്കപ്പെട്ട വാച്ചുകൾ വില്ക്കാൻ അവന്നു സുരക്ഷിതമായ ഒരു സ്ഥലമുണ്ടെന്ന—എൽഡാംസ് റോഡിലെ ഒരു വാച്ചുറിപ്പയറർ ഈ വഴിക്കു ചുരുങ്ങിയ കാലംകൊണ്ടു വലിയൊരു വ്യവസായം വളർത്തിക്കൊണ്ടു വന്നിരുന്നു—സൗകര്യവുമായിരുന്നു. മോഷ്ടിക്കപ്പെട്ട വാച്ചുകളും ക്ലോക്കുകളും ടൈംപീസുകളുമെല്ലാം പിടിച്ചെടുക്കുകയും തിരിച്ചറിയേണ്ട ആവശ്യത്തിന്നായി അവ പോലീസ്സ്റ്റേഷനിൽ നിരത്തിവെയ്ക്കുകയും ചെയ്തപ്പോൾ മൈലാപ്പൂർ പോലീസ്സ്റ്റേഷൻ ഒരു വാച്ച് ഷോപ്പിനെപ്പോലെയുണ്ടായിരുന്നു!

7-12-58-ന്നു നുങ്കമ്പാക്കത്തെ ഒരു വീട്ടുകാരൻ രാത്രി മടങ്ങിച്ചെന്നപ്പോൾ, തൻെറ പഴയ രത്നങ്ങളും മററു വിലപിടിച്ച സാമാനങ്ങളും മാത്രമല്ല പാചകനും നഷ്ടപ്പെട്ടതായി കണ്ടു. പലപ്പോഴും സംഭവിക്കാറുള്ളതുപോലെ, ആളുടെ പൂർവ്വകാലചരിത്രത്തെക്കുറിച്ചു് അന്വേഷിക്കാതെയാണ് അയാൾ പാചകനെ ജോലിക്കു നിശ്ചയിച്ചിരുന്നതു്. എന്നാൽ വീട്ടുകാരൻ ആളെപ്പററി നല്കിയ ചുരുങ്ങിയ വിവരണം കേട്ടപ്പോൾ—കൈത്തണ്ടയിൽ കുരിശടയാളം പച്ച കുത്തപ്പെട്ട, മുപ്പതു കഴിഞ്ഞ ഒരു മലയാളിക്രിസ്ത്യാനിയാണെന്നാണയാൾ പറഞ്ഞതു്—നുങ്കമ്പാക്കം സ്റ്റേഷനിലെ ഡിററക്ടീവ് ഇൻസ്പെക്ടർ കോഴിക്കോട്ടുകാരൻ ശങ്കരൻ തന്റെ പഴയ വേല പിന്നേയും തുടങ്ങിയതായിരിക്കുമോ എന്നു അത്ഭുതപ്പെട്ടു. ഭൃത്യൻ വീട്ടിലെ തൻെറ മുറിയിൽ വിട്ടുംവെച്ചു പോയ സ്വന്തം

സാധനങ്ങളിൽ, അവൻേറതെന്നു ന്യായമായും കരുതാവു ന്ന വിരലടയാളത്തോടുകൂടിയ ഒരു കണ്ണാടി ഇൻസ്പെക്ടർ കണ്ടെടുത്തു. വിരലടയാളം ആരുടേതെന്നു കണ്ടുപിടിക്കാ നാവുമോ എന്നു നോക്കുന്നതിനായി സിററിപോലീസി ൻെറ വിരലടയാളവിഭാഗത്തിലേക്കയച്ചുകൊടുത്തു. അ തോടൊപ്പംതന്നെ, പോലീസ് സ്റ്റേഷനിലെ ഫോട്ടോശേ ഖരത്തിൽനിന്നു ഭൃത്യരായ കുറ്റവാളികളുടെ ഫോട്ടോകൾ ആവലാതിക്കാരനു കാണിച്ചുകൊടുക്കുകയും ചെയ്തു. ഈ രണ്ടു നടപടികളും ഒരേ കാര്യം തെളിയിച്ചു: കുററവാളി ശങ്കരനല്ലാതെ മററാരുമല്ല; പതിനാറാമത്തെ തവണയാ ണ് അവൻ ഇത്തരത്തിലുള്ള കുററം ചെയ്യുന്നതു്. ഭൃത്യ ന്മാരെ, അവരുടെ പൂർവ്വകാലചരിത്രം തൃപ്തികരമാണെന്നു ബോദ്ധ്യപ്പെടാതെ ജോലിക്കു വെയ്ക്കുന്നതിന്റെ ആപത്തു് ഊന്നിപ്പറയാൻവേണ്ടി ഒരു സംഗതികൂടി ഇവിടെ പ്ര സ്താവിച്ചുകൊള്ളട്ടെ: ഈ ശങ്കരൻ മുമ്പൊരവസരത്തിൽ ഭക്ഷണത്തിൽ ഒരുതരം വിഷക്കായ് (Dhatura) കലത്തി ഒരു കുടുംബത്തെ മുഴുവൻ വിഷം തീണ്ടിക്കുകയും അങ്ങ നെ അവർ ബോധമററു കിടക്കുന്ന തക്കം നോക്കി അവ രുടെ വിലപിടിച്ച സാധനങ്ങളെല്ലാം എടുത്തു കടന്നുക ളയുകയും ചെയ്തു. മാസങ്ങൾ നീണ്ടുനിന്ന ക്ഷമാപൂർവ്വമാ യ അന്വേഷണത്തിന്നുശേഷം ശങ്കരനെ അറസ്റ്റു ചെയ്യു കയും ശിക്ഷിക്കുകയും ചെയ്തു.

ഇങ്ങനെ കുററവാളികൾ പല വിധത്തിലും ശീല ത്തിന്നടിമപ്പെടുന്നു. തങ്ങൾ ശീലിക്കാത്ത കുററങ്ങൾ ചിലർ ചെയ്യില്ല, ചിലർക്കതു സാധിക്കില്ല, ചിലർക്കതി ന്നു ധൈര്യമുണ്ടാവില്ല. ഒരു കുററവാളി തുടർച്ചയായി പൂട്ടിയിട്ട വീടുകളുടെ പൂട്ടുകൾ പൊളിക്കുകയും അവ മോഷ്ടിക്കുകയും ചെയ്തു. എന്നാൽ മറ്റെന്തെങ്കിലും മോഷ്ടി

ക്കുന്നതിന്നായി അവൻ ആ വീട്ടുകളിൽ ഒന്നിൻെറ യും അകത്തു പ്രവേശിക്കുകയുണ്ടായില്ല! മറെറാരു സമത്ഥനായ ചെറുപ്പക്കാരൻ അഡയാറിലെ ചില ബംഗ്ലാവുകളുടെ ചുററുമുള്ള കമ്പിവേലികളുടെ കമ്പികൊണ്ടു മാത്രം തൃപ്തിപ്പെട്ടു, ഒരിക്കലെങ്കിലും ഒരു ബംഗ്ലാവിൻെറയും അകത്തവൻ കടക്കുകയുണ്ടായില്ല. ക്രിസ്തീയ ശ്മശാനങ്ങളിലെ സ്തംഭങ്ങളിലെ മാർബിൾ പലകകൾ, പൊതു അഴുക്കുചാലുകളുടെ ദ്വാരങ്ങളുടെ മൂടുപലകകൾ, തെരുവു പൈപ്പുകളുടെ പിച്ചളടാപ്പുകൾ, ബംഗ്ലാവുകളുടെ ഗെയിററുകളിലുള്ള താമസക്കാരുടെ പേരെഴുതിയ ബോർഡുകൾ തുടങ്ങിയ സാധനങ്ങൾ മാത്രം മോഷ്ടിക്കുക പതിവാക്കിയിട്ടുള്ള ചില കുററവാളികൾ പോലീസിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. കുററം കണ്ടുപിടിക്കപ്പെട്ടുകയും ശിക്ഷിക്കപ്പെട്ടുകയും ചെയ്താലും അവരുടെ ശീലം നിലനില്ക്കുന്നു എന്നതു് അത്ഭുതകരമെന്നേ പറയാവൂ. ശീലം, വാസ്തവത്തിൽ, വിചിത്രമായ ഒരു പ്രേരണാശക്തിതന്നെ!

## അന്തശ്ചോദനമനുസരിച്ചു പ്രവത്തിക്കൽ

തൻെറ ഔദ്യോഗികജീവിതത്തിൽ പലപ്പോഴും കേവലം അന്തശ്ചോദനമനുസരിച്ചു പ്രവത്തിച്ചിട്ടു് ഒരു പ്രശ്നത്തിന്നു പരിഹാരം കാണുകയോ ഒരു വിഷമാവസ്ഥ തരണം ചെയ്യുകയോ ചെയ്തതായി ഏതു പോലീസുദ്യോഗസ്ഥനും സമ്മതിക്കും. അന്തശ്ചോദനം ചിലപ്പോൾ വിജ്ഞാനപ്രദമായിരിക്കും; മററു ചിലപ്പോൾ യുക്തിവിചാരത്തിൻെറയും അനുമാനത്തിൻെറയും ഒരു സംയുക്താവസ്ഥയിൽ നിന്നായിരിക്കും അതു വരുന്നതു്. അന്തക്കരണം

നല്ലന്ന സൂചന പിഴവില്ലാത്തതാണെങ്കിൽ പ്രശ്നത്തിന്നു് അത്ഭുതാവഹമാംവണ്ണം വേഗത്തിൽ പരിഹാരം ലഭി ക്കുന്നു.

ഒരു കുററാന്വേഷണോദ്യോഗസ്ഥന്റെ പ്രധാന യോഗ്യതകളിലൊന്നു്, എല്ലാദിവസവും എന്തെല്ലാം പാതകങ്ങൾ സംഭവിക്കുന്നു, ഏതെല്ലാം കുറ്റവാളികൾ ശ്രദ്ധയിൽ പെടുന്നു എന്നതിനെപ്പററി വിശദമായ അറിവുണ്ടായിരിക്കുക എന്നതാണു്. ദിവസേന ഇത്തരം കാര്യങ്ങൾ പഠിക്കുകയും അപഗ്രഥനം ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഓഫീസ്സർക്കു് അവയെപ്പററി നല്ലതോതിൽ ഓർമ്മയുണ്ടാവുന്നു. 1959 മേയ് മാസത്തിലൊരുദിവസം നഗരത്തിലെ പാതകങ്ങളുടെ പ്രതിദിനറിപ്പോർട്ടുകൾ വായിച്ചുകൊണ്ടിരിക്കവേ, മാമ്പലത്തുനിന്നു റിപ്പോർട്ടു ചെയ്യപ്പെട്ട ഒരു കേസ്സിനെ സംബന്ധിച്ച വസ്തുതകൾ എനിക്കോർമ്മവന്നു. ഈ കേസ്സിൽ, തിരുത്തനിക്കാരനായ ഭദ്രൻ എന്നൊരു ഭൃത്യൻ അവൻ ജോലിക്കുനിന്നിരുന്ന വീട്ടിൽനിന്നു്, വീട്ടിലുള്ളവർ പുറത്തുപോയിരിക്കയായിരുന്നപ്പോൾ അഞ്ചു വിലപിടിച്ച വാച്ചുകളുമായി ഒളിച്ചോടിപ്പോയിരുന്നു. നാലുമാസത്തിനുശേഷം, സംശയത്തെ മുൻനിർത്തി ഒരാൾ അറസ്ററുചെയ്യപ്പെട്ടതായി മറെറാരു റിപ്പോർട്ടു ഞാൻ വായിച്ചു. അറസ്ററുചെയ്യപ്പെട്ടവൻ തൻെറ പേരായി പറഞ്ഞുകൊടുത്തതു് രാമണ്ണ എന്ന ഭദ്രൻ എന്ന രാമഭദ്രൻ എന്നായിരുന്നു. സ്വദേശമായി, കടപ്പ, തിരുത്തനി, കാലഹസ്തി എന്നിവയുൾപ്പെടെ പല സ്ഥലങ്ങളും അയാൾ പറഞ്ഞിരുന്നു. ഉടൻതന്നെ ഭദ്രൻ എന്നും തിരുത്തനി എന്നുമുള്ള പേരുകൾ എനിക്കോർമ്മ വന്നു; അതേ ആൾതന്നെയാണു് ഇപ്പോൾ അറസ്ററുചെയ്യപ്പെട്ടിരിക്കുന്നതു് എന്നു തോന്നലും

എനിക്കുണ്ടായി. അതിനാൽ ഞാനവന്നു ആളെ അയച്ചു; അവൻ എൻെറ മുറിയിൽ വന്നുകേറിയ ഉടനെ ഞാനവനോടു ചോദിച്ചു, മാമ്പലത്തെ ആ വീട്ടിൽനിന്നു അഞ്ചു വാച്ചുകൾ കട്ടതെന്തിനാണെന്നു്. ഏതാനും നിമിഷനേരം പകച്ചുനിന്നശേഷം അവൻ കുററം സമ്മതിച്ചു. അന്നു വൈകുന്നേരംതന്നെ, അവൻ വിററിരുന്നവരിൽനിന്നു വാച്ചുകൾ തിരികെ പിടിച്ചെടുത്തു.

തൻെറ അധികാരപരിധിക്കുള്ളിൽ മാത്രമല്ല, അയൽപക്കത്തും എന്തൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നു് ഒരു കുററാന്വേഷണോദ്യോഗസ്ഥൻ അറിയേണ്ടതുണ്ടു്. അധികാരാതിർത്തിവ്യത്യാസം കുററവാളിയെ സംബന്ധിച്ചിടത്തോളം അത്ര പ്രധാനമല്ലല്ലോ. അവസരം കിട്ടുന്നേടത്തു ചെന്നു അവൻ പാതകം നടത്തുന്നു. ഇക്കാരണത്താൽ അയൽപക്കക്കാരായ പോലീസ് ഓഫീസ്സർമാർ ദിവസേനയോ ആഴ്ചതോറുമോ കുററാന്വേഷണറിപ്പോർട്ടുകൾ കൈമാറുന്നു—ഏതെല്ലാം കേസുകളിലാണു് സംയുക്തശ്രദ്ധ ആവശ്യമായിട്ടുള്ളതെന്നു നോക്കാൻവേണ്ടി. 1958 ഡിസംബറിൽ ഒരുദിവസം ഞാൻ മദിരാശിസിററിയുടെ അതിർത്തിയിലുള്ള ചിങ്കൽപ്പെട്ട ജില്ലയിൽനിന്നുള്ള പ്രതിദിനകുററാന്വേഷണറിപ്പോർട്ടുകൾ നോക്കുകയായിരുന്നു. ഉട്ടക്കോട്ടയിൽവെച്ചു ഒരു ബാലൻ നായരെ, അതേ ഗ്രാമത്തിൽവെച്ചു ഒരാഴ്ചമുമ്പു് മോഷ്ടിച്ച വെള്ളിപ്പാത്രങ്ങളോടുകൂടി അറസ്ററുചെയ്തിരിക്കുന്നു എന്ന രസകരമായ വിവരം അതിലടങ്ങിയിരുന്നു. പെട്ടെന്നു് എനിക്കൊരു തോന്നലുണ്ടായി, അവൻ മദിരാശിനഗരത്തിലും ചില പാതകങ്ങൾ നടത്തിയിരിക്കണമെന്നു്. വിദൂരസ്ഥമായ മലബാറിൽനിന്നു സത്യസന്ധമായിട്ടോ അല്ലാതെയോ ഉപജീവനമാർഗ്ഗം തേടിവന്ന ഒരാൾ

ഉൾപ്രദേശങ്ങളിലേക്കു നീങ്ങുന്നതിനു മുമ്പ് നഗരത്തിൽത്തന്നെ തന്റെ ഭാഗ്യം പരീക്ഷിച്ചിരിക്കണമെന്ന യുക്തിവിചാരത്തിൽനിന്നാണ് ഈ തോന്നൽ വന്നതു്. ഉട്ടക്കോട്ടയിൽനിന്ന് അവന്റെ വിരലടയാളം വരുത്തി പരിശോധിച്ചതിൽ 1958 മേയിൽ കിൽപോക്കിലെ ഒരു സ്കൂളിൽ നടന്ന ഒരു മോഷണസ്ഥലത്തുനിന്നു കിട്ടിയ വിരലടയാളവുമായി അതിന്നു ചേർച്ചയുള്ളതായി കണ്ടു. പോലീസ് ചോദ്യംചെയ്തപ്പോൾ ഈ മോഷണത്തെ സംബന്ധിച്ച ആദ്യം അവൻ കുററം നിഷേധിച്ചുവെങ്കിലും ഒടുവിൽ അവനതു സമ്മതിക്കേണ്ടിവന്നു. മോഷ്ടിക്കപ്പെട്ട സാധനങ്ങൾ, നഗരത്തിൽ അവൻ വെച്ചു പുലർത്തിപ്പോന്നിരുന്ന ഒരു വെപ്പാട്ടിയുടെ വീട്ടിൽനിന്നു കണ്ടെടുക്കുകയും ചെയ്തു.

1960 നവമ്പറിൽ ഒരു വൈകുന്നേരം ഞാൻ കാറിൽ മൗണ്ട് റോഡിലൂടെ വടക്കോട്ടു പോവുകയായിരുന്നു. തൗസൻറ്ലൈറ്റ്സിന്നു സമീപമെത്തിയപ്പോൾ അവിടത്തെ ബസ്സ്റ്റോപ്പിൽ എന്തോ ബഹളം കാണായി. ബസ്സ്റ്റോപ്പിൽ നില്ക്കുന്ന ഒരു ബസ്സിലെ യാത്രക്കാർ അടുത്തുതന്നെ ഗ്രെയ്ംസ്റോഡിന്നു സമാന്തരമായുള്ള ഒരു ലെയിനിലേക്കു ചൂണ്ടിക്കാണിക്കുന്നതു കണ്ടു. ഞാൻ ലെയിനിലൂടെ കടന്നുപോയപ്പോൾ ഇളംചുകപ്പുനിറത്തിലുള്ള ഷർട്ട് ധരിച്ച ഒരാൾ ഓടുന്നതു ഞാൻ കണ്ടു. ഒരു പോക്കററടിക്കാരൻ രക്ഷപ്പെടുകയാണെന്ന് പെട്ടെന്ന് എനിക്ക് ഊഹിക്കാൻ കഴിഞ്ഞു. കാർ നിർത്തുകയോ അല്ലെങ്കിൽ ലെയിനിലൂടെ അതോടിച്ചുകൊണ്ടുപോകയോ രണ്ടും പ്രായോഗികമായിരുന്നില്ല. പോക്കററടിക്കാരന്റെ പിന്നാലെ ഓടാമെന്നുവെച്ചാൽ, അവൻ വളരെ ദൂരെ എത്തിക്കഴിഞ്ഞിരുന്നതിനാൽ, അതു വിഫല

മാവുകയേ ഉള്ളു. അവൻ എളുപ്പത്തിൽ ജനത്തിരക്കേറി യ സ്ഥലത്തു ചെന്നു് അപ്രത്യക്ഷനാവും. മേൽപ്പറഞ്ഞ ലെയിൻ മൗണ്ട്റോഡ് കവലയിൽനിന്നു് നൂറുവാര അകലെവെച്ചു് ഗ്രെയ്ംസ് റോഡിൽ ചെന്നു ചേരുന്നു ണ്ടു്. അതിനാൽ പൊട്ടുന്നനെയുണ്ടായ ഒരു തീരുമാനത്തെ ത്തുടൎന്നു് ഞാൻ ഗ്രെയ്ംസ്റോഡിലൂടെ വിട്ടു. ലെയിൻ ഗ്രെയ്ംസ് റോഡിൽ ചേരുന്ന കവലയിൽ കാർ നിൎത്തി യപ്പോഴുണ്ടു്, ഇളംചുകപ്പുകുപ്പായക്കാരൻ സാവകാശ ത്തിൽ—അപ്പോഴേക്കും തന്നെ ആരും പിന്തുടരുന്നില്ലെ ന്നവന്നു ബോദ്ധ്യമായിരുന്നു—ആ്റോഡിന്നഭിമുഖമായി സാവകാശത്തിൽ നടന്നുവരുന്നു. ഞാൻ കാറിൽനിന്നി റങ്ങി ലെയിനിലേക്കു നടന്നു. സാധാരണവേഷത്തിലാ യിരുന്നതിനാൽ എന്നെ അവൻ സംശയിക്കാനിടയില്ല. പുള്ളി എന്നെ കടന്നു പോകുന്നതിനിടയിൽ ഞാൻ അവൻെറ ഷർട്ടിൻെറ കോളറിൽ കടന്നു പിടിച്ചു. അവൻ അമ്പരന്നുപോയെന്നു പറയേണ്ടതില്ലല്ലോ. അവ നെ കാറിൽ കേററി ഞാൻ തൗസന്റ്ലൈററ്സ് ബസ് സ്റ്റോപ്പിലേക്കു് പോക്കററടിക്കപ്പെട്ട ആളേയും അന്വേ ഷിച്ചു പുറപ്പെട്ടു. അവിടെ ബസ്സു കാത്തു നില്ക്കുന്ന യാത്ര ക്കാർ പറഞ്ഞു, ആ മനുഷ്യൻ 51-ാം നമ്പർ ബസ്സിൽ സ്ഥലംവിട്ടുകഴിഞ്ഞുവെന്നും അയാളുടെ ജാഗ്രതകാര ണം പോക്കററടിശ്രമം വിഫലമാവുകയാണുണ്ടായതെ ന്നും. ഞാൻ 51-ാം നമ്പർ ബസ്സിനെ പിൻതുടർന്നു. ഒരു നാഴിക പോയശേഷം തെയ്നാംപെട്ടയ്ക്കടുത്തുവെച്ചു ബസ്സു കാണുകയും അതിൽനിന്നു് ഉദ്ദിഷ്ടവ്യക്തിയെ കണ്ടു പിടിക്കുകയും ചെയ്തു. എന്റെ കാറിലുണ്ടായിരുന്ന പോക്ക ററടിക്കാരനെ അയാൾ വേഗം തിരിച്ചറിഞ്ഞു. അവനെ

എങ്ങനെ പിടികൂടാൻ സാധിച്ചു എന്നതായിരുന്നു അയാളുടെ അത്ഭുതം.

1959 ഏപ്രിലിന്നും ജൂണിന്നും മദ്ധ്യേ മദിരാശി നഗരത്തിലെ മൈലാപ്പൂർ പ്രദേശത്തു പകൽക്കവർച്ചകളുടെ ഒരു പരമ്പരതന്നെ ഉണ്ടായി. ഒരു പ്രത്യേകസമ്പ്രദായത്തിൽ അതു് ഇടയ്ക്കിടെ സംഭവിച്ചുകൊണ്ടിരുന്നു. ചിലപ്പോൾ മൂന്നു ദിവസം തുടർച്ചയായി കവർച്ചകൾ നടക്കും. പിന്നെ പതിനഞ്ചോ ഇരുപതോ ദിവസത്തേക്കു് ഒന്നുമുണ്ടാവില്ല. ഈ മട്ടിൽ സംഭവം ആവർത്തിച്ചുകൊണ്ടിരുന്നു. അടച്ചിട്ട വീടുകളായിരുന്നു സ്വാഭാവികമായും കവർച്ചക്കാരുടെ ലക്ഷ്യം. മുൻഭാഗത്തെ വാതിലിൻെറ പൂട്ടു് ഒരു ഇരുമ്പുദണ്ഡുപയോഗിച്ചു പൊളിക്കുകയാണു ചെയ്തിരുന്നതു്. വിചിത്രമെന്നേ പറയാവൂ, മിക്കപ്പോഴും കവർച്ചക്കാർ വീട്ടിന്നകത്തു കടന്നാൽ ആദ്യമായി തുറക്കുന്നതു വസ്ത്രങ്ങൾ സൂക്ഷിക്കുന്ന, മരംകൊണ്ടുള്ള അലമാരയായിരിക്കും. അതിൽ മടക്കിവെച്ചിരിക്കുന്ന തുണിക്കൾക്കടിയിൽനിന്നു് അവർ സ്റ്റീൽഅലമാരയുടെ താക്കോൽ കണ്ടെടുക്കും. ഒരു വീട്ടിൽ അങ്ങനെ സ്റ്റീൽ അലമാരയുടെ താക്കോൽ കണ്ടുകിട്ടാതിരുന്നപ്പോൾ, മരംകൊണ്ടുള്ള അലമാരയിൽത്തന്നെയുണ്ടായിരുന്ന പകരത്താക്കോലുകൾ സൂക്ഷിച്ചിട്ടുള്ള ഒരു പെട്ടിയിൽനിന്നു സ്റ്റീൽഅലമാരയുടെ പകരത്താക്കോൽ അവർ തിരഞ്ഞെടുത്തു. അങ്ങനെ താക്കോൽ കിട്ടിയാൽ അവർ സ്റ്റീൽ അലമാരയിലുള്ള വിലപിടിച്ച സാധനങ്ങളത്രയും എടുത്തുകൊണ്ടുപോകും.

മൂന്നു തവണ ഇത്തരം കവർച്ചകൾ നടന്നതിനുശേഷം, പതിനഞ്ചോ ഇരുപതോ ദിവസത്തെ ഇടവേളയ്ക്കുശേഷം 1959 ജൂണിൽ നാലാമത്തെ പാതകം നട

ന്നപ്പോൾ കവർച്ചസംഘം വീണ്ടും പ്രവൎത്തനമാരംഭിച്ചിരിക്കുന്നുവെന്നു ഞങ്ങൾക്കു ബോധ്യപ്പെട്ടു. അതിനിടയ്ക്കു നടത്തിയ അന്വേഷണത്തിൽനിന്ന് ഈ പാതകങ്ങൾ നടത്തുന്നതു തദ്ദേശീയരൊന്നുമല്ലെന്നും കണ്ടാൽ ഉത്തരേന്ത്യക്കാരാണെന്നു തോന്നുന്ന, സംശയകരമായ പെരുമാററത്തോടുകൂടിയ ചില ആളുകൾ ആ പ്രദേശത്ത് അലഞ്ഞുതിരിയുന്നുണ്ടെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. പിറേറ ദിവസം അവർ ഏതെങ്കിലും വീടുകൾ കവർച്ചചെയ്യും എന്ന് ഒരു തോന്നൽ ഞങ്ങൾക്കുണ്ടായി. അതനുസരിച്ചു സിററിയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിൽനിന്നുമായി നൂറു കോൺസ്റ്റബിൾമാരെ വരുത്തുകയും അവരെ സാധാരണ ഉടുപ്പിൽ പല വേഷത്തിലുമായി കവർച്ച നടക്കുന്ന പ്രദേശങ്ങളിലേക്കയയ്ക്കുകയും ചെയ്തു. പൂട്ടിയിട്ട വീടുകളുടെ പരിസരങ്ങളിൽ കാണുന്ന സംശയിക്കത്തക്ക ആളുകളെ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അവക്കു നിർദ്ദേശം നല്കിയിരുന്നു. അന്നു വൈകുന്നേരം രാജാ അണ്ണാമലപുരത്തെ പൂട്ടിയിട്ട ഒരു വീടിൻെറ പടിക്കലേക്കു കടക്കാൻ ഭാവിക്കുകയായിരുന്ന രണ്ട് അപരിചിതരായ ഉത്തരേന്ത്യക്കാരെ രണ്ടു കോൺസ്റ്റബിൾമാർ പിടികൂടി. രണ്ടുപേരുടേയും അരയിൽ ഓരോ ഇരുമ്പുദണ്ഡുകൾ ഒളിപ്പിച്ചുവെച്ചിരുന്നു. തങ്ങളുടെ കൂട്ടുകാരായ വേറെ മൂന്നു പുള്ളികളെക്കുറിച്ചുകൂടി അവരിൽനിന്നു വിവരം കിട്ടി. വാൾടേക്സ് റോഡിലെ ഒരു ഹോട്ടലിലായിരുന്നു അവർ താമസിച്ചിരുന്നതു്. ഒരു പോലീസ് സംഘത്തെ ഹോട്ടലിലേക്കയച്ചു. എന്നാൽ പുള്ളികൾ മൂന്നുപേരും അവിടെയുണ്ടായിരുന്നില്ല; പുറത്തു പോയിരിക്കുകയായിരുന്നു. രാത്രി ഒൻപതുമണിക്ക് അവർ മടങ്ങിവന്നു മുറിയിൽ കടക്കേണ്ട താമസം, അകത്തുതന്നെ കാത്തുനില്പുണ്ടായിരുന്ന

പോലിസുദ്യോഗസ്ഥന്മാർ അവരുടെ മേൽ ചാടിവീണു. അങ്ങനെ ആ കവർച്ചസംഘത്തെ മുഴുവൻ അറസ്റ്റും ചെയ്തു. കല്ക്കത്തയിൽനിന്നു വന്ന ക്രിമിനൽപ്പുള്ളികളായിരുന്നു അവർ. മുമ്പു മൂന്നു തവണ തങ്ങൾ മദിരാശിയിൽ വന്നിട്ടുണ്ടെന്നും മേൽപ്പറഞ്ഞ പരമ്പരയിൽപ്പെട്ട മുഴുവൻ പാതകങ്ങളും നടത്തിയതു തങ്ങളാണെന്നും അവർ സമ്മതിച്ചു.

അങ്ങനെ അന്തശ്ചോദനം, അതു വിജ്ഞാനപ്രദമായിരുന്നാലും വേണ്ടില്ല, യുക്തിവിചാരസഹമായിരുന്നാലും വേണ്ടില്ല ഒരു കുററാന്വേഷണപ്രശ്നത്തിനോ വിഷമാവസ്ഥയ്ക്കോ പരിഹാരം കാണുന്ന കാര്യത്തിൽ വിലപ്പെട്ട ഒരു പ്രാരംഭബിന്ദുവത്രേ.

## കുട്ടികളായ കുററവാളികൾ

നമ്മുടെ ആധുനികജീവിതത്തിൻെറ ഖേദകരമായ വശങ്ങളിൽ ഒന്നു്, അതു വളരെയേറെ കുട്ടികളായ കുററവാളികളെ സൃഷ്ടിക്കുന്നു എന്നതാകുന്നു. ഇതു നമ്മെ ആശങ്കാകുലരാക്കാൻപോന്ന ഒരു സംഗതിയത്രെ. ഇന്നത്തെ കുട്ടിക്കുററവാളി നാളെ ഒരു തികഞ്ഞ തിരുടനായിത്തീരാമെന്നതുതന്നെ കാരണം. എന്നാൽ നമ്മിൽ കൂടുതൽ ആശങ്ക ജനിപ്പിക്കേണ്ട കാര്യം, നമ്മുടെ സ്വന്തം വീടുകളിലും സ്കൂളുകളിലും നാം പെരുമാറുന്ന മററു സ്ഥലങ്ങളിലും വളരെ കുട്ടികളെ വഴിപിഴപ്പിക്കാനും ഒടുവിൽ സ്ഥിരം കുററവാളികളാക്കിത്തീർക്കാനും പര്യാപ്തമായ നിശ്ശബ്ദഘടകങ്ങൾ അടങ്ങിയിരിക്കുന്നു എന്നുള്ളതത്രെ.

ഇന്നത്തെ നഗരജീവിതത്തിൽ, കുടുംബത്തിൻെറ ഐക്യവും ബന്ധദാർഢ്യവും പതുക്കെക്കൊണ്ടു് അപ്രത്യക്ഷമായി വരികയാണു്. കുടുംബത്തിലെ മാതാപിതാക്കളും മററു മുതിൎന്ന അംഗങ്ങളും ഉപജീവനത്തിന്നുള്ള വക സമ്പാദിക്കുന്നതിനുവേണ്ടി രാവിലെമുതൽ വൈകുന്നേരം വരെ വീട്ടിന്നു പുറത്തു പല സ്ഥലങ്ങളിലുമായിരിക്കും. തങ്ങളുടെ കുട്ടികൾ എങ്ങനെ വളരുന്നു എന്നു നോക്കാൻ അവൎക്കു സമയമോ താല്പൎയ്യമോ ഇല്ല; അങ്ങനെ കുട്ടികൾ അവക്കൊത്തവണ്ണം വളൎന്നുവരാൻ ഇടയാകുന്നു. മാതാപിതാക്കൾ കുട്ടികളെ ശൈശവംതൊട്ടുതന്നെ നന്മയും തിന്മയും വിവേചിച്ചറിയാൻ പഠിപ്പിക്കുന്നില്ലെങ്കിൽ അവൎക്കു സൽസ്വഭാവമാൎജ്ജിക്കാൻ കഴിയില്ല. സ്കൂളിലെ അദ്ധ്യാപകർ ഒരു കുട്ടിയിലെ ഏററവും നല്ല വശം പുറത്തു കൊണ്ടുവരാത്തപക്ഷം കുട്ടിക്കു പാകത നേടാനാവുന്നതല്ല. ചിലപ്പോൾ രക്ഷിതാക്കളോ അദ്ധ്യാപകരോ കുട്ടിയുടെ ശാരീരികമോ മാനസികമോ ആയ ന്യൂനതകളേയും അഭിരുചികളേയും താല്പൎയ്യങ്ങളേയും കഴിവുകളേയും കുറിച്ചു അജ്ഞരായി അവനെ വിവേകശൂന്യമായി ശിക്ഷിക്കുകയും അങ്ങനെ അവൻെറ വിഷമതകൾ പരിഹരിക്കുന്നതിന്നുപകരം സ്ഥിതി കൂടുതൽ വഷളാക്കിത്തീൎക്കുകയും ചെയ്യുന്നു. മാതാപിതാക്കളും അദ്ധ്യാപകരും ഒരു കുട്ടിയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നില്ലെങ്കിൽ, അവന്നു വീട്ടിലും സ്കൂളിലും സുരക്ഷിതത്വമോ സുഖമോ മാൎഗ്ഗദർശനമോ ലഭിക്കുന്നില്ലെങ്കിൽ അവൻ അനിവാര്യമായും നന്മയും തിന്മയും തമ്മിലും ശരിയും തെററും തമ്മിലും തൻെറ ബാലിശത്വത്തിന്നനുസരിച്ചു വിവേചനം നടത്തിക്കൊണ്ടു തെരുവിലലയാൻ ഇടവരുന്നു. ഒരു കുട്ടിയെസ്സംബന്ധിച്ചിടത്തോളം തനിക്കു സന്തോഷം തരുന്നതെന്തോ

അതു നന്മയും ശരിയുമാണ്—യഥാൎത്ഥത്തിൽ അതു തിന്മയും തെററുമായിരിക്കാമെങ്കിലും.

റഹിമും, സുരേഷും കുട്ടികളിലെ കുററവാസനയുടെ കാരണം വിശദീകരിക്കാൻ പററിയ കുട്ടികളത്രെ. ഒരു കപ്പലിലെ പാചകവേലക്കാരനായ മുഹമ്മദിൻെറ മകനായി 1940-ലാണ് റഹിം ജനിച്ചതു്. അച്ഛൻ കപ്പലിലാകയാൽ റഹിമിൽ ശൈശവംമുതല്ക്കുതന്നെ അച്ഛൻെറ സ്വാധീനത ഏല്ക്കാനിടവരാതെപോയി. 1950-ൽ മുഹമ്മദ് മരിക്കുകകൂടി ചെയ്തപ്പോൾ ആ സ്വാധീനത പറെറ നഷ്ടപ്പെട്ടു. മുഹമ്മദിന്നു് ഏഴകളായ രണ്ടു വിധവകളുണ്ടായിരുന്നു; മുഹമ്മദിൻെറ മരണശേഷം താമസിയാതെതന്നെ അവർ വീണ്ടും വിവാഹിതരാവുകയും ചെയ്തു. ദാരിദ്ര്യം റഹിമിന്നു വിദ്യാഭ്യാസവും ചിററപ്പന്മാർ തനിക്കു വീടെന്നു വിളിക്കാവുന്ന ഒരു സ്ഥലവും നിഷേധിച്ചു. അതിനാൽ റഹിമിന്നു തന്നെപ്പോലെതന്നെയുള്ള മററു കുട്ടികളോടൊത്തു തെരുവുകളിൽ, പൊതുജനങ്ങളുടെ സൗകൎയ്യങ്ങൾ നഷ്ടപ്പെടുത്തിക്കൊണ്ടു്, വിനോദമന്വേഷിക്കേണ്ടിവന്നു. തൻെറ ബാലമനസ്സിന്നു ആഹ്ലാദം നല്കിയ സിനിമയുടേയും വിശക്കുന്ന വയറിന്നു സംതൃപ്തി നല്കിയ ഹോട്ടലുകളുടേയും ആകർഷണത്തെ ചെറുക്കാൻ അവന്നു കഴിഞ്ഞില്ല. തൻെറ ഈ ആഗ്രഹങ്ങളുടെ സഫലീകരണത്തിന്നു മോഷണം മാത്രമായിരുന്നു മാൎഗ്ഗം. പരിശീലനം നേടാത്ത അവൻെറ വിവേചനബുദ്ധി മോഷണം ചീത്തയാണെന്നു് അവന്നു പറഞ്ഞുകൊടുത്തതുമില്ല. 1954-ൽ, തൻെറ 14-ാമത്തെ വയസ്സിൽ, ട്രിപ്ലിക്കെയ്ൻ പ്രദേശത്തു നടന്ന സുദീൎഘമായ മോഷണപരമ്പരകളിൽ പിടിക്കപ്പെട്ടതിനെത്തുടൎന്നു് അവൻ സർട്ടിഫൈഡ് സ്കൂളിലെത്തിപ്പെട്ടു.

VENSA ...

സർട്ടിഫൈഡ് സ്കൂളിലെ നാലുകൊല്ലത്തെ അച്ചടക്കം, 14 കൊല്ലത്തെ ദാരിദ്ര്യപൂർണ്ണമായ ജീവിതം അവൻെറ സ്വഭാവരൂപവൽക്കരണസമത്ഥമായ ശൈശവത്തിൽ ഏല്പിച്ച ക്ഷതമോ സ്വഭാവത്തിലുണ്ടാക്കിയ ന്യൂനതകളോ പരിഹരിക്കാനോ ശരിപ്പെടുത്താനോ സമർത്ഥമായില്ല. 1958-ൽ റഹിം സ്കൂളിൽനിന്നു പുറത്തുവന്നു. ആഡംബരക്കൊതിയും സാഹസപ്രിയവും അച്ചടക്കത്തോടുള്ള വെറുപ്പും അവനെ വീണ്ടും പാതകങ്ങളിലേക്കുതന്നെ അധഃപതിപ്പിച്ചു: മൂന്നു മാസങ്ങൾക്കുശേഷം വീണ്ടും അറസ്റ്റുചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും—ഇത്തവണ ജയിലിലേക്കാണയച്ചതു്—ചെയ്യുന്നതിനു മുമ്പായി 22 മോഷണങ്ങൾ അവൻ നടത്തിയിരുന്നു.

സുരേഷിൻെറ പശ്ചാത്തലം റഹിമിൻെറതിൽനിന്നു വ്യത്യസ്തമായിരുന്നു. മൈലാപ്പൂരിലെ സാമാന്യം ഭേദപ്പെട്ട ഒരു ഇടത്തരം കുടുംബത്തിലെ അംഗമായിരുന്നു അവൻ. അവൻെറ അച്ഛൻ ഒരു ഗവൺമെൻറുദ്യോഗസ്ഥനായിരുന്നു. സംതൃപ്തമായ ഒരു കുടുംബമായിരുന്നു അദ്ദേഹത്തിൻേറതു്. സാധാരണഗതിയിൽ ഒരു കുട്ടി കുററവാളിയായിത്തീരുമെന്നു പ്രതീക്ഷിച്ചുകൂടാത്ത ഒരു സാഹചര്യം. സുരേഷിൻെറ അച്ഛനോ സ്കൂളിലെ അദ്ധ്യാപകന്മാരോ അന്യഥാ ബുദ്ധിശാലിയായ ഈ കുട്ടി സ്കൂൾ പരീക്ഷകളിൽ തോല്ക്കുന്നതിൻെറ കാരണമന്വേഷിക്കാൻ സമയം കാണുകയും താല്പര്യം പ്രദർശിപ്പിക്കുകയും ചെയ്തിരുന്നുവെങ്കിൽ തക്കസമയത്തു് അതു കണ്ടുപിടിക്കാനും അവൻ ദുഷിച്ചുപോകുന്നതു തടയാനും അവർക്കു സാധിക്കുമായിരുന്നു. സുരേഷ് നാലാംഫോറത്തിൽ ഗണിതശാസ്ത്രത്തിനു് തോററപ്പോൾ വീട്ടിൽവെച്ചു് അവൻ മർദ്ദിക്ക

പ്പെട്ടുകയും ക്ലാസ്സിൽ 'ഡീറെറയ്ൻ' ചെയ്യപ്പെട്ടുകയും ചെ യ്തു. അവനെ തിരുത്താനുള്ള അച്ഛൻെറയും അദ്ധ്യാപ കൻെറയും ശ്രമങ്ങൾ അവിടംകൊണ്ടു് അവസാനിച്ചു. ഗണിതശാസ്ത്രത്തിലുള്ള അവൻെറ കഴിവുകേട്ട് പരിഹ രിക്കാൻ ആരും യാതൊരു ശ്രമവും ചെയ്യുകയുണ്ടായില്ല. തന്റെ ക്ലാസ്സിലെ പിൻബഞ്ചുകളിലേക്കു വഴുതിപ്പോകാൻ അവൻ അനുവദിക്കപ്പെട്ടു. അവിടെ തന്നെപ്പോലെതന്നെ അലഞ്ഞുതിരിയാൻ ഇഷ്ടപ്പെട്ടുന്നവരും ഗണിതശാസ്ത്ര ത്തെ വെറുക്കുന്നവരുമായ കൂട്ടുകാരെ അവനു കിട്ടി.

പുകവലിക്കാനും സിനിമാ കാണാനും ഹോട്ടലുക ളിൽ കേറിയിറങ്ങാനും വേണ്ട പണമുണ്ടാക്കുന്നതിനായി സുരേഷ് ചില്ലറ കളവുകൾ നടത്തിത്തുടങ്ങി. സ്വന്തം വീട്ടിലും സഹപാഠികളുടെ വീടുകളിലും പിന്നീടു് അപ രിചിതരുടെ വീടുകളിലും അവൻ മോഷണം നടത്തി ത്തുടങ്ങി. വീട്ടിൽനിന്നു് അവൻ സാധനങ്ങൾ മോഷ്ടിച്ച പ്പോൾ എല്ലാവരും അവനെ കരുതിത്തുടങ്ങി. എന്നാൽ അച്ഛനോ അമ്മയോ അവൻെറ മോഷണവാസന കൂടു തൽ ആഴമേറിയ ഒരു ആപത്താണെന്നു മനസ്സിലാക്കിയി ല്ല; വീട്ടിൽനിന്നു മോഷ്ടിക്കാൻ തരം കിട്ടാതായാൽ അവൻ മററു സ്ഥലങ്ങളിൽനിന്നു മോഷണം നടത്തുമെ ന്നും അവർ ആലോചിച്ചില്ല. മാതാപിതാക്കളുടെ അ ജ്ഞതയോ അവഗണനയോ ഇതിലധികം ഗുരുതരമാ കാൻ വയ്യുമോ? 1959–60 കൊല്ലങ്ങളിൽ സുരേഷ് മൈലാപ്പൂരിലെയും മദിരാശിനഗരത്തിലെയും 27 വീടുക ളിൽ കവർച്ച നടത്തുകയും ഒട്ടാകെ 10,000 ക. വില വരുന്ന സാധനങ്ങൾ മോഷ്ടിക്കുകയും ചെയ്തു. അവന്റെ കഥ വ്യസനത്തോടെയാണ് പോലീസ് കേട്ടതു്. പക്ഷേ, നിയമത്തിന്നു അതിൻെറ മാർഗ്ഗം സ്വീകരിക്കാതെ നിവൃ

D. V. ... GRANDHA SALA THE...

ഹമില്ലല്ലോ. സ്വഭാവം നന്നാക്കാനാവുമോ എന്നു പരീക്ഷിക്കുന്നതിനായി സുരേഷ് സർട്ടിഫൈഡ് സ്കൂളിലേക്കയയ്ക്കപ്പെട്ടു.

റഹിമിൻെറയും സുരേഷിൻെറയുംപോലുള്ള കേസുകൾ രക്ഷിതാക്കളുടേയും അദ്ധ്യാപകരുടേയും ശിശുക്ഷേമതല്പരരായ മററുള്ളവരുടേയും മനസ്സാക്ഷിയെ ഉണർത്താൻ പര്യാപ്തമാവേണ്ടതാകുന്നു. കുററങ്ങളുടെ ഇളംവേരുകൾ അറുത്തുകളയുന്നതിനുള്ള ശക്തി പ്രത്യക്ഷമോ ദൃശ്യമോ ആയ നിലയിലല്ലെങ്കിലും ഫലപ്രദമാംവണ്ണം, നിക്ഷിപ്തമായിരിക്കുന്നതു് തങ്ങളുടെ ഹസ്തങ്ങളിലാണെന്ന ബോധം അവർക്കുണ്ടായിരിക്കണം.

## പകൽക്കവർച്ചക്കാരനായ ബാലൻ

ബാലൻ ഒരു ചെറിയ കുട്ടിയായിരിക്കുമ്പോൾത്തന്നെ അവൻെറ മാതാപിതാക്കൾ മരിച്ചുപോയി. അടുത്തു താമസിക്കുന്ന ഒരു വിധവ അവനെ ദത്തെടുത്തു. ആ വൃദ്ധയ്ക്കു് അവരുടെ സ്വന്തമായി ഒരു മകനും മകളുമുണ്ടായിരുന്നു. ചൂളയിലെ തൊഴിലാളികൾക്കു് ഉച്ചഭക്ഷണം കൊണ്ടുപോയിക്കൊടുത്തിട്ടായിരുന്നു വൃദ്ധ ഉപജീവനത്തിന്നുള്ള വക സമ്പാദിച്ചിരുന്നതു്. ബാലൻ ബുദ്ധിശാലിയായ ഒരു കുട്ടിയായിരുന്നു. തന്റെ ചിററമ്മയ്ക്കുവേണ്ടി അവരുടെ സ്വന്തം കുട്ടികൾക്കു കഴിയാത്ത വിധത്തിൽ ജോലികൾ ചുറുചുറുക്കോടെ ചെയ്യാൻ അവന്നു സാധിക്കുമായിരുന്നു. അതിനാൽ ആ സ്ത്രീക്കു ബാലനെ വലിയ സ്നേഹമായിരുന്നു; അവർ അവനെ വല്ലാതെ ലാളിച്ചുപോന്നു.

1952-ൽ തനിക്കു 13 വയസ്സായപ്പോഴേക്കും അവൻ തെരുവിലെ കുററവാളികളായ പോക്കിരിക്കുട്ടികളുടെ കൂട്ടുകെട്ടിൽ പെടുകയും സ്വയം ഒരു കുററവാളിയായിത്തീരുകയും ചെയ്തു. ഹോട്ടലിൽനിന്നു ഭക്ഷണം കഴിക്കാനും സിനിമയ്ക്കു പോകാനും ആവശ്യമായ ചെലവുകൾ നിവത്തിക്കാൻ അവന്നു് എളുപ്പത്തിൽ പണമുണ്ടാക്കാനുള്ള മാർഗ്ഗമവലംബിക്കേണ്ടിവന്നു—മോഷണം. അടുത്തകൊല്ലം നവമ്പറിൽ ട്രിപ്ലിക്കെയ്നിലെ ഒരു വീട്ടിലെ വരാന്തയിൽനിന്നു വസ്തുങ്ങൾ മോഷ്ടിച്ചുകൊണ്ടുപോകുമ്പോൾ അവൻ പിടിക്കപ്പെട്ടു. കോടതി മാപ്പു നല്കി വിട്ടയച്ചപ്പോൾ സംഗതി കൊള്ളാമെന്നു് അവൻ വിചാരിച്ചു. എന്നാൽ പിറേറക്കൊല്ലം ജൂണിൽ ഒട്ടേരിയിലെ ഒരു വീട്ടിൽനിന്നു് പിച്ചളപ്പാത്രങ്ങൾ മോഷ്ടിക്കാൻ ശ്രമിക്കവേ അവൻ വീണ്ടും പിടിക്കപ്പെട്ടു. ഇത്തവണ ജുവനൈൽ കോടതി അവനെ 6 കൊല്ലം പാളയംകോട്ടയിലെ സർട്ടിഫൈഡ് സ്കൂളിൽ പാർപ്പിക്കാൻ കല്പിച്ചു, അതവന്നു ഗുണം ചെയ്യുമെന്ന പ്രതീക്ഷയിൽ.

എന്നാൽ ബാലൻ വേറെ വഴിക്കാണു ചിന്തിച്ചതു്. സർട്ടിഫൈഡ് സ്കൂളിൽ കഴിച്ചുകൂട്ടിയ ഒരാഴ്ചയ്ക്കകം അവൻ അവിടെനിന്നു രക്ഷപ്പെടുകയും വീട്ടിൽ തിരിച്ചെത്തുകയും ചെയ്തു. 22-7-'53-ന്നു് താനാസ്ത്രീററിലെ ഒരു വീട്ടിൽനിന്നു മോഷ്ടിച്ച ഒരു വെള്ളിപ്പാത്രവുംകൊണ്ടു പോകുമ്പോൾ വെപ്പരിസ്റ്റേഷനിലെ ഒരു കോൺസ്റ്റബിൾ അവനെ കണ്ടെത്തി. അങ്ങനെ വീണ്ടും അവൻ സട്ടിഫൈഡ് സ്കൂളിലെത്തിപ്പെട്ടു—ഇക്കുറി ചിങ്കൽപ്പേട്ട സ്കൂളിൽ 4 കൊല്ലത്തേക്കു്. ഈ പ്രാവശ്യം ബാലൻ തൻെറ കാലാവധി കഴിയുന്നതുവരെ സ്കൂളധികൃതക്കു വഴങ്ങി ജീവിച്ചു. എന്നാൽ ആ വഴങ്ങൽ

ശാരീരികം മാത്രമായിരുന്നു. മാനസികമായി സ്കൂൾ അവനിൽ തെല്ലും സ്വാധീനത ചെലുത്തിയില്ല. പത്തുക്കൊണ്ട് അവൻെറ കുററവാസന ദൃഢീഭവിച്ചു.

1957-ൽ സ്കൂളിൽനിന്നു പുറത്തുവന്ന ബാലൻ വീണ്ടും കുററങ്ങൾ ചെയ്യുന്നതിൽ വ്യാപൃതനാവുകയും 24-2-'58-ന്ന് ഒരു തുണി മോഷണക്കേസ്സിൽ തൊണ്ടി സഹിതം പിടിക്കപ്പെട്ടതിനെത്തുടൎന്നു പെരിയമേട്ട് പോലീസ്സ്റ്റേഷനിലെ ലോക്കപ്പിലെത്തിച്ചേരുകയുംചെയ്തു. അവിടെവെച്ച് അവൻ രസകരമായ ഒരു സൂത്രം പ്രയോഗിക്കുകയുണ്ടായി. തൻെറ രണ്ടു വിരൽ വായിലിട്ടു നഖം കൊണ്ടു തൊണ്ട മാന്തിപ്പൊളിച്ച് എല്ലാവരേയും ഭയപ്പെടുത്തുമാറു് ചോര 'ഛർദ്ദിച്ചു'.

അവനെ ഉടൻതന്നെ ശുശ്രൂഷയ്ക്കായി ആസ്പത്രിയിലേക്കയച്ചു. ആസ്പത്രിവാർഡിൽനിന്ന് കാവൽപ്പോലീസുകാരുടെ ദൃഷ്ടിയിൽനിന്നു രക്ഷപ്പെടാനും സ്വാതന്ത്ര്യം വീണ്ടെടുക്കാനും അവന്നു തെല്ലും പ്രയാസമുണ്ടായില്ല.

8-9-'59-ന്ന്, അന്നു രാവിലെ പരശുവാക്കത്തെ ഒരു വീട്ട് വീട്ടുകാരില്ലാത്ത സമയത്ത് കവർച്ചചെയ്യപ്പെട്ടതായ, അസ്വാസ്ഥ്യജനകമായ വൎത്തമാനം ഞങ്ങൾക്കു കിട്ടി. കവർച്ചക്കാരൻ മുമ്പിലത്തെ ചുമർ തുരക്കുകയും ടെറസ്സിലെ കോണിവാതിൽ കുത്തിപ്പൊളിക്കുകയും ചെയ്തു വീട്ടിന്നകത്തു കടക്കുകയും ഒരു മേശവലിപ്പിലുണ്ടായിരുന്ന താക്കോലുകൾ ഉപയോഗിച്ച് എല്ലാ അലമാരകളും തുറക്കുകയും പണവും സ്വൎണ്ണാഭരണങ്ങളുമായി ഒട്ടാകെ 15,000 ക. വിലവരുന്ന സാധനങ്ങളുംകൊണ്ടു കടന്നുകളയുകയും ചെയ്തു. സംഭവസ്ഥലം പരിശോധിച്ചതിൽ നിലത്തു കിടന്നിരുന്ന ഒരു വെള്ളിഗ്ലാസ്സിന്മേലത്തെ മങ്ങിയ വിരലടയാളം മാത്രമേ കണ്ടുള്ളൂ. മുഴുവൻ കുററാ

ന്വേഷണോദ്യോഗസ്ഥന്മാരേയും കേന്ദ്രീകരിച്ച് ഈ കേസ്സന്വേഷണത്തിന്നായി നിയോഗിച്ചു.

21-9-'58-ന്ന് ഞാൻ വെപ്പേരി പോലീസ്‌സ്റ്റേഷൻ അതിർത്തിയിലെ കുററാന്വേഷകരുടെ അന്വേഷണ പുരോഗതി പരിശോധിക്കുകയായിരുന്നു. പുറത്തുള്ള പല കുററവാളികളേയുംകുറിച്ചു ചർച്ചചെയ്യവേ പെരിയമേട്ടിലെ ഡിററക്ടീവ് സബ്ബ്‌ഇൻസ്പെക്ടർ, 10-9-'58-ന്ന് സേലംജില്ലയിലെ ഹസ്തംപട്ടിയിൽവെച്ച് ബാലൻ അറസ്റ്റുചെയ്യപ്പെട്ടുവെന്നും എന്നാൽ അവൻ വീണ്ടും, ചോര ഛർദ്ദിക്കൽ തന്ത്രം പ്രയോഗിച്ചുവെന്നും തുടർന്ന് 13-9-'58-ന്നു സേലം ഹെഡ്ക്വാർട്ടേഴ്സ് ആസ്പത്രിയിൽനിന്ന് അവൻ രക്ഷപ്പെട്ടിരിക്കുന്നുവെന്നും കാണിച്ച് ഒരു സന്ദേശം ലഭിച്ചതായറിയിച്ചു. എങ്കിൽ ബാലൻ വീണ്ടും നഗരത്തിൽ പ്രത്യക്ഷപ്പെടാനിടയുണ്ടെന്ന് ഞാൻ അവിടെ കൂടിയിരുന്ന ഉദ്യോഗസ്ഥന്മാർക്കു മുന്നറിയിപ്പു നൽകി. അന്വേഷണവിധേയമായ കേസ്സിൽ അപ്പോഴും യാതൊരു തുമ്പും കിട്ടിയിരുന്നില്ല.

24-9-58-ന്നു രാവിലെ സെമ്പിയം സബ്ബ്‌ഇൻസ്പെക്ടർ, തനിക്കു ലഭിച്ച ചില വിവരങ്ങളെ മുൻനിർത്തി, നന്നായി വസ്ത്രധാരണം ചെയ്ത ഒരു ചെറുപ്പക്കാരനെ സഭാപതിമുതലിലെയ്നിൽവെച്ച് അറസ്ററു ചെയ്തു. പോലീസ് കസ്റ്റഡിയിലെടുത്ത ഉടനെ, മൂർത്തി എന്നാണ് തൻെറ പേരെന്നു പറയുന്ന അവൻ, പതുക്കെ ഒരു ചെറിയ കറുത്ത പെഴ്സ് അവിടെ വലിച്ചെറിഞ്ഞു. അതാരും ശ്രദ്ധിക്കില്ലെന്നാണവൻ കരുതിയതു്. എന്നാൽ സബ്ബ്‌ഇൻസ്പെക്ടർ ഉടൻതന്നെ അതു കണ്ടെടുക്കുകയും തുറന്നുനോക്കിയപ്പോൾ അതിന്നകത്തു രത്നഖചിതമായ ഒരു ഇയർറിങ്ങ് (കർണ്ണാഭരണം) കാണുകയും ചെയ്തു. താമസ

മുണ്ടായില്ല, ആ യുവാവ് ചോര ഛർദ്ദിക്കാൻ. അതു കണ്ട പ്പോൾ സബ്ബ്ഇൻസ്പെക്ടർ 21-9-58-ന്നു നടന്ന ചർച്ച അനുസ്മരിക്കുകയും ബാലൻ തൻെറ പിടിയിൽ പെട്ടിരിക്കുന്നുവെന്ന് അയാൾക്കു ബോധ്യപ്പെടുകയും ചെയ്തു. ചോദ്യം ചെയ്തപ്പോൾ താൻ ബാലനാണെന്ന് പുള്ളി സമ്മതിച്ചുവെങ്കിലും പെഴ്സിൻെറ ഉടമസ്ഥത അവൻ ശക്തിയായി നിഷേധിച്ചു; അതിൻെറ ഉള്ളടക്കത്തെക്കുറിച്ച് അജ്ഞത ഭാവിച്ചു.

സെമ്പിയംസ്റ്റേഷനിലെ മോഷ്ടിക്കപ്പെട്ട സാധനങ്ങളുടെ പട്ടിക—നഗരത്തിലെ എല്ലാ കേസ്സുകളെയും സംബന്ധിച്ച് അങ്ങനെയൊരു പട്ടിക സൂക്ഷിക്കാറുണ്ട്—പരിശോധിച്ചതിൽ പരശുവാക്കംകേസ്സിൽ കളവുപോയ സാധനങ്ങളുടെ കൂട്ടത്തിൽ രത്നഖചിതമായ ഒരു ഇയർറിങ്ങും പെട്ടമെന്നു കണ്ടു. ആവലാതിക്കാരനെ ഉടനെ വരുത്തി. ഇയർറിങ്ങ് തൻേറതുതന്നെയെന്നു വ്യക്തമാക്കുന്ന ഒരു അടയാളം അയാൾ കണ്ടുപിടിച്ചു. താമസിയാതെതന്നെ വിരലടയാളവിഭാഗത്തിൽനിന്നുള്ള റിപ്പോർട്ടും കിട്ടി. സംഭവസ്ഥലത്തു കണ്ട വിരലടയാളം തിട്ടമായും ബാലൻെറ ഇടത്തെ കൈയിലെ നടുവിരലിൻേറതാണെന്നു തെളിഞ്ഞതായി അതിൽ പ്രസ്താവിച്ചിരുന്നു.

ഈ തെളിവുകളുടെ വെളിച്ചത്തിൽ ബാലന്നു പാതകത്തിൻെറ ഉത്തരവാദിത്വം നിഷേധിക്കാൻ കഴിഞ്ഞില്ല. അന്നു വൈകുന്നേരംതന്നെ അവൻ ഞങ്ങളെ തൻെറ ചിററമ്മയുടേയും അവരുടെ മകളുടേയും വീട്ടിൽ കൊണ്ടുപോയി. വീട്ടിലെ ചിമ്മിനിയിൽനിന്നു ബാലൻെറ ചിററമ്മയും അവരുടെ മകൻ ശ്രീരാമലുവുംകൂടി ഒളിപ്പിക്കപ്പെട്ട കവർച്ചമുതലിൽ പകുതിയടങ്ങിയ ഒരു തുണിക്കെട്ടു പുറത്തെടുത്തു കൊണ്ടുവന്നു. അവിടെനിന്ന് ഏതാനും

വീട്ടുകൾക്കപ്പുറം താമസിക്കുന്ന ബാലൻെറ ചിററമ്മയുടെ മകൾ തൻെറ ഓഹരി ഒളിപ്പിക്കാൻ ഒരവസാനശ്രമം നടത്തിയെങ്കിലും അതു വിഫലമായി. പോലീസ് നടത്തിയ പരിശോധനയുടെ ഫലമായി പണ്ടങ്ങളും മററും അടുപ്പത്തുള്ള ഒരു പാത്രത്തിൽ ഒളിപ്പിച്ചതായി കണ്ടു പിടിച്ചു. പിന്നെ, മോഷ്ടിക്കപ്പെട്ട സാധനങ്ങളിൽ ഏതൊക്കെ വിററു, ഏതൊക്കെ പുതിയ പണ്ടങ്ങളാക്കി മാററി എന്നു കണ്ടുപിടിക്കുക എളുപ്പമായിരുന്നു. 1-10-58-നു ബാലൻ രണ്ടുകൊല്ലത്തെ കഠിനതടവിന്നു ശിക്ഷിക്കപ്പെട്ടു. താൻ മിക്കവാറും നഷ്ടപ്പെട്ടുവെന്നു കണക്കാക്കിയ പണ്ടങ്ങൾ തിരിച്ചു കിട്ടിയ ആവലാതിക്കാരനോളം മററാക്കും സന്തോഷമുണ്ടായിരുന്നിരിക്കില്ല.

ബാലന്റെ വ്യക്തിപരമായ ജീവിതത്തെക്കുറിച്ചുള്ള ചെറിയൊരു പരാമർശം ഇത്തരുണത്തിൽ അപ്രധാനമാവാനിടയില്ല. ചിങ്കൽപ്പെട്ട സ്കൂളിലെ ജീവിതത്തിനിടയിൽ അവൻ ക്രിസ്തുമതമവലംബിക്കയും ഒരു ക്രിസ്തീയനാമധേയം സ്വീകരിക്കുകയുമുണ്ടായി. അക്കാലത്തു് അവൻ മതത്തെക്കുറിച്ചു ചിന്തിക്കാനിടയായതു് രസാവഹംതന്നെ. എന്നാൽ മതപരമായ ആഭിമുഖ്യം അവനു തൻെറ പാതകവൃത്തിക്കു തടസ്സമായില്ല!

## പീടികക്കവർച്ചക്കാരനായ മണി

മദിരാശിയെപ്പോലുള്ള വൻനഗരങ്ങൾക്കു പൊതുവായ ഒരു പ്രശ്നമുണ്ടു്. അടുത്തുള്ള പട്ടണങ്ങളിൽനിന്നും ഗ്രാമങ്ങളിൽനിന്നും നിരന്തരമായ ജനപ്രവാഹത്തെ അതു് ആകർഷിക്കുന്നു. അവരിൽ പലരും തൊഴിലോ

വ്യവസായസാദ്ധ്യതയോ വിനോദമോ തേടിവരുന്ന നിയമാനുസാരികളായ ആളുകളായിരിക്കും; എന്നാൽ പാതകങ്ങൾക്ക് അവസരംനോക്കി പുറപ്പെട്ട നിയമാനുസാരികളല്ലാത്ത ചുരുക്കം ചിലരുമുണ്ടാവും അക്കൂട്ടരിൽ. 1956-ൽ മണി ബാങ്കളൂരിൽനിന്നു മദിരാശിക്കു പോന്നതു് അവിടത്തെ കവർച്ചക്കാർക്കിടയിലെ പ്രധാനി എന്ന നിലയിൽ അവൻ ബാങ്കളൂർ പോലീസിനു സുപരിചിതനായിക്കഴിഞ്ഞിരുന്നു എന്നതുകൊണ്ടാണു്; പുറമെ മദിരാശി സിറ്റി പോലീസിന്നു് അവൻ അത്രതന്നെ അറിയപ്പെട്ടുന്നവനല്ല എന്ന മെച്ചംകൂടിയുണ്ടായിരുന്നു. വളരെ മോടിയിൽ വസ്ത്രധാരണം ചെയ്തിരുന്ന ഈ പ്രസരിപ്പുകാരനായ ചെറുപ്പക്കാരൻ നഗരം ഏക്കാലവും കണ്ട അതിസമർത്ഥരായ കവർച്ചക്കാരിൽ ഒരാളാണെന്നു് ആരും വിശ്വസിക്കുകയില്ല. രണ്ടു കൊല്ലത്തോളം അസ്വാസ്ഥ്യജനകങ്ങളായ ഏതാനും പീടികക്കവർച്ചകളെച്ചൊല്ലി ആ ചെറുപ്പക്കാരൻ ഞങ്ങളെ വേവലാതിപ്പെടുത്തിക്കൊണ്ടിരുന്നു— ഒടുവിൽ അവൻ ഞങ്ങളുടെ പിടിയിലമരുന്നതുവരെ. ഞങ്ങൾക്ക് അവസാനം അവനെ എങ്ങനെ പിടികിട്ടി എന്നതു് കുററാന്വേഷണതന്ത്രങ്ങളെ വെളിപ്പെടുത്തുന്ന രസകരമായ ഒരു കഥയത്രെ.

15-1-58-ന്നു രാവിലെ പൂനമല്ലി ഹൈറോഡിലെ ഒരു വലിയ തുണിഷോപ്പുകാരൻ പതിവുപോലെ തന്റെ പീടികയുടെ മുൻഭാഗത്തെ വാതിൽ തുറന്നപ്പോൾ, പിൻപുറത്തെ വാതിൽ കുത്തിപ്പൊളിച്ചു തുറക്കപ്പെട്ടു കിടക്കുന്നതു കണ്ടു് അമ്പരന്നു. വാതിൽ കുത്തിത്തുറക്കാനുപയോഗിച്ച ഇരുമ്പുദണ്ഡു് അടുത്തുതന്നെ നിലത്തു കിടക്കുന്നുണ്ടായിരുന്നു. വെപ്പരി പോലീസ്സ്റ്റേഷനിലെ ഡിറെക്റ്റീവ് ഇൻസ്പെക്ടരും അദ്ദേഹത്തിൻെറ കീഴുദ്യോ

ഗൃസ്ഥന്മാരും വിരലടയാളവിദഗ്ദ്ധനും ഉടൻതന്നെ സംഭവസ്ഥലത്തെത്തി. ഷോപ്പിലുണ്ടായിരുന്ന 2500 ക. വിലയുള്ള സില്കുസാരികളും ആഭരണങ്ങളും മോഷ്ടിക്കപ്പെട്ടതായി കണ്ടു. സ്റ്റെയ്ൻലസ്സ്റ്റീലിൻെറ ഒരു മുറുക്കാൻപെട്ടി ഉപേക്ഷിക്കപ്പെട്ടനിലയിൽ നിലത്തു കിടന്നിരുന്നു. പെട്ടി ഷോപ്പുടമയുടെതന്നെയായിരുന്നുവെങ്കിലും അതിന്മേൽ അദ്ദേഹത്തിന്റേതല്ലാത്ത ഒരു വിരലടയാളം പതിഞ്ഞുകിടന്നിരുന്നു. ഈ നിസ്സാരമായ തുമ്പിനെപ്പിടിച്ചു താമസിയാതെതന്നെ ഊർജ്ജിതമായ അന്വേഷണമാരംഭിച്ചു.

മദിരാശി സിററിപോലീസിൻെറ വിരലടയാളവിഭാഗത്തിൽ, നഗരത്തിൽ മുമ്പു കവർച്ചനടത്തിയവരുടേയും നടത്താനിടയുള്ളവരുടേയും വിരലടയാളങ്ങളുടെ ഒരു ശേഖരമുണ്ടായിരുന്നു. എന്തെങ്കിലും പാതകം നടന്നസ്ഥലത്തു കാണപ്പെടുന്ന വിരലടയാളം ഈ ശേഖരത്തിലെ വിരലടയാളങ്ങളുമായി ഒത്തുനോക്കപ്പെടുന്നു. വിരലടയാളശേഖരം എത്രത്തോളം വലുതാണോ അത്രയ്ക്കു സംഭവസ്ഥലത്തു കാണപ്പെട്ട അടയാളത്തോടു സാദൃശ്യമുള്ള വിരലടയാളങ്ങൾ കണ്ടുകിട്ടാനുള്ള സാദ്ധ്യത അധികമായിരിക്കും. 1958-ൽ സിററിപോലീസിൻെറ വിരലടയാളശേഖരം ശൈശവാവസ്ഥയിലായിരുന്നു; അതു വികസിപ്പിക്കാൻ ശ്രമം നടന്നുവരികയായിരുന്നു. അതിനാൽ അക്കാലത്തു പല സംഭവസ്ഥലങ്ങളിൽ നിന്നും കണ്ടുകിട്ടിയ വിരലടയാളങ്ങൾ തിരിച്ചറിയപ്പെടാതെ അവശേഷിച്ചിരുന്നു.

11-3-58-നു വെല്ലൂരിലെ സ്റ്റേറ്റ് വിരലടയാള ബ്യൂറോവിൽനിന്നു മദിരാശി സിററിപോലീസിൻെറ ശേഖരത്തിലേക്കു കുപ്രസിദ്ധരായ കവർച്ചക്കാരുടെ ഒരുകൂട്ടം

വിരലടയാളങ്ങൾ ലഭിച്ചു. ഇക്കൂട്ടത്തിൽ ഒരു സെററു് മണിയുടേതായിരുന്നു. ഈ വിരലടയാളങ്ങൾ, പുതിയ അടയാളങ്ങൾ കിട്ടിയാൽ സാധാരണ ചെയ്യാറുള്ളതു പോലെ, പല സംഭവസ്ഥലങ്ങളിൽനിന്നും കിട്ടിയ വിരലടയാളങ്ങളുമായി ഒത്തുനോക്കിയതിൽ അത്ഭുതാവഹമായ ചില സംഗതികൾ വെളിപ്പെട്ടു. രണ്ടു സംഭവസ്ഥലങ്ങളിൽനിന്നു കണ്ടെടുത്ത വിരലടയാളങ്ങളുമായി മണിയുടേതിന്നു സാദൃശ്യമുള്ളതായി കാണപ്പെട്ടു—30-9-56-ന്നു മൗണ്ട് റോഡിലെ ഒരു പ്രമുഖ സില്ക്കുഷാപ്പിൽ നടന്ന കവർച്ചയായിരുന്നു ഒന്നാമത്തേതു്. രണ്ടാമത്തേതു്, ഇവിടെ പ്രസ്താവിക്കപ്പെട്ട പൂനമല്ലി ഹൈറോഡ് തുണിഷാപ്പിലെ കവർച്ചയും.

രണ്ടു കേസ്സുകളും സൂക്ഷ്മമായി വിശകലനം ചെയ്തു നോക്കിയതിൽ പൊതുവായ ചില സാദൃശ്യങ്ങൾ കാണപ്പെട്ടു. രണ്ടു കവർച്ചകളും വലിയ ഷാപ്പുകളിലാണ് നടന്നിട്ടുള്ളതു്. ഷോപ്പുകളിലേക്കു പ്രവേശം സാധിച്ചിട്ടുള്ളതു്, ആദ്യത്തേതിൽ പിന്നാമ്പുറത്തെ ജാലകത്തിലൂടെയും രണ്ടാമത്തേതിൽ പിൻപുറത്തെ വാതിലിലൂടെയുമാണ്. രണ്ടിലും ഒരു ഇരുമ്പുദണ്ഡു് (കട്ടപ്പാര) ഉപയോഗിച്ചു കുത്തിത്തുറക്കുകയാണുണ്ടായിട്ടുള്ളതു്. ഒരൊഴിവുദിവസത്തിന്റെ തലേന്നാണ് ഓരോ കവർച്ചയും നടന്നിട്ടുള്ളതു്—സംഗതി കണ്ടുപിടിക്കുന്നതു് അടുത്ത പ്രവൃത്തിദിവസംവരെ താമസിപ്പിക്കാമെന്നുദ്ദേശിച്ചാണിങ്ങനെ ചെയ്തിട്ടുള്ളതെന്നു വ്യക്തം. മണി നടത്തിയിട്ടുള്ള പാതകങ്ങൾ ഇതു രണ്ടും മാത്രമാണോ അതോ കൂടുതൽ പാതകങ്ങൾക്ക് അയാൾ ഉത്തരവാദിയാണോ എന്നുള്ളതായിരുന്നു അപ്പോഴത്തെ ഒരു പ്രശ്നം. നഗരത്തിലെ പാതകങ്ങളെ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ

30-9-56-ന്നു രാത്രിയും 13-1-58-ന്നു രാത്രിയും ഉണ്ടായ സംഭവങ്ങൾക്കിടയിൽ മണി നടത്തിയതെന്നു വ്യക്തമായ, മേൽപ്പറഞ്ഞ രണ്ടു കേസ്സുകളിലും ഉള്ളതായി കണ്ട പൊതുസവിശേഷതകളോടുകൂടിയ 20 തെളിയിക്കപ്പെടാത്ത പാതകങ്ങൾ നടന്നിട്ടുള്ളതായി കണ്ടു.

ശ്രദ്ധാപൂർവ്വമായ അന്വേഷണങ്ങളെ തുടർന്നു് 18-3-58-ന്നു മണി അറസ്റ്റുചെയ്യപ്പെട്ടു. പൂനമല്ലി ഹൈറോഡിലെ ഷാപ്പു് മണി കവർച്ചചെയ്തതെങ്ങനെയന്നതിനെപ്പറ്റി, അന്വേഷണഫലമായി ലഭിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി, വിശദമായ വിവരണം ഞങ്ങൾ നല്കിയപ്പോൾ മണി അന്തംവിട്ടുപോയി. താമസിയാതെ ഈ കുററം അവൻ സമ്മതിക്കുകയും മോഷ്ടിക്കപ്പെട്ട മുഴവൻ സാധനങ്ങളും താൻ മന്നടിയിലെ 'എം', 'ഏ' എന്നീ രണ്ടുപേൎക്കു കൊടുത്തതായറിയിക്കുകയും ചെയ്തു. ഇതിനെ തുടൎന്നു നടത്തിയ അന്വേഷണങ്ങളെത്തുടൎന്നു പിറേറന്നു് അവർ രണ്ടുപേരും അറസ്ററു ചെയ്യപ്പെട്ടുകയും അവരുടെ വീട്ടിൽനിന്നു് ഒരു പെട്ടി നിറയെ പുതിയ സാരികളും തുണിത്തരങ്ങളും ടൈംപീസുകളും മററും കണ്ടുകിട്ടുകയും ചെയ്തു. പൂനമല്ലി ഹൈറോഡ് സംഭവത്തിൽ മാത്രമല്ല മററു പല കേസ്സുകളിലും നഷ്ടപ്പെട്ട സാധനങ്ങൾ അക്കൂട്ടത്തിലുണ്ടായിരുന്നു. മണിയെ കൂടുതലായി ചോദ്യംചെയ്യുന്നതിന്നു് ഈ കണ്ടെടുക്കപ്പെട്ട സാധനങ്ങൾ ഒന്നാന്തരം ഉപാധിയായിത്തീൎന്നു.

മണി പോലീസ്കസ്റ്റഡിയിലായിരുന്നപ്പോഴത്രയും അവന്നു് എല്ലാ സുഖസൗകര്യങ്ങളും നല്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കുളിക്കാനും യഥേഷ്ടം വസ്ത്രധാരണം ചെയ്യാനും അവനെ അനുവദിച്ചിരുന്നു; ഇഷ്ടപ്പെട്ട എല്ലാ ഭക്ഷണസാധനങ്ങളും അവന്നു നല്കിയിരുന്നു. ഇതു്

അവൻെറ മാനസികമായ ചെറുത്തുനില്പിനെ ഗണ്യമായി തകക്കുകയും ചോദ്യംചെയ്യൽ വളരെ എളുപ്പമാക്കിത്തീക്കുകയും ചെയ്തു. തനിക്കു മുമ്പൊരിക്കലും ലഭിച്ചിട്ടില്ലാത്ത ഈ മധുരമായ പെരുമാററം കാരണം അവൻ ചോദ്യങ്ങൾക്കു മറുപടി പറയുന്നതിൽ വൈമനസ്യമോ കുറുമ്പോ കാണിക്കുകയുണ്ടായില്ല. എന്നാൽ അതേസമയം, തഴക്കംചെന്ന ഒരു കുററവാളിയായ അവൻ സ്വമേധയാ വിവരങ്ങളൊന്നും വെളിപ്പെടുത്തിയതുമില്ല. 19-3-58-ന്ന് അവനെ ചോദ്യംചെയ്യവേ, ഞാനവനോടു പറഞ്ഞു, ഞാനവനോടു കുററം സമ്മതിക്കാൻ ആവശ്യപ്പെടുന്നില്ല, മറിച്ച് അവൻ എന്തെല്ലാം കുററങ്ങൾ ചെയ്തിട്ടുണ്ടെന്ന് ഞാൻ അവനോടു പറയാമെന്ന്. അവൻ ഉൽക്കണ്ഠയോടും താല്പര്യത്തോടുംകൂടി എൻെറനേരെ നോക്കി—ഇത്തവണ പോലീസിൽനിന്ന് എല്ലാ നിലക്കും വ്യത്യസ്തമായ അനുഭവമാണല്ലോ തനിക്കു ലഭിക്കുന്നതെന്ന അത്ഭുതം ആ നോട്ടത്തിൽ നിഴലിച്ചിരുന്നു. തനിക്ക് ഇഷ്ടപ്പെടാതിരിക്കാൻ നിവൃത്തിയില്ലാത്ത ഒരനുഭവം.

മൗണ്ട് റോഡിലെ സില്ക്കുഷോപ്പ്, അതേ ഷോപ്പിൻെറ മൈലാപ്പൂർ ബ്രാഞ്ച് കവർച്ചചെയ്ത് ആറുമാസത്തിന്നുശേഷം 1-10-56-ന്നു രാത്രി അവൻ കവർച്ച ചെയ്തതു് ഞാൻ പ്രസ്താവിച്ചപ്പോൾ മണി അത്ഭുതപൂർവ്വം പല്ലിളിച്ചു. തുടന്ന്, അവൻ വാലജാ റോഡിലെ സ്പോർട്ട്സ് സാമാനപ്പീടികയും അതിന്നു തൊട്ടുള്ള തുണിഷോപ്പും—രണ്ടാമത്തേതു രണ്ടു തവണ—കവർച്ചചെയ്ത കാര്യം ഞാൻ പറഞ്ഞപ്പോൾ മണി ശരിക്കും അമ്പരക്കുകയും ഒന്നിതൊക്കെ എങ്ങനെ അറിഞ്ഞു എന്നു ചോദിക്കുകയും ചെയ്തു. ഈ കുററസമ്മതത്തിന്മേൽ ഉടൻ പിടിച്ചുകേറി, അവന്നു ചിന്തിക്കാൻ സമയം കൊടുക്കാതെ

മോഷ്ടിക്കപ്പെട്ട വ്യമാസ്റ്റേർസും, കാമറകളും എന്തുചെയ്തു വെന്നു് ഞാൻ അവനോടു ചോദിച്ചു. അവ 'എം'ന്നു കൊടുത്തുവെന്നു് അവൻ സമ്മതിച്ചു. ഇതു വളരെ പ്രധാനപ്പെട്ട ഒരു കുററസമ്മതമായിരുന്നു. സ്പോർട്ട്സ് സാമാനപ്പീടികയിൽനിന്നു വ്യമാസ്റ്റേർസ് മാത്രമേ കളവു പോയിരുന്നുള്ളു. മൗണ്ട് റോഡിലെ ഒരു വലിയ കാമറാ ഷോപ്പിൽനിന്നാണു് 15-12-56-ന്നു കാമറകൾ മോഷ്ടിക്കപ്പെട്ടതു്. ഇപ്പോൾ മണി ആ കുററവും അറിയാതെ ഏററുപറഞ്ഞിരിക്കുന്നു. ആ ഷോപ്പിൽനിന്നു മോഷ്ടിച്ച 14,000 ക. വിലവരുന്ന കാമറകളും വാച്ചുകളും അവൻ നടത്തിയ കവർച്ചകളിൽ കിട്ടിയ ഏററവും വലിയ 'കോളാ'യിരിക്കണമെന്നു് ഞാൻ അഭിപ്രായപ്പെട്ടപ്പോൾ ഒരു നിമിഷനേരത്തേക്കു മണി അമ്പരക്കുകയും പിന്നീട്, തന്നോടു് ആ സാമാനങ്ങൾ വാങ്ങിയ ആൾ തനിക്കു് എല്ലാററിനുംകൂടി വെറും 400 ക. മാത്രമേ തന്നുള്ളുവെന്നതിൽ അരിശം പ്രകടിപ്പിക്കുകയും ചെയ്തു. 28-11-56 ന്നു രാത്രി മൗണ്ട് റോഡിലെ ഒരു വാച്ച് ഷോപ്പിൻനിന്നു് അവൻ 2,000 ക.യുടെ വാച്ചുകൾ അപഹരിച്ച സംഗതി പറഞ്ഞപ്പോൾ അതും അവൻ നിശ്ശബ്ദനായി തല കുലുക്കി സമ്മതിച്ചു. എന്നാൽ അപ്പോഴും അവൻെറ മനസ്സു് തുച്ഛവിലയ്ക്കു തന്നോടു് അവയെല്ലാം തട്ടിയെടുത്ത ആളോടുള്ള വിദ്വേഷത്താൽ നീറുകയായിരുന്നു.

അങ്ങനെ മണിക്കു പങ്കുള്ളതായി ഞങ്ങൾ സംശയിച്ച 20 പീടികക്കവർച്ചകളിൽ 16 എണ്ണവും മണി സമ്മതിക്കുന്നതുവരെ ചോദ്യംചെയ്യൽ തുടർന്നുപോയി. ഈ കേസ്സുകളെക്കുറിച്ചു തുടർന്നു നടത്തിയ അന്വേഷണം 10,000 ക.യുടെ സാമാനങ്ങൾ കണ്ടെടുക്കുകയും മണി

VENGANOOR, A. O.

രണ്ടുകൊല്ലം കഠിനതടവിന്നു ശിക്ഷിക്കപ്പെട്ടുകയും ചെയ്ത തോടെയാണു സമാപിച്ചതു്.

രസകരമായ ഈ കുറ്റാന്വേഷണത്തിൽ പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനമായ രണ്ടു പാഠങ്ങൾ അടങ്ങിയിരിക്കുന്നു. ഒരു പാതകം നടന്ന സ്ഥലം, വിരലടയാളവിദഗ്ദ്ധൻ അവിടം പരിശോധിക്കുകയും കുറ്റവാളികൾ കൈകാര്യംചെയ്ത സാധനങ്ങളിലെ—പ്രത്യേകിച്ചു്, പൂനമല്ലി ഹൈറോഡ് തുണിഷോപ്പിൽ നിലത്തു കിടന്നിരുന്ന ചെല്ലപ്പെട്ടിയെപ്പോലെ സ്ഥാനം തെററിക്കിടക്കുന്ന സാധനങ്ങളിലെ—വിരലടയാളങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുന്നതുവരെ അലങ്കോലപ്പെട്ടുത്താതിരിക്കുക എന്നുള്ളതാണു് ഇതിൽ ഒന്നാമത്തേതു്. രണ്ടാമത്തേതു്, സംഭവസ്ഥലത്തെ വിരലടയാളം എന്നെന്നേക്കും വിലപ്പെട്ടതാണെന്നുള്ളതും. പെട്ടെന്നല്ലെങ്കിൽത്തന്നെയും, രണ്ടുകൊല്ലങ്ങൾക്കുശേഷം ഒരുപക്ഷേ, ആവലാതിക്കാരൻ കേസ്സിനെക്കുറിച്ചു മറന്നിരിക്കുകയോ, അതല്ലെങ്കിൽ അതിന്റെ തുമ്പുണ്ടാവുന്നതിനെക്കുറിച്ചുള്ള എല്ലാ ആശകളും കൈവെടിയുകയെങ്കിലുമോ ചെയ്തിരിക്കാവുന്നതിൽപ്പിന്നെ ഇന്ത്യാ സില്ക്ക ഹൗസ് കേസ്സിൽ സംഭവിച്ചതുപോലെ, ഭാവിയിലെപ്പോഴെങ്കിലും അതു തിരിച്ചറിയപ്പെടാൻ സാദ്ധ്യതയുണ്ടു്.

## ആൽവാർപെട്ടിലെ ശിവൻ

കവർച്ചക്കാർക്കിടയിൽ പല തരക്കാരുമുണ്ടെന്നു് ഏറെപ്പേർ ധരിച്ചിരിക്കാനിടയില്ല. ഉദാഹരണത്തിന്നു, പകൽ മാത്രം പ്രവർത്തിക്കുന്ന കവർച്ചക്കാരും രാത്രി മാത്രം

പ്രവത്തിക്കുന്ന കവർച്ചക്കാരും ഉണ്ട്. ചിലപ്പോൾ ഒരു കവർച്ചക്കാരൻ വൃദ്ധനും ദൃശ്യശ്രവണശക്തി കുറഞ്ഞവനും ഇരുട്ടിനെ ഭയമുള്ളവനും ആണെന്നു വരാം. അത്തരക്കാരൻ സ്വാഭാവികമായും പകൽ പ്രവത്തിക്കാനാണിഷ്ടപ്പെടുക. നേരേമറിച്ച് ചെറുപ്പക്കാരനും പ്രസരിപ്പും ജാഗ്രതയുമുള്ളവനുമായ ഒരു കവച്ച്ക്കാരന്നു, തനിക്ക് കവർച്ച നടത്താൻ പററിയ സമയം രാത്രിയാണെന്നു ബോദ്ധ്യമുണ്ടാവും. അങ്ങനെ ശാരീരികവും മനശ്ശാസ്ത്രപരവുമായ കാരണങ്ങളാൽ അവൻ രാത്രിക്കവർച്ചക്കാരനാവുന്നു. ഇതുപോലെതന്നെ, ആപൽസാദ്ധ്യതകളെ അഭിമുഖീകരിക്കുന്നതിന്നുള്ള സന്നദ്ധതയെ സംബന്ധിച്ചിടത്തോളവും ഒരു കവർച്ചക്കാരൻ മറെറാരു കവർച്ചക്കാരനിൽനിന്നും വ്യത്യസ്തനാകാം. അങ്ങനെ ഒരുവൻ വലിയ ആപൽസാദ്ധ്യതയില്ലാത്ത പൂട്ടിയ വീടുകളിലും പീടികകളിലും കവർച്ച നടത്തുന്ന പതിവു സ്വീകരിക്കുമ്പോൾ കൂടുതൽ നെഞ്ഞൂക്കുള്ള അപരൻ ആളുകളുള്ള വീടുകളിൽത്തന്നെ, അവർ ഉണരുകയും തന്നെ പിടികൂടുകയും ചെയ്യാനുള്ള സാദ്ധ്യതയെ കൂസാതെ, കവർച്ച നടത്താൻ ധൈര്യപ്പെടുന്നു.

മദിരാശി നഗരത്തിലെ ഏററവും നെഞ്ഞൂക്കുള്ളവനും ധിക്കാരിയുമായ കവർച്ചക്കാരിലൊരുവനായിരുന്നു ആൽവാർപ്പെട്ടിലെ ശിവൻ. അവനെ എങ്ങനെ പിടികൂടിയെന്നതു് പോലീസിന്റെ രസകരമായ ചില കുററാന്വേഷണതന്ത്രങ്ങളെ വിശദീകരിക്കുന്ന ഹൃദയാവർജ്ജകമായ ഒരു കഥയത്രേ. 1957 ആഗസ്റ്റ് മുതൽ ഒരു കൊല്ലത്തേക്കു നഗരത്തിലെ മൈലാപ്പൂർ—അഡയാർ—തെയ്നാംപെട്ട്—നുങ്കമ്പാക്കം പ്രദേശത്തെ പല പ്രമുഖ പൗരന്മാരുടേയും ബാംഗ്ലാവുകളിൽ നടന്ന ഒട്ടേറെ കവർച്ചകൾ

ഞങ്ങളെ വല്ലാതെ അസ്വസ്ഥരാക്കിത്തീൎത്തു. 1958 സെപ്റ്റംബർ ആയപ്പോഴേക്കും അത്തരം കേസ്സുകളുടെ എണ്ണം അമ്പതിനോടടുത്തിരുന്നു; അതിന്നും പുറമേ, കവർച്ചകൾ മുമ്പത്തേതിലും തുടർച്ചയായി സംഭവിക്കാനും തുടങ്ങി. ജാഗ്രതാപൂൎവ്വമായ പോലീസ് കാവൽകൊണ്ടു ഫലമുണ്ടായില്ല. ഏഴു സംഭവസ്ഥലങ്ങളിൽനിന്നു കണ്ടെടുത്ത വിരലടയാളങ്ങൾ, സിററി പോലീസിൻ്റെ വിരലടയാളവിഭാഗത്തിലെ കുപ്രസിദ്ധ കവർച്ചക്കാരുടേതിനോടു സാദൃശ്യമുള്ളവയായിരുന്നില്ല. എല്ലാ കേസ്സുകളും തുമ്പില്ലാതെ പോകുന്ന മട്ടാണു കണ്ടതു്.

8–9–58–നു ഞാൻ മൈലാപ്പൂർ സ്റ്റേഷനതിൎത്തിയിലെ കവൎച്ചകൾ നടക്കുന്ന പ്രദേശത്തു പ്രവൎത്തിക്കുന്ന കുററാന്വേഷണോദ്യോഗസ്ഥന്മാരെ വിളിച്ചുകൂട്ടി അന്വേഷണപുരോഗതിയെക്കുറിച്ചു ചർച്ചചെയ്തു. എല്ലാ കേസ്സുകളിലും പാതകം നടത്തിയ സമ്പ്രദായങ്ങളെ സംബന്ധിച്ചിടത്തോളം അത്ഭുതകരമായ സാദൃശ്യം ദൃശ്യമായിരുന്നു. ഒളിച്ചിരിക്കാൻ സൗകര്യമുള്ള കുററിക്കാടുകളോടുകൂടിയ, വിസ്തൃതമായ വളപ്പുകളുള്ള ബംഗ്ലാവുകളിലാണു് കവർച്ചകളത്രയും നടന്നിട്ടുള്ളതു്. ആ ബംഗ്ലാവുകളിലേക്കെല്ലാം നദീതീരമാൎഗ്ഗമായി പ്രവേശം സാദ്ധ്യമായിരുന്നു. അഡയാർ—തെയ്നാംപെട്ട്—മൈലാപ്പൂർ പ്രദേശത്തെ ബംഗ്ലാവുകളിലേക്കു അഡയാർപുഴക്കരയിലൂടെയും, നുങ്കമ്പാക്കത്തെ ബംഗ്ലാവുകളിലേക്കു കൂവംപുഴക്കരയിലൂടെയും. അഴുക്കുചാൽപ്പൈപ്പുവഴിയോ വെള്ളപ്പൈപ്പുവഴിയോ ആയിരിക്കണം കവൎച്ചക്കാരൻ ഒന്നാം നിലയുടെ മുനമ്പുഭിത്തിവരെ എത്തിയിരിക്കുക എന്നു വ്യക്തമാണു്. മുനമ്പുഭിത്തിയിലൂടെ നടന്നു് അവൻ ഒന്നാം നിലയുടെ തുറസ്സായ വരാന്തയിലോ ജാലകത്തിലോ

എത്തുകയും അതിലൂടെ മാളികമുറികളിലേക്കു പ്രവേശിക്കുകയും ചെയ്യതാവണം. വാച്ചുകൾ, ടൈംപീസുകൾ, സിഗരററ്ലൈററുകൾ, ഫൌണ്ടൻപേനകൾ, സ്വർണ്ണപ്പണ്ടങ്ങൾ എന്നീ സാധനങ്ങളാണ് മോഷ്ടിക്കപ്പെട്ടിട്ടുള്ളത്. വെള്ളിസ്സാമാനങ്ങളിൽ അവനു വലിയ താല്പര്യമില്ലായിരുന്നു. മുകളിൽനിന്നു പ്രധാനകോണിയിലൂടെ താഴത്ത് അടുക്കളയിലേക്കും തളത്തിലേക്കും കടന്ന് അവിടെയുള്ള റൊട്ടി, മുട്ട, പഴം, മദ്യം തുടങ്ങിയ ഭക്ഷ്യസാധനങ്ങൾ അവൻ മതിയാവോളം ആസ്വദിച്ചിരിക്കും. ദുർല്ലഭം ചില സന്ദർഭങ്ങളിൽ അവൻ ഒരു സഹായിയോടൊപ്പമാണ് കാണപ്പെട്ടത്. ആളുകൾ ഉണർന്നു ശബ്ദമുണ്ടാക്കിയപ്പോഴേക്കും രണ്ടുപേരും രക്ഷപ്പെട്ടു. ഒരിക്കൽ, ഒരു ബംഗ്ലാവിൽനിന്നു ആളുകൾ ഒച്ചയുണ്ടാക്കുകയും അവനെ പിൻതുടരാൻ ശ്രമിക്കുകയും ചെയ്തിട്ടും അവൻ രക്ഷപ്പെട്ടുവെന്നു മാത്രമല്ല, ഒരുമണിക്കൂറിന്നകം അടുത്ത തെരുവിൽ ഒരു കവർച്ച നടത്തുകകൂടി ചെയ്തു. ഈ സംഭവങ്ങളിലൊക്കെ കാണുന്ന പൊതുസാദൃശ്യം ഒരേ കുററവാളിയാണവയെല്ലാം കാരണഭൂതനെന്നു വ്യക്തമാക്കി. ഈ സംഭവപരമ്പരകളിൽ മൂന്നു പാതകസ്ഥലങ്ങളിൽനിന്നു കണ്ടുകിട്ടിയ വിരലടയാളങ്ങളിൽ കാണായ സാമ്യത ഇക്കാര്യം സ്ഥിരീകരിക്കും.

അതുവരെ നടത്തിയ അന്വേഷണഫലമായി, മുമ്പു പോലീസിൻെറ ശ്രദ്ധയിൽ പെട്ടുകഴിഞ്ഞിട്ടുള്ള കുപ്രസിദ്ധരായ രാത്രിക്കവർച്ചക്കാൎക്ക് അതിൽ പങ്കില്ലെന്നു ഞങ്ങൾ നിൎണ്ണയിച്ചിരുന്നു—നേരിട്ടുള്ള താരതമ്യത്തിലൂടെയും ഈ സംഭവങ്ങൾ നടന്ന സ്ഥലങ്ങളിൽനിന്നു കിട്ടിയ വിരലടയാളങ്ങളും മേല്പറഞ്ഞവരുടെ വിരലടയാളങ്ങളുമായി ഒത്തുനോക്കീട്ടും. അതിനാൽ, ധീരനും സമ

ത്ഥനമായ, പാതകങ്ങളുടെ—ഒരുപക്ഷേ, നിസ്സാരമായ തോതിലുള്ള പാതകങ്ങളുടെ—പശ്ചാത്തലത്തോടുകൂടിയവനും പോലീസിൻെറ ശ്രദ്ധയ്ക്കിതുവരെ വിഷയമായിട്ടില്ലാത്തവനുമായ ഒരു പുതിയ പുള്ളിയെയാണ് ഞങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ളതെന്നു വ്യക്തമായിരുന്നു. അതുകാരണം, കഴിഞ്ഞ 5 കൊല്ലത്തിനകം പ്രായേണ നിസ്സാരമായ പാതകങ്ങൾക്കു ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കുററവാളികളുടെ പുതിയ തലമുറ ഞങ്ങളുടെ നിഷ്കൃഷ്ടമായ പരിശോധനയ്ക്കു വിധേയമായി; അവരിലാരെങ്കിലും ഒരുപക്ഷേ, ഇപ്പോൾ ഞങ്ങൾക്കഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ളവനേപ്പോലുള്ള ഒരു പൂർണ്ണകവച്ചക്കാരനായി വളൎന്നിരിക്കാം. ഈ പരിശോധന ഒരു ത്രിമുഖപരിപാടി മുഖേന നടത്താനാണ് ഞങ്ങൾ തീരുമാനിച്ചതു്.

1) ഈ കുററവാളികളുടെ പ്രവൎത്തനസ്വഭാവത്തെക്കുറിച്ചു നേരിട്ടുള്ള അന്വേഷണം.

2) പഴയ കുററവാളികളെ സംബന്ധിച്ച അനുഭവത്തെ മുൻനിൎത്തിയുള്ള സ്വതന്ത്രമായ പഠനം.

3) വെല്ലൂരിലെ വിരലടയാളബ്യൂറോവിലുണ്ടായിരുന്ന ഈ പുത്തൻതലമുറക്കാരായ കുററവാളികളുടെ വിരലടയാളങ്ങളുമായി ഇപ്പോൾ ഏഴു സംഭവസ്ഥലങ്ങളിൽനിന്നു ലഭിച്ചിട്ടുള്ള വിരലടയാളങ്ങളുമായി ഒത്തുനോക്കൽ.

8-9-1958-ന്നു ഞാൻ മൈലാപ്പൂർ പോലീസ് സ്റ്റേഷനിലെ പഴയ റിക്കാർഡുകളിൽനിന്നു പുതിയ കവച്ചകൾക്കു കാരണക്കാരാവാനിടയുള്ള കുററവാളികളുടെ ഒരു പട്ടിക തയ്യാറാക്കി. ഏതാനും ദിവസങ്ങൾക്കുശേഷം മൈലാപ്പൂർ ഡിറ്റക്റ്റീവ് ഇൻസ്പെക്ടർ താംബരം

സ്റ്റേഷനിലെ റിക്കാർഡുകളിൽനിന്നു മറെറാരു പട്ടികയും തയ്യാറാക്കി. ഈ പട്ടികയിൽ പെട്ടവരുടെ ചലനങ്ങളും സ്വഭാവസവിശേഷതകളും ശ്രദ്ധിച്ചു മനസ്സിലാക്കുന്നതിനായി പ്രത്യേക പോലീസ് പാർട്ടികളെ നിയോഗിച്ചു. ഈ കുററവാളികളുടെ പേർവിവരം, അവരുടെ വിരലടയാളങ്ങൾ പുതുതായി ഏഴു സംഭവസ്ഥലങ്ങളിൽനിന്നു കിട്ടിയ വിരലടയാളങ്ങളുമായി ഒത്തുനോക്കാനുള്ള അഭ്യർത്ഥനയോടുകൂടി വെല്ലൂരിലെ വിരലടയാളബ്യൂറോവിലേക്കയച്ചുകൊടുക്കുകയും ചെയ്തു. ഇതിന്നെല്ലാം പുറമേ, കുപ്രസിദ്ധക്രിമിനൽപ്പുള്ളികളുമായി ബന്ധം പുലർത്തി, നഗരത്തിൽ പ്രവർത്തിച്ചുവരുന്നവരെന്നു സംശയിക്കപ്പെടുന്ന ചെറുപ്പക്കാരായ കുററവാളികളെക്കുറിച്ച് അവരെ വിശദമായി ചോദ്യംചെയ്തു.

13-9-1958-നു ആൽവാർപെട്ടിലെ ഒരു പ്രമുഖ കവർച്ചക്കാരനായ കാപാലിയെ മൈലാപ്പൂർ പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലാക്കുകയുണ്ടായി. മൈലാപ്പൂർ ഡിറ്റക്ടീവ് ഇൻസ്പെക്ടർ അവനെ ചോദ്യംചെയ്തപ്പോൾ മൈലാപ്പൂർ പ്രദേശങ്ങളിലെ തെങ്ങിൻതോപ്പുകളിൽനിന്നു തേങ്ങ കളവുചെയ്യുകയും വീടുകളിൽനിന്നു മററു ചില്ലറക്കളവുകൾ നടത്തുകയും ചെയ്തിട്ടുള്ള ശിവൻ എന്ന തൊഴിലില്ലാത്ത ഒരു ചെറുപ്പക്കാരൻ വലിയതോതിൽ ചൂതുകളിക്കുകയും ലോഭമില്ലാതെ പണം ചെലവാക്കുകയും ചെയ്യുന്നതായി അവൻ അറിയിച്ചു. ശിവൻ എന്ന പേർ ഇൻസ്പെക്ടർക്കു സുപരിചിതമായി തോന്നുകയും മൈലാപ്പൂരിലെ മാത്രമല്ല, താംബരത്തേയും പോലീസ്സ്റ്റേഷനിലെ റിക്കാർഡുകളിൽ ആ പേർ ഉള്ളതായി തീർച്ച തോന്നുകയും ചെയ്തു. രാത്രി തേങ്ങ മോഷ്ടിക്കാൻ തെങ്ങിന്മേൽ കയറുന്നവനു ഇരുട്ടത്തു മോഷണത്തിനായി

ബംഗ്ളാവുകളിലെ അഴുക്കുചാൽ പൈപ്പുകളിൽ കേറുക ഒരു കുട്ടിക്കളി മാത്രമായിരിക്കും.

അങ്ങനെ 15-9-1958-നു വൈകുന്നേരം ഡിറ്റക്ടീവ് പാർട്ടി ശിവനെ അന്വേഷിച്ചു പുറപ്പെട്ടുകയും ആൽവാർപെട്ടിന്നടുത്തു തിരുവെല്ലൂർ ശാലയ്ക്കു സമീപം അവനെ കണ്ടെത്തുകയും ചെയ്തു. പോലീസ് തന്നെ അന്വേഷിച്ചു പുറപ്പെട്ടതാണെന്നു മനസ്സിലാക്കിയ അവൻ രക്ഷപ്പെടാൻ ഒരു ശ്രമം നടത്തിയെങ്കിലും പോലീസ് വിട്ടില്ല. ഒന്നരനാഴികയോളം പിൻതുടൻ്ന് തെയ്നാംപെട്ടിന്നു സമീപംവെച്ച് പോലീസ് അവനെ അറസ്ററു ചെയ്തു. അന്നുരാത്രി മൈലാപ്പൂർ സ്റ്റേഷനിൽവെച്ച് ഒന്നാമത്തെ കേസ്സിൽ—അതു് ആ പരമ്പരകളിൽ ഒന്നാണെന്നു വ്യക്തമായിരുന്നു—ശിവൻ കുററം സമ്മതിച്ച നിമിഷത്തിൽ ഞങ്ങളുടെ പാടു തീൻ്വെന്നു ഞങ്ങൾക്കു ബോധ്യമായി. ഉടൻതന്നെ ശിവൻെറ വിരലടയാളമെടുത്തു സിററിപോലീസിൻെറ വിരലടയാളവിഭാഗത്തിലേക്കയച്ചുകൊടുത്തു. പിറേറന്നു രാവിലെതന്നെ ഏഴു സംഭവസ്ഥലങ്ങളിൽനിന്നു കണ്ടുകിട്ടിയ വിരലടയാളങ്ങൾ ശിവൻേറതല്ലാതെ മററാരുടേതുമല്ലെന്നു കാണിച്ചുകൊണ്ടുള്ള റിപ്പോർട്ടു കിട്ടി. അതിനു പുറമേ, 17-9-58-നു വെല്ലൂരിലെ വിരലടയാളബ്യൂറോവിൽനിന്നും ഇതേ കാര്യം സ്ഥിരീകരിച്ചുകൊണ്ടു ഒരു സന്ദേശം ലഭിച്ചു! അങ്ങനെ ഞങ്ങളുടെ ത്രിമുഖപരിപാടി സഫലമായിത്തീൻ്നു. ഒന്നിച്ചുള്ള മൂന്നു വെടികളാൽ ഒരു പക്ഷി കൊല്ലപ്പെട്ടതിൻ്റെ അന്യാദൃശമായ ഒരു കഥയായിരുന്നു അതു്!

ഇത്തരം പാതകങ്ങൾ എങ്ങനെ തടയാമെന്നതു് ഇത്തരുണത്തിൽ ഉയൻ്വരാവുന്ന ഒരു പ്രധാനപ്രശ്നമാകുന്നു. ഇതിന്നു എളുപ്പത്തിൽ കൈക്കൊള്ളാവുന്ന ചില

കരുതൽ നടപടികളുണ്ട്. ഒരു പ്രധാനകാര്യം, രാത്രിക്കവർച്ചക്കാർ തെളിഞ്ഞ പ്രകാശത്തെ വെറുക്കുന്നുവെന്നതിനാൽ രാത്രിസമയത്തു ബംഗ്ലാവിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളിൽ വിളക്കുകൾ പ്രകാശിപ്പിച്ചുവെയ്ക്കുകയാണ്. അതുതന്നെ കവർച്ചക്കാരെ അകററാൻ പോരുന്ന ഒരുപായമാവും. രണ്ടാമത്തെ പ്രധാനോപായം, ബംഗളാവുകൾക്കകത്തേക്കു കടക്കാൻ സഹായകമാവുന്ന മാർഗ്ഗങ്ങൾ അനഭിഗമ്യങ്ങളാക്കുകയെന്നതാണ്. അഴുക്കുചാൽപൈപ്പുകൾക്കും വെള്ളപ്പൈപ്പുകൾക്കും ചുററും മുൾവേലി കെട്ടുകയും പറമ്പിൻെറ പുറംമതിലുകളുടേയും സൺഷെയ്ഡുകളുടേയും ഒന്നാംനിലയുടെ മുനമ്പുഭിത്തികളുടേയും ഉപരിഭാഗത്തു കുപ്പിച്ചില്ലുകൾ പതിക്കുകയും ചെയ്യുന്നതു ഫലപ്രദമായ പ്രതിവിധിയാവും. വീട്ടിൽ ഒരു നല്ല കാവൽനായയുണ്ടാകുന്നതും രാത്രിക്കള്ളന്മാരുടേയും കവർച്ചക്കാരുടേയും ശല്യം ഒഴിവാക്കാൻ ഒന്നാന്തരം ഉപായമാകുന്നു. നഗരത്തിലെ ഓരോ പൗരനും ഈ പ്രശ്നത്തെക്കുറിച്ചു നിഷ്കർഷാപൂർവ്വം ചിന്തിക്കുന്ന പക്ഷം ഇത്തരത്തിലുള്ള പല പ്രതിവിധികളും കണ്ടെത്താൻ സാധിക്കും. അതാകട്ടെ, ശിവനേപ്പോലുള്ള ഒരു രാത്രിക്കവർച്ചക്കാരന്നു തൻെറ കൃത്യം അസാധ്യമാക്കിയില്ലെങ്കിൽ ദുഷ്കരമെങ്കിലുമാക്കിത്തീർക്കും.

## അലക്കുകാരൻ രങ്കൻ

റെഡ്ഹിൽസിലെ രങ്കൻ 1958-ൽ തന്റെ അലക്കുപണി വിട്ടു കഴുതക്കച്ചവടക്കാരനാവാനുറച്ചു. സാഹചര്യങ്ങൾ ആവശ്യമാക്കിത്തീർത്ത രസകരമായ ഒരു തീരുമാ

നമായിരുന്ന അതു്. ഈ തീരുമാനത്തിന്നു് അവന്നു പറയാനുണ്ടായിരുന്ന ഒരു കാരണം, താൻ വർണ്ണാന്ധനാണെന്നും (നിറവ്യത്യാസം തിരിച്ചറിയാൻ കഴിയാത്ത) ഒരു ശുദ്ധ വസ്ത്രവും അഴുക്കുവസ്ത്രവും തമ്മിൽ തിരിച്ചറിയാൻ സാധിക്കുകയില്ലെന്നും ഉള്ളതായിരുന്നു. ഒരലക്കുകാരനെസ്സംബന്ധിച്ചിടത്തോളം അതൊരു വലിയ കോട്ടംതന്നെയാണല്ലോ!

എന്നാൽ യഥാർത്ഥ കാരണം വേറെയായിരുന്നു. 1958 ആയപ്പോഴേക്കും രങ്കൻ മോഷണത്തിന്നും, പലരും അലക്കാൻ ഏല്പിക്കുന്ന വസ്ത്രങ്ങൾ ദുരുപയോഗപ്പെടുത്തുന്നതിന്നും കുപ്രസിദ്ധി നേടിക്കഴിഞ്ഞിരുന്നു. ഒരലക്കുകാരനായിരുന്ന തൻെറ അച്ഛൻെറ കീഴിൽ പണിയെടുക്കവേ 1940–ൽ അവൻ ഈ ഏർപ്പാടു തുടങ്ങിയപ്പോൾ വീട്ടിൽനിന്നു പുറത്താക്കപ്പെടുകയും ഉപജീവനമാർഗ്ഗം തേടി നഗരത്തിൽ വരുകയും ചെയ്തു. അന്നവന്നു 18 വയസ്സു പ്രായമായിരുന്നു.

വീടുവിട്ട ഉടനെ 1940 സെപ്തമ്പറിൽ വാഷർമെൻപെട്ടിലെ ഒരലക്കുകാരൻെറ കീഴിൽ അവന്നു പണികിട്ടി. ശമ്പളദിവസത്തിനിടയ്ക്കു് അത്യാവശ്യങ്ങൾ നിവർത്തിക്കാൻ പണത്തിന്നു ഞെരുക്കം അനുഭവപ്പെട്ടപ്പോൾ അവൻ ഒരു കെട്ടു് അലക്കുവസ്ത്രങ്ങൾ എടുത്തു വിററു. അതിന്നു് അവൻ അറസ്റ്റും ചെയ്യപ്പെട്ടുവെങ്കിലും കോടതി അവനെ നല്ലനടപ്പു ജാമ്യത്തിൽ വിട്ടു. 1941 നവംബറിൽ അവൻ എഗ്മൂറിലേക്കു മാറി ഈ തൊഴിൽ ആവർത്തിക്കുകയും ഇത്തവണ അവന്നു രണ്ടു് ആഴ്ചത്തെ തടവുശിക്ഷ ലഭിക്കുകയും ചെയ്തു. ഇതു് അവനിൽ ഒട്ടൊക്കെ ആശാസ്യമായ ഒരു മാററം വരുത്തിയതായി തോന്നി. അടുത്ത അഞ്ചുകൊല്ലക്കാലം അവൻ നിയമാനുസാരിയായിത്തന്നെ

ജീവിച്ചു. എന്നാൽ 1947 ജൂണിൽ അവൻ മാധാവരത്തു താമസമാക്കിയപ്പോൾ അവനിലെ പഴയ കുററവാസന പിന്നേയും തലപൊക്കുകയും തുടന്നു് ആറു മാസം ജയിലിലടയ്ക്കപ്പെട്ടുകയും ചെയ്തു. ഇതിനിടയ്ക്കു് മോഷണം അവന്റെ ഒരു സ്ഥിരം സ്വഭാവമായിക്കഴിഞ്ഞിരുന്നു. പൊന്നേരിയിലും ഗുമ്മിഡിപ്പൂണ്ടിയിലും അയനാവരത്തും സെംബ്യത്തും നടത്തപ്പെട്ട അത്തരം കുററങ്ങൾക്കു യഥാക്രമം തുടർച്ചയായി 1948-ലും 1950-ലും 1951-ലും 1952-ലും അവൻ ശിക്ഷിക്കപ്പെട്ടു.

വിസ്തൃതമായ ഒരു പ്രദേശം മുഴുക്കെ ഈ കുപ്രസിദ്ധി ആജ്ജിച്ചതുകാരണം അവനെ ആരും ജോലിക്കു വെയ്ക്കാൻ ഒരുക്കമില്ലെന്നു വന്നപ്പോൾ അവൻ തന്റെ ജീവിതത്തിൽ വീണ്ടും ഒരു പുതിയ അദ്ധ്യായം ആരംഭിച്ചു; അങ്ങനെ അഞ്ചുകൊല്ലത്തേക്കുകൂടി നിയമത്തിനു വഴങ്ങിക്കഴിഞ്ഞുകൂടി. എന്നാൽ അവന്റെ അസ്വസ്ഥമായ ആത്മാവുണ്ടോ വെറുതെയിരിക്കുന്നു? ഈ പരിതസ്ഥിതിയിലാണു് അവൻ ഒരു കഴുതക്കച്ചവടക്കാരനാവാൻ തീരുമാനിച്ചതു്. എന്നാൽ അവൻ ഒരു പ്രത്യേകതരം കച്ചവടക്കാരനായിരുന്നു. അവൻ വില്ക്കുന്ന കഴുതകളത്രയും മോഷ്ടിക്കപ്പെട്ടവയായിരുന്നു. 12-3-58-ന്നു് സെംബ്യത്തെ അലക്കുകാരനായ മാണിക്യം തന്റെ കഴുതകളെ അടുത്തുള്ള മൈതാനിയിൽ മേയാൻ വിട്ടു തുണികൾ അലക്കുകയായിരുന്നു. ആ സമയത്തു് രങ്കൻ അവിടെ എത്തിപ്പെട്ടുകയും കഴുതകളെ സൂത്രത്തിൽ ദൂരേക്കു തെളിച്ചുകൊണ്ടു പോകയും കോടമ്പാക്കത്തെ ഒരലക്കുകാരനായ പൊന്നനു്—അവൻ കഴുതകളില്ലാതെ വിഷമിച്ചിരിക്കയായിരുന്നു—അവയെ വില്ക്കുകയും ചെയ്തു. താൻ റെഡ്ഹിൽസിലെ ഒരു കഴുതക്കച്ചവടക്കാരനാണെന്നു്

അവൻ പൊന്നനോട്ട പറഞ്ഞു. സരളവും സുകരവുമായ ഈ അടവു പ്രയോഗിച്ച് ആദ്യത്തെ ആഴ്ചയ്ക്കകം രങ്കൻ 9 കഴുതകളെ വിററു. എന്നാൽ അലക്കുകാരൻ മാണിക്യത്തിൻെറ ആവലാതിയെത്തുടന്നു സെംബ്യം പോലീസ് രങ്കനെ അറസ്റ്റുചെയ്യതോടുകൂടി അവന്നു തൻെറ പുതിയ തൊഴിൽ പൊടുന്നനെ അവസാനിപ്പിക്കേണ്ടിവന്നു.

നാലു മാസത്തെ ജയിൽശിക്ഷയ്ക്കുശേഷം രങ്കൻ ഇപ്പോൾ റെഡ്ഹിൽസിലെ തൻെറ വീട്ടിൽ തിരിച്ചെത്തിയിരിക്കയാണ്. അവൻ കഴുതക്കച്ചവടം നിൎത്തി വീണ്ടും പഴയ അലക്കുതൊഴിൽതന്നെ സ്വീകരിച്ചിരിക്കുന്നു. പാതകംകൊണ്ടു ഗുണമില്ലെന്നു ബോദ്ധ്യപ്പെടാൻമാത്രം പ്രായം അവന്നു് ആയിക്കഴിഞ്ഞു. എന്നാലും അവനിലെ കുററവാസന ഇനിയും എപ്പോൾ തലപൊക്കുമെന്നു് ആക്കും പറയാനാവില്ല.

## കൊറവർ

പണ്ടുകാലത്തു നമ്മുടെ നാട്ടിൻപുറങ്ങളിൽ നിലനിന്നുപോന്ന ദാരിദ്ര്യാവസ്ഥയുടെ പ്രത്യേകതകൊണ്ടായിരിക്കാം, ഒരു പ്രത്യേക വൎഗ്ഗക്കാൎക്കു പാതകം മിക്കവാറും ഒരു തൊഴിലും ജീവിതോപായവുമായിത്തീൎന്നതു്. "ക്രിമിനൽ ഗോത്രവൎഗ്ഗക്കാർ" എന്നാണവരെ വിശേഷിപ്പിച്ചുപോന്നതു്. അവരുടെമേൽ കർശനമായ നിയന്ത്രണം ചുമത്തുകയും അങ്ങനെ അവരുടെ ക്രിമിനൽ നടപടികളെ തടയുകയും ചെയ്യുന്നതിന്നു ക്രിമിനൽ ട്രൈബ്സ് ആക്ട് എന്നു് ഒരു പ്രത്യേകനിയമം തന്നെയുണ്ടായിരുന്നു. ഈ നിയമപ്രകാരം ക്രിമിനൽ ഗോത്രക്കാരായി പ്രഖ്യാ

പിക്കപ്പെട്ട വർഗ്ഗത്തിലെ അംഗങ്ങൾ സെററിൽമെണ്ടുക ളിലോ പ്രത്യേകം നിശ്ചയിക്കപ്പെട്ട മറ്റു സ്ഥലങ്ങളിലോ താമസിച്ചുകൊള്ളണമെന്നോ ദിവസേന തദ്ദേശത്തെ പോലീസ്സ്റ്റേഷനിൽ ചെന്നു റിപ്പോർട്ടു ചെയ്യണമെ ന്നോ ലൈസൻസ്പ്രകാരമേ ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു പോകാൻ പാടുള്ളുവെന്നോ നി ഷ്കർഷിക്കാമായിരുന്നു. ഇത്തരം ക്രിമിനൽവർഗ്ഗക്കാരിൽ ചിലരായിരുന്നു പരമലൈ കള്ളർമാർ, കൊറവർ, കെ പ്മാരികൾ, തൊട്ട്യനായ്ക്കന്മാർ തുടങ്ങിയവർ.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ക്രിമിനൽ ട്രൈബ്സ് ആക്ടിന്നുപകരം ഹാബിച്ചൽ ഒഫൻഡേർസ് ആക്ടിന്റെ നിയന്ത്രണം നടപ്പാക്കി. ഇവയ്ക്കുതമ്മിൽ ഒരു അടിസ്ഥാന തത്വത്തിൽ വ്യത്യാസമുണ്ടായിരുന്നു. വ്യക്തികളെ— അവരിൽ ചിലരെങ്കിലും നല്ല പൗരന്മാരാകാം, അഥവാ ആകാനിടയുണ്ടാവാം—കണക്കിലെടുക്കാതെ ഒരു വർഗ്ഗ ത്തെ മുഴുവൻ കുററവാളികളായി മുദ്രകുത്തുന്നതു ശരിയ ല്ലെന്നായിരുന്നു പുതിയ അഭിപ്രായഗതി. അതു ന്യായവു മായിരുന്നു. അതിനാൽ, ക്രിമിനൽ ഗോത്രക്കാരായി പ്രഖ്യാ പിക്കപ്പെട്ട ഒരു വർഗ്ഗത്തിലെ അംഗങ്ങളാണെന്ന വസ്തുത മാത്രം പരിഗണിച്ചുകൊണ്ടല്ലാതെ, കുററവാളികളെന്ന നിലയ്ക്കു് അറിയപ്പെട്ടുന്നവരുടെമേൽ മാത്രം നിയന്ത്രണ നടപടികൾ ചുമത്തപ്പെട്ടുകയാണു വേണ്ടതു്.

ഈ മുൻ ക്രിമിനൽവർഗ്ഗക്കാരിൽ തമിഴ്നാട്ടിലെ തെക്കൻജില്ലകളിലെ കൊറവർ പാതകങ്ങൾക്കും അവ നടത്തുന്നതിലുള്ള അവരുടെ, രാജ്യത്തു മററു പലക്കും ഇ ല്ലാത്ത, വൈദഗ്ദ്ധ്യത്തിന്നും കുപ്രസിദ്ധിയാർജ്ജിച്ചിരു ന്നു. കൊറവരെപ്പോലെതന്നെ പാതകങ്ങൾക്കു പേരു കേട്ടവരാണു് മൈസൂരിലെ കൊറച്ചരും ആന്ധ്രയിലെ

കരികാളരും. മററു സ്റ്റേററുകളിലുമുണ്ട് ഇത്തരക്കാർ: വാഘിരികളും ബോറിയകളും മററും. എന്നാൽ തമിഴ് നാട്ടിലെ കൊറവർ ഏററവും ബുദ്ധിശാലികളും സമത്ഥമാംവണ്ണം രക്ഷപ്പെടാൻ കഴിവുള്ളവരുമാകുന്നു. അവരുടെ പ്രവത്തനം രാജ്യത്തിലെ മിക്കവാറും എല്ലാ സ്റ്റേറ്റുകളിലേക്കും വ്യാപിപ്പിക്കപ്പെട്ടിരിക്കുന്നു. പല കൊറവരും സൽസ്വഭാവികളും അഭ്യസ്തവിദ്യരുമായിത്തീന്നിട്ടുണ്ട്. എന്നാൽ അവരിൽ വലിയൊരു വിഭാഗത്തിൽ ക്രിമിനൽ സ്വഭാവം ഇന്നും അവശേഷിച്ചിരിക്കുന്നു; അവർ ഇപ്പോഴും പഴയ തൊഴിൽതന്നെ തുടന്നുവരികയാണ്.

1952-ൽ രാമനാഥപുരം ജില്ലയിലെ ഒരു ഗ്രാമത്തിലെ കുപ്രസിദ്ധകുററവാളിയായ കോറഗുരുസ്വാമി വമ്പിച്ച തോതിൽ ഒരു പാതകപ്രസ്ഥാനം ആരംഭിച്ചു. അവൻ ജില്ലയിലെ വിവിധ കൊറവസങ്കേതങ്ങളിൽ നിന്നു് തൻെറ വർഗ്ഗത്തിൽപ്പെട്ട 81 പേരെ സംഘടിപ്പിക്കുകയും അവർ രാജ്യമാസകലം വ്യാപിച്ച് അഭൂതപൂവ്വമായ തോതിൽ കൂട്ടായ്മക്കവർച്ചയും പിടിച്ചുപറിയും മോഷണവും നടത്തുകയും ചെയ്തു. 1955 ആയപ്പോഴേക്കും അവർ അത്തരം 400-ൽപ്പരം പാതകങ്ങൾ നടത്തി. അവയിൽ 180- ഓളം മദിരാശി സ്റ്റേററിലും 80 എണ്ണം ആന്ധ്രയിലും 30 എണ്ണം മൈസൂരിലും 50 എണ്ണം വീതം ബീഹാറിലും പശ്ചിമബംഗാളിലും ആയിരുന്നു.

പാതകങ്ങൾ നടത്തപ്പെട്ട സമ്പ്രദായത്തിന്നു കൊറവരുടെ പ്രത്യേകമായ സ്വഭാവസവിശേഷതകൾ പ്രകടമായിരുന്നു. റെയിൽവഴി ബന്ധിപ്പിക്കപ്പെട്ട നഗരങ്ങളും ഗ്രാമങ്ങളുമാണ് അവർ പ്രധാനമായും പാതകങ്ങൾ നടത്തുന്നതിന്നായി തിരഞ്ഞെടുത്തതു് എന്നതായിരുന്നു പ്രഥ

മവും പ്രധാനവുമായ പ്രത്യേകത. വിപുലമായ തോതിൽ തീവണ്ടിയിൽ സഞ്ചരിക്കുന്ന ഒരു കൂട്ടരാണ് പാതകങ്ങൾ നടത്തുന്നതെന്നായിരുന്നു അതിൻെറ സൂചന. ഈ നഗരങ്ങളുടേയും ഗ്രാമങ്ങളുടേയും പ്രാന്തങ്ങളിലെ വീട്ടുകളും അവരുടെ ആക്രമണത്തിന്നു വിധേയമായി. അവർ ആദ്യം തങ്ങളുടെ പ്രവൎത്തനത്തിനു ഒരു താവളം സൃഷ്ടിക്കുകയും അവിടെ നിലയുറപ്പിച്ചുകൊണ്ടു് തങ്ങൾ പാതകങ്ങൾ നടത്താൻ ഉദ്ദേശിക്കുന്ന പ്രദേശത്തെക്കുറിച്ചു പഠനം നടത്തുകയും ചെയ്യുന്നു. ഹോട്ടലിൽ നിന്നു ഭക്ഷണം കഴിച്ചശേഷം വൈകുന്നേരത്തെ സിനിമയും കണ്ടു് അവരിൽ നാലോ അഞ്ചോ പേർ തങ്ങൾ ലക്ഷ്യമാക്കിയിട്ടുള്ള സ്ഥലത്തെ വയലുകളിലോ കാട്ടുകളിലോ ചെന്നു് അർദ്ധരാത്രിവരെ വിശ്രമിക്കുന്നു. അവർ ഉടുപ്പുകൾ അഴിച്ചു് അരയിൽ കെട്ടുകയും അതിന്നു മീതെ ഒരു കറുപ്പുതുണി ചുററുകയും ചെയ്യും. ഇതുകാരണം ഇരുട്ടിൽ അവരെ ആക്കും കാണാനാവില്ല. പിന്നെ, കൈയിൽ ഓരോ വടിയും കീശയിൽ നിറയെ കല്ലുകളുമായി അവർ പാതകത്തിന്നു നിശ്ചയിക്കപ്പെട്ട സ്ഥലത്തേക്കു പുറപ്പെടും. ഏതെങ്കിലുമൊരു വീട്ടിൽ. വാതിലിന്റെ അരമയ്ക്കു തൊട്ടു ചുമരിൽ ഒരു ദ്വാരമുണ്ടാക്കി അതിലൂടെ കൈയിട്ടു് അരമ നീക്കി, അവർ പ്രവേശിക്കുന്നു. ആദ്യം വീട്ടിലെ എല്ലാ പെട്ടികളും പിൻവരാന്തയിലേക്കോ അല്പം ദൂരെ എവിടേക്കെങ്കിലുമോ കൊണ്ടുപോയി അവയ്ക്കകത്തുള്ള വിലപിടിച്ച സാധനങ്ങളൊക്കെ എടുത്തു മാററും. പിന്നെ അലമാരകളും മററും തുറന്നു് അവയിലുള്ള സാധനങ്ങളും എടുക്കും. ഒടുവിൽ, പുറത്തു കടക്കുന്നതിന്നു മുമ്പായി ഉറങ്ങിക്കിടക്കുന്ന സ്ത്രീയുടെ കഴുത്തിലെ താലികളും ചങ്ങലകളും അവർ അഴിച്ചെടുക്കും.

അപ്പോൾ, വീട്ടിലുള്ളവർ ഉണർന്നെണീററാൽ കവർച്ചക്കാർ തങ്ങളുടെ കൈയിലുള്ള വടികൊണ്ട് അവരെ പൊതിരെ തല്ലും; ആരെങ്കിലും തങ്ങളെ പിൻതുടന്നാൽ അവരെ കല്ലുകൊണ്ടെറിയും. തങ്ങളെ എതിരിടുകയോ പിൻതുടരുകയോ ചെയ്യുന്നതിനെ തടയുകയെന്നതിൽ കവിഞ്ഞ ഉദ്ദേശമൊന്നും അവക്കുണ്ടാവില്ല. അങ്ങനെ ഒരൊററ രാത്രി അവർ തുടർച്ചയായി അത്തരത്തിലുള്ള അനേകം പാതകങ്ങൾ നടത്തും.

മൂന്നു കൊല്ലത്തോളം കൂടെക്കൂടെയുള്ള ഇത്തരം കവച്ച്കൾ നിർബ്ബാധം തുടന്നുപോയി. കൊറവരാണ് ഈ പാതകങ്ങൾ നടത്തുന്നതെന്നതിൽക്കവിഞ്ഞു് അവയെപ്പററി വ്യക്തമായ തെളിവുകളൊന്നും ലഭിക്കുകയുണ്ടായില്ല. 1954-ൽ മദിരാശി നഗരത്തിലും പരിസരങ്ങളിലും വില്ലിവാക്കം, തിരുവട്ടിയൂർ, പല്ലാവരം എന്നീ സ്ഥലങ്ങൾക്കു ചുററുമായി ഇത്തരം പാതകങ്ങളുടെ ഒരു പുതിയ പരമ്പരയുണ്ടായി. കൊറവർ തിരിച്ചെത്തിയിരിക്കുന്നുവെന്നു വ്യക്തം. സ്റ്റേററ് കുററാന്വേഷണവകുപ്പിൻെറ ക്രൈംബ്രാഞ്ച് ഇവയെക്കുറിച്ച് അന്വേഷണം നടത്തി; നഗരത്തിലെയും പരിസരങ്ങളിലെയും കൊറവസങ്കേതങ്ങളിൽ അവർ പരിശോധന നടത്തി. ആഴ്ചകൾ നീണ്ടുനിന്ന ക്ഷമാപൂർവ്വമായ അന്വേഷണത്തിന്നുശേഷം 1955 ഫെബ്രുവരിയിൽ സെംബിയത്തെ ഒരു വീട്ടിൽ കൊറവരെന്നു സംശയിക്കപ്പെട്ടുന്ന ഒരു കുടുംബം പാപ്പ്റപ്പിച്ചിട്ടുള്ളതായി വിവരം കിട്ടി. ജോലിയൊന്നുമില്ലാത്ത അവർ ആഡംബരപൂർവ്വമാണ് ജീവിക്കുന്നതെന്നും അറിയാൻ കഴിഞ്ഞു. വീട്ടിലെ പുരുഷന്മാർ തുടർച്ചയായി പല ദിവസങ്ങളിലും—രാവും പകലും— വീട്ടിൽ ഉണ്ടാവാതിരിക്കാറുണ്ടെന്നു് സമീപവാസികൾ പറഞ്ഞു.

1955 ഫെബ്രുവരി 12-ാം തീയതി അന്വേഷണം നടത്തുന്ന ഇൻസ്പെക്ടർ ഒരു സംഘം പോലീസുകാരോടു കൂടി വീടു വളയുകയും കോറഗുരുസ്വാമിയേയും അയാളുടെ ഭാൎയ്യയേയും മൂന്ന് അളിയന്മാരേയും അവരിലൊരാളുടെ ഭാൎയ്യയേയും അവിടെ കണ്ടെത്തുകയും ചെയ്തു. പുരുഷന്മാർ വാച്ചുകളും സ്ത്രീകൾ വിലപിടിച്ച വസ്ത്രങ്ങളും ആഭരണങ്ങളും ധരിച്ചിരുന്നു. ഏററവും ഒടുവിൽ നടന്ന ചില കവർച്ചകളിൽ മോഷ്ടിക്കപ്പെട്ടവയാണവയെന്ന് ഉടനെ വ്യക്തമായി. അവരുടെ പക്കലുണ്ടായിരുന്ന മറ്റു സാമാനങ്ങളുടെ കൂടെ ഒരു പെട്ടിയിൽ, വിലപിടിച്ച ഒട്ടേറെ സാധനങ്ങൾ പണയംവെച്ചതിൻെറ ടിക്കററുകളും കണ്ടു കിട്ടി. ഒടുവിൽ, തൻെറ ഭാഗ്യം അസ്തമിക്കയും സാഹസികകൃത്യങ്ങൾക്കറുതിവരികയും ചെയ്തതായി ഗുരുസ്വാമി മനസ്സിലാക്കി. അവൻ കവർച്ചകളുടെ പൂൎണ്ണവിവരണം നല്കുകയും അതിൻെറ അടിസ്ഥാനത്തിൽ പോലീസ് വിപുലമായ അന്വേഷണം നടത്തുകയും ചെയ്തതിൻെറ ഫലമായി കവർച്ചസംഘത്തിലെ 87 അംഗങ്ങൾ വലയിൽ വീഴുകയും ചെയ്തു.

രണ്ടു കേസ്സുകളിലായി മുഴുവൻ സംഘത്തെയും വിചാരണക്കു വിധേയരാക്കി. കേസ്സുകളുടെ അസാധാരണസ്വഭാവം പരിഗണിച്ച് അവയുടെ വിചാരണക്കായി ഗവമ്മെണ്ട് ഒരു പ്രത്യേകകോടതിതന്നെ ഏർപ്പെടുത്തുകയുണ്ടായി. രാജ്യത്തിൻെറ നാനാഭാഗത്തുനിന്നുമുള്ള 1500ഓളം സാക്ഷികൾ വിസ്തരിക്കപ്പെട്ടു; നൂറുകണക്കിൽ 'എക്സിബിററു'കൾ ഹാജരാക്കപ്പെട്ടു; വിചാരണ പൂൎത്തിയാവാൻ 5 കൊല്ലം വേണ്ടിവന്നു. പ്രതികളിൽ 58 പേർ ദീർഘകാലത്തേക്കു ശിക്ഷിക്കപ്പെട്ടു. ചിലരെ മാത്രം വേണ്ടത്ര തെളിവില്ലാത്തതിനാൽ വിട്ടയച്ചു. കൊറവ

വർഗ്ഗക്കാരിൽ ഇപ്പോഴും അവശേഷിച്ചിട്ടുള്ള കുററവാളികൾക്കു് ഒരു കനത്ത പ്രഹരമായിത്തീർന്നു ഈ ട്രേസ്സുകൾ. കോറഗുരുസ്വാമി ഇന്നു ജയിലിലാണു്. പാതകം വാസ്തവത്തിൽ ഗുണം ചെയ്യുന്നുണ്ടോ എന്നതിനെപ്പററി അവൻ ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ടാവണം.

## മദിരാശിയിലെ പോലീസ്നായ്ക്കൾ

മദിരാശിപോലീസ് പ്രശസ്തമാണെങ്കിൽ, അവരുടെ പോലീസ്നായ്ക്കൾ കുററാന്വേഷണത്തിന്നുള്ള അവയുടെ കഴിവിന്നു കേൾവിപ്പെട്ടതാണെന്നു സത്യമായിത്തന്നെ പറയാം. ഒരു കുറ്റവാളിയെസ്സംബന്ധിച്ചിടത്തോളം പോലീസുകാരനാൽ പിടിക്കപ്പെട്ടുകയെന്നതു് തഴക്കം ചെന്ന കാര്യമാവും; എന്നാൽ പോലീസ്നായയാൽ പിടിക്കപ്പെട്ടമ്പോൾ അവൻ പറെറ ദുർബ്ബലനായിത്തീരുന്നു. അതിനാൽ പോലീസ് നായ വ്യക്തിപരമായും തൊഴിൽ പരമായും പോലീസുകാരൻെറ ഉത്തമസുഹൃത്തത്രേ. 1952-ൽ മദിരാശി പോലീസ് സർവ്വീസിൽ അതു ചേർന്നതുമുതൽ ഇക്കാര്യം തെളിയിക്കപ്പെട്ടിട്ടുണ്ടു്.

ഒരു പോലീസ്നായയ്ക്കു് ചില ഗുണങ്ങൾ അവശ്യം ആവശ്യമാകുന്നു. അങ്ങേഅററത്തെ അനുസരണവും യജമാനസ്നേഹവും അതിന്നുണ്ടായിരിക്കണം. ഒരു ജോലി ഏല്പിച്ചാൽ യാതൊന്നിനാലും ശ്രദ്ധ വ്യതിചലിക്കപ്പെടാതെ അതു തുടരാനും പൂർത്തിയാക്കാനുമുള്ള നിശ്ചയദാർഢ്യം അതിന്നുണ്ടാവണം; ആപത്തിൻെറ മുമ്പിൽ അക്ഷോഭ്യതയും ധൈര്യവും പാലിക്കാൻ കഴിയണം. വിവേചനാപരമായ ഘ്രാണശക്തി ഉണ്ടായിരിക്കണം.



മദ്രാസിലെ പോലീസ് നായ്ക്കൾ



'യുവരാജ്'



'ചീഫ്'



'യുവരാജ്' മണം പിടിക്കുന്നു.



ഒളിപ്പിക്കപ്പെട്ട സാധനങ്ങൾ കണ്ടുപിടിക്കുന്നു.



'ചീഫ്" മണം പിടിക്കുന്നു.



കുററവാളിയെ പിടികൂടുന്നു.




ആക്കോണംഗ്രാമത്തിൽ നടന്ന കൊലക്കേസ് തെളിയിക്കാൻ സഹായിച്ചതു് ഈ കത്തിയുടെ ഭാഗങ്ങൾ ആണ്. (പേജ് 91)




കർണ്ണൂൽഗ്രാമത്തിൽ കവർച്ചസംഘം ഉപയോഗിച്ച വടിയുടെ
കഷണങ്ങൾ (പേജ് 90)

സർവ്വോപരി അതിന്നു നല്ല വ്യക്തിപ്രഭാവമുണ്ടായിരി ക്കണം.

വിവിധ ജനുസ്സുകളിൽപ്പെട്ട നായ്ക്കൾക്കു് ഈ ഗുണ വിശേഷങ്ങൾ പല തോതിലുമായിരിക്കും. ലാബ്ര ഡോർ, ഡൊബർമാൻ പിൻസ്ച്ചർ, അൽസേഷ്യൻ എന്നീ ജനുസ്സുകൾക്കു് ഈ ഗുണങ്ങൾ പോലീസുജോലി ക്കു് ആവശ്യമായത്രയുണ്ടു്. ഒരുപക്ഷേ, അൽസേഷ്യനി ലാണു് ഈ ഗുണങ്ങൾ സമഞ്ജസമായി സമ്മേളിച്ചിട്ടുള്ള തു്. അതിൻെറ ആകാരപ്രൗഢിതന്നെയും കുറ്റവാളിയുടെ ഹൃദയത്തിൽ നടുക്കമുളവാക്കുമെന്നു് ആരും സമ്മതിക്കും. ഒരു നായ ഏതു ജനുസ്സിൽ പെട്ടതാണോ ആ ജനുസ്സിന്റെ പ്രത്യേകസ്വഭാവങ്ങൾ അതിന്നുണ്ടായിരിക്കുമെന്നതുകൊ ണ്ടു് നായയെ തിരഞ്ഞെടുക്കുമ്പോൾ അതിൻെറ വംശപാ രമ്പര്യത്തെക്കുറിച്ചു് ഉറപ്പു ലഭിച്ചിരിക്കണം.

നാനാതരം ആവശ്യങ്ങൾക്കും ഈ നായ്ക്കളെ പരി ശീലിപ്പിക്കാവുന്നതാണു്. പല രാജ്യങ്ങളിലും അന്ധന്മാ ക്കു വഴികാട്ടുന്ന നായ്ക്കളുണ്ടു്. സ്വകാര്യവസതികൾ തുടങ്ങി റെയിൽവേ യാർഡുകൾ, ഡോക്കുകൾ, വിമാനത്താവള ങ്ങൾ മുതലായ വലിയ സ്ഥാപനങ്ങൾവരെയുള്ള സ്ഥല ങ്ങളിലെ ആളുകളെയും സ്വത്തുക്കളെയും കാത്തുരക്ഷി ക്കാൻ ഇത്തരം നായ്ക്കളെ പരിശീലിപ്പിക്കാം. അവയുടെ ഘ്രാണശക്തി ഒളിവിലിരിക്കുന്ന ആളുകളെയോ പാതക ങ്ങളുമായി ബന്ധപ്പെട്ടവയും ഒളിപ്പിക്കപ്പെട്ടവയുമായ, പാതകത്തിന്നുപയോഗിക്കപ്പെട്ട ആയുധങ്ങൾ, മോഷ്ടി ക്കപ്പെട്ട സാധനങ്ങൾ, രക്തംപുരണ്ട വസ്ത്രങ്ങൾ, നിയമ വിരുദ്ധമായി ഒളിച്ചു കടത്തപ്പെട്ട മദ്യങ്ങളും കറപ്പും, അട്ടിമറിക്കാർ ഒളിച്ചുവെച്ച മൈനുകളും ബോംബുകളും തു ടങ്ങിയ സാധനങ്ങൾ തേടിപ്പിടിക്കുന്നതിനായി ഉപയോ

ഗപ്പെട്ടത്താവുന്നതാണ്. മദിരാശി, പശ്ചിമബംഗാൾ, ബീഹാർ, മദ്ധ്യപ്രദേശ്, പഞ്ചാബ്, ആന്ധ്രാ, ഒറീസ്സാ എന്നിവിടങ്ങളിലെ പോലീസിന്നും സൈന്യത്തിന്നും കസ്റ്റംസ് വകുപ്പിന്നും റെയിൽവേക്കും ഇത്തരത്തിലുള്ള എല്ലാ ആവശ്യങ്ങൾക്കുംവേണ്ടി പരിശീലിപ്പിക്കപ്പെട്ട നായ്ക്കളുണ്ട്.

ഒരു നായയെ പരിശീലിപ്പിക്കൽ അതിന്റെ ഇളംപ്രായത്തിൽത്തന്നെ—നാലോ ആറോ ആഴ്ച പ്രായത്തിൽ—ആരംഭിക്കണം. കഴിയുന്നതും ഒരൊററ ആൾതന്നെ വേണം അതിനെ കൈകാര്യം ചെയ്യുക. പററിയ നായക്കുട്ടിയെ തിരഞ്ഞെടുക്കൽ പ്രധാന കാര്യമാണ്. നല്ല ജനുസ്സ്, ആരോഗ്യമുള്ള തള്ളയും തന്തയും, വളവില്ലാത്ത ഉടൽ, ആരോഗ്യകരവും പ്രസരിപ്പുള്ളതുമായ പ്രകൃതം എന്നിവ ഒരു നായക്കുട്ടിയുടെ തിരഞ്ഞെടുപ്പിൽ ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങളാണ്. അഞ്ചാറുമാസംവരെയുള്ള പ്രായത്തിൽ സഹജമായ ശീലങ്ങൾ നിയന്ത്രിക്കുകയും ലഘുവായ അനുസരണങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നതിൽ മാത്രം പരിശീലനം പരിമിതപ്പെട്ടത്താവുന്നതാണ്. ആറുമാസം പ്രായമായാൽ ശരിയായ പരിശീലനം ആരംഭിക്കാം. ശരിയായ പരിശീലനത്തിന്നു് ആറുമാസത്തോളം പിടിക്കും. പരിശീലിപ്പിക്കപ്പെട്ട കാര്യങ്ങൾ അതിന്നുശേഷവും നിരന്തരമായി തുടൎന്നുകൊണ്ടിരിക്കേണ്ടതുണ്ട്.

മുറയ്ക്കുള്ള പോലീസ്ജോലിക്കു്, ഒരു നായയെ നിശ്ചിതമായ ശാസനാവചനങ്ങൾ കണിശമായി അനുസരിക്കാൻ പരിശീലിപ്പിക്കുന്നു. നില്ക്കുവാനോ ഇരിക്കുവാനോ കിടക്കുവാനോ അതല്ലെങ്കിൽ പരിശീലകൻെറ കാലടികളെ തോൽപ്പട്ടയോടുകൂടിയോ അല്ലാതെയോ നിശ്ശബ്ദമായി പിൻതുടരുവാനോ ഒരാൾക്കോ വസ്തുവിന്നോ പ്രദേ

ശത്തിന്നോ കാവൽ നില്ക്കാനോ ഓടിപ്പോകുന്ന ഒരാളെ പിടികൂടാനോ ഒരു പാതകിയേയോ പാതകവുമായി ബന്ധപ്പെട്ട വസ്തുവേയോ മണത്തറിഞ്ഞു കണ്ടുപിടിക്കാനോ ആവശ്യപ്പെട്ടുന്നതാവും ഈ ശാസനാവചനങ്ങൾ. പോലീസ്നായ്ക്കൾക്കു് അവയുടെ പരിശീലകന്മാർ മാത്രമേ ഭക്ഷണം കൊടുക്കുകയുള്ളു; അന്യന്മാർ നല്കുന്ന ഭക്ഷണസാധനങ്ങൾ നിരസിക്കാൻ അവയെ പരിശീലിപ്പിക്കുകയും ചെയ്യും. വിഷം നല്കപ്പെടാനുള്ള സാധ്യത ഒഴിവാക്കുന്നതിനുവേണ്ടിയാണു് ഇപ്രകാരം ചെയ്യുന്നതു്. കുററവാളി കീഴടങ്ങാൻ വിസമ്മതിക്കുകയോ അക്രമത്തിന്നു മുതിരുകയോ ചെയ്യാതിരിക്കുന്നിടത്തോളം അയാളെ കടിക്കാതെ അയാളുടെ വലതുകൈയിൽ കടന്നുപിടിക്കാനാണു് പോലീസ്നായ്ക്കളെ പരിശീലിപ്പിക്കുന്നതു്.

രാത്രികാലങ്ങളിൽ കുററവാളികളുടെ സാന്നിദ്ധ്യം വളരെ അകലെനിന്നുതന്നെ മണത്തറിയാനുള്ള കഴിവു കാരണം, താമസസ്ഥലങ്ങളിലും രാത്രി മോഷണം സാധാരണമായ വലിയ റെയിൽവേ യാർഡുകളിലും തുറമുഖങ്ങളിലും മററും നായ രാത്രിക്കാവലിന്നു വളരെ പ്രയോജനപ്പെടുന്നു. പോലീസ്നായയുടെ കാവൽ അത്തരം പാതകങ്ങൾ തടയുന്നതിന്നു വളരെ ഫലപ്രദമാകുന്നു. ഒരു നായയ്ക്കു് പത്താൾ കാവൽ നില്ക്കേണ്ട സ്ഥലം ഫലപ്രദമായി കാത്തുരക്ഷിക്കാനാവുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ഒരു നായയ്ക്കു് ഒരു കുറ്റവാളിയേയോ ഒളിപ്പിക്കപ്പെട്ട ഒരു സാധനമോ കണ്ടുപിടിക്കാൻ കഴിയണമെങ്കിൽ മണം 'ചൂടോട്ടു'കൂടിയിരിക്കുമ്പോൾത്തന്നെ അതിനെ അതിന്നായി നിയോഗിക്കേണ്ടതുണ്ടു്. കുററവാളിയുടെ മണം ഉള്ളതായ സ്ഥലത്തു ജിജ്ഞാസുക്കളായ താമസ

ക്കാരോ ഭൃത്യന്മാരോ അയൽവാസികളോ ഇടപെടാതിരി ക്കാനും സൂക്ഷിക്കണം. കാരണം, അവിടത്തെ മണം ഈ ആളുകളുടെയൊക്കെ മണവുമായി ഇടകലരാനിടവ രും. അങ്ങനെ വരുമ്പോൾ നായ തെററായ മണം ഗ്രഹി ക്കാനും തെററായ ആളെ പിടികൂടാനും സംഗതിയാവും. കുറ്റാന്വേഷകനെസ്സംബന്ധിച്ചിടത്തോളം ഇയാൾ തെറ്റാ യ ആൾ ആണെങ്കിലും നായയെസ്സംബന്ധിച്ചിടത്തോളം ശരിയായ ആൾതന്നെയാണ്. അതിനാൽ നായയ്ക്കു പിഴ ച്ചുപോയി എന്നു പഴി പറയാൻ ആരും മുതിർന്നുകൂടാ.

ഒരു കുററവാളിയുടെ മണം എത്രനേരത്തേക്കു ലഭ്യ മാകുമെന്നതു്, സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കും. കുറ്റ വാളി തൻെറ സാധനങ്ങളിൽ വല്ലതും—തുവ്വാലയോ ചെരുപ്പോ മറേറാ—സംഭവസ്ഥലത്തു് ഇട്ടേച്ചുപോവുക യോ, അല്ലെങ്കിൽ അയാളുടെ ദേഹത്തിലോ വസ്ത്രത്തിലോ സംഭവസ്ഥലത്തുനിന്നു ചോര പുരളുകയോ ചെയ്തിട്ടുള്ള പക്ഷം നായയ്ക്കു് ആ ചൂരു പിടിച്ചു വിജയകരമായി പ്രവ ർത്തിക്കാൻ അവസരം ലഭിക്കുന്നു. നേരേമറിച്ചു കുറ്റവാളി യാതൊരു സാധനവും ഇട്ടേച്ചു പോവാതിരിക്കുകയോ അ യാളിൽ സംഭവവുമായി ബന്ധപ്പെട്ട യാതൊരു പാടുക ളും അവശേഷിക്കാതിരിക്കുകയോ ചെയ്താൽ സംഭവ സ്ഥലത്തെ ചൂരു് വളരെവേഗം വായുവിൽ വിലയിച്ചു പോകയും കുററവാളിയെ തേടിപ്പിടിക്കൽ വിഷമകര മായിത്തീരുകയും ചെയ്യും. കൊലപാതകക്കേസ്സുകളിൽ നായ്ക്കൾക്കു വിജയകരമായി പ്രവർത്തിക്കാൻ കഴിയുന്നതു ചോരയുടെ മണം ഏറെസമയം നിലനില്ക്കുന്നതുകൊണ്ടാ ണു്; മോഷണക്കേസ്സുകളിൽ അതിന്നു സാദ്ധ്യതയില്ലല്ലോ. നായ എത്രവേഗം സംഭവസ്ഥലത്തെത്തിച്ചേരുകയും മണം എത്രത്തോളം അലങ്കോലപ്പെടാതെ സൂക്ഷിക്കപ്പെട്ട

കയും ചെയ്യുന്നുവോ അത്രയ്ക്കു നായയ്ക്കു കുറ്റവാളിയെ തേടി പ്പിടിക്കുന്നതിലുള്ള വിജയസാദ്ധ്യത വദ്ധിക്കുന്നു.

പോലീസ്നായ എവിടെ പോയാലും അതു ജനങ്ങളുടെ പ്രിയപ്പെട്ട ആരാധനാപാത്രമായിരിക്കും. പുരുഷന്മാരും സ്ത്രീകളും കുട്ടികളും അതിൻെറ തീക്ഷ്ണമായ ബുദ്ധിശക്തിയെ ആദരിക്കുന്നു. അവൻ ഭയമോ പക്ഷപാതമോ കൂടാതെ കൃത്യം നിവ്വഹിക്കുമെന്ന പൂണ്ണവിശ്വാസം പൊതുജനങ്ങൾക്കുണ്ട്. സവ്വോപരി, പാതകം നടത്തിയ ഉടനെ പോലീസ്നായയെ നേരെ തൻെറ കാൽ മടമ്പുകളിൽ എത്തിക്കുകയും സത്വരമായി നീതിനിവ്വഹിക്കുകയും ചെയ്യുന്ന ആ അദൃശ്യശക്തിയെ കുററവാളികൾക്കു മരണഭയമാകുന്നു.

## യുവരാജും ചീഫും

മദിരാശി പോലീസ്നായ്ക്കളുടെ സംഘത്തിലെ രണ്ടു മേലേക്കിട കുററാന്വേഷകരാണു് യുവരാജും ചീഫും. പാതകങ്ങൾക്കു തുമ്പുണ്ടാക്കുന്ന കാൎയ്യത്തിലുള്ള അവയുടെ നേട്ടങ്ങൾ ഏതു പോലീസ് ഓഫീസ്സർക്കും അഭിമാനിക്കത്തക്കവയാകുന്നു. ഇന്ത്യയിലെ എല്ലാ സ്റ്റേററുകളിലേയും പോലീസ്‌വകുപ്പുകളും ഇന്ത്യാഗവമ്മെണ്ടിൻെറ മററു വകുപ്പുകളും തങ്ങൾക്കുവേണ്ടി പാതകികളേയും ഒളിച്ചു കടത്തുകാരേയും ചാരന്മാരെയും തിരഞ്ഞുപിടിക്കുക മുതൽ സ്വത്തുക്കൾ കാത്തുരക്ഷിക്കുകവരെയുള്ള വിവിധാവശ്യങ്ങൾക്കു നായ്ക്കളെ പരിശീലിപ്പിക്കുന്നതിന്നു മദിരാശി പോലീസിനെയാണു് ഉററുനോക്കുന്നതു്. കൊലപാതകികളേയും കവർച്ചക്കാരെയും കൊള്ളക്കാരെയും കള്ളന്മാ

രെയും കിടിലംകൊള്ളിക്കുന്ന പേരുകളത്രേ യുവരാജും ചീഫും.

മുന്തിയ ജനുസ്സിൽപ്പെട്ട അൽസേഷ്യൻ മാതാപിതാക്കൾക്കു് 8-2-54-ന്നു യുവരാജും 19-2-57-ന്നു ചീഫും പിറന്നു. തങ്ങളുടെ പരിശീലകരായ കോൺസ്റ്റബിൾ നാരായണസ്വാമിയോടും കോൺസ്റ്റബിൾ രാജഗോപാലനോടും ഉള്ള മിക്കവാറും ആരാധനയോളമെത്തുന്ന അവയുടെ ഇണക്കവും അനുസരണവും കണ്ടുതന്നെ വേണം വിശ്വസിക്കുക. ഓരോദിവസവും രാവിലെ പരിശീലകന്മാർ നായ്ക്കൂടിനെ സമീപിക്കുമ്പോൾ, അവരെ ദൂരെ കാണുമ്പോഴേക്കുതന്നെ നായ്ക്കൾ എഴുന്നേററു നില്ക്കുകയും സന്തോഷത്തോടെ കുരയ്ക്കുകയും ചെയ്യുന്നു. കൂടുതൽ പ്രായവും പക്വതയുമുള്ള യുവരാജ് കുരയ്ക്കുകയും വാലാട്ടുകയും മാത്രം ചെയ്യുമ്പോൾ, ഇളംപ്രായക്കാരനായ ചീഫ് പ്രസരിപ്പോടെ കൂട്ടിനകത്തു കിടന്നു തുള്ളിക്കളിക്കും.

1955-ൽ പരിശീലനം പൂർത്തിയാക്കിയതിന്നുശേഷമാണു് യുവരാജ് ഔപചാരികമായി പോലീസ് ജോലി ആരംഭിച്ചതു്. അതുമുതൽ 1961 ജൂൺവരെയുള്ള കാലത്തിനിടയ്ക്കു് എല്ലാ തരത്തിലുമുള്ള 300-ഓളം പാതകസ്ഥലങ്ങളിലേക്കു് അവനെ നിയോഗിക്കുകയുണ്ടായി. അവയിൽ 80-ലും അവൻെറ സേവനം പ്രയോജനകരമായിരുന്നു. 1958 മുതൽ തൊഴിലിലേർപ്പെട്ട ചീഫ് 150-ഓളം പാതകസ്ഥലങ്ങളിലേക്കു നിയോഗിക്കപ്പെടുകയും അവയിൽ 40-ഓളം വിജയകരമാവുകയും ചെയ്തു. കൊലക്കേസ്സുകളെ മാത്രമെടുത്താൽ അവരുടെ വിജയം വിസ്മയാവഹമാണെന്നു പറയണം—50 ശതമാനവും വിജയകരമായിരുന്നു. അന്വേഷണമാരംഭിക്കാൻ പോലീസിന്നു യാതൊരു തുമ്പും കിട്ടാത്തവയായിരുന്നു ഈ കേസ്സു

കൾ എന്നതു പ്രസ്താവ്യമാണ്. കൊലക്കേസ്സുകളിൽ രക്തത്തിൻെറ മണം കുററവാളികളെ തിരഞ്ഞുപിടിക്കാൻ വളരെ സഹായമായിത്തീരുന്നു എന്നതാണ് ഈ വിജയത്തിന്നു കാരണം. കൊലപാതകി രക്തം പുരണ്ട തൻെറ കൈകളോ വസ്തുങ്ങളോ എത്രതന്നെ കഴുകിയാലും ഒരു നായക്കു മണത്തറിയാൻ മാത്രമുള്ള ചുരു് അവശേഷിച്ചിരിക്കും. നായയുടെ ഘ്രാണശക്തിയും നേരിയ മണങ്ങൾപോലും വേർതിരിച്ചറിയുന്നതിനുള്ള കഴിവും അത്ഭുതാവഹമാകുന്നു.

1959-ലെ പുതുവത്സരദിനം രാമനാഥപുരം ജില്ലയിലെ ഒരു തീരഗ്രാമത്തിലെ ഒരു ധനികവ്യവസായിയായ മുനുസ്വാമിപ്പിള്ളക്കു ഒരു ദുർദ്ദിനമായിട്ടാണ് അനുഭവപ്പെട്ടതു്. അയാളുടെ ഏഴുവയസ്സുമാത്രം പ്രായമായ മകൻ അന്ന് അത്ഭുതകരമാംവണ്ണം അപ്രത്യക്ഷനായി. ഗ്രാമത്തിലും അയൽപ്രദേശങ്ങളിലും നടത്തിയ കൊണ്ടുപിടിച്ച പരിശോധനകൾ വിഫലമായതേയുള്ളു. ഒരാഴ്ചക്കു ശേഷം കുട്ടിയുടെ മൃതദേഹം ചോരപുരണ്ട ഒരു തുണിയിൽ പൊതിഞ്ഞനിലയിൽ കടൽത്തീരത്തെ ഒരു തോണിക്കടിയിൽനിന്നു കണ്ടുകിട്ടി. അവന്റെ തലയോട്ടിൽ ഒരു പരുക്കുണ്ടായിരുന്നു. ഒരുപക്ഷേ, അതാവാം മരണത്തിനിടയാക്കിയതു്. ലോക്കൽ പോലീസ് അന്വേഷണമാരംഭിച്ചു. ആർക്കും നിരപരാധിയായ ഈ ചെറിയ കുട്ടിയെ കൊലപ്പെടുത്തേണ്ട കാര്യമില്ല. അങ്ങനെ അന്വേഷണത്തിന്നു സഹായകമായ യാതൊരു തുമ്പുമില്ലാതിരിക്കവേ, മദിരാശിയിൽനിന്നു യുവരാജിനെ വരുത്തി. 11-1-59-നു വൈകുന്നേരം യുവരാജ് ഗ്രാമത്തിലെത്തി. സംഭവസ്ഥലത്തുനിന്നു് ഏകദേശം അരനാഴിക അകലെ വെച്ചു യുവരാജിനെ കുട്ടിയുടെ രക്തംപുരണ്ട വസ്തുങ്ങൾ

മണപ്പിച്ചു. യാതൊരു വൈമനസ്യവും കൂടാതെ യുവരാജ് കിഴക്കോട്ടു തിരിക്കുകയും നേരെ കടല്ക്കരയിൽ കുട്ടിയുടെ മൃതദേഹം കാണപ്പെട്ട സ്ഥലത്തേക്കു ചെല്ലുകയും ചെയ്തു. ശരിയായ വഴിക്കാണ് അവന്റെ പോക്കെന്ന് അതു തെളിയിച്ചു. അവിടെനിന്ന് യുവരാജ് നേരെ മുനസ്വാമിപ്പിള്ളയുടെ വീട്ടിലേക്കാണു ചെന്നതു്. അവനെ പിൻതുടന്നിരുന്ന ജനങ്ങൾ അത്ഭുതസ്തബ്ധരായി. പിള്ളയുടെ വീട്ടിൽനിന്നു യുവരാജ് അയാളുടെ വ്യവസായസ്ഥലത്തു ചെന്നു. അവിടെനിന്നവൻ ശക്തിയായ ശ്വാസോച്ഛ്വാസത്തോടെ തൊട്ടടുത്തുതന്നെയുള്ള നെല്ലുകുത്തുമില്ലിലേക്കു കടക്കുന്നതു് ആളുകൾ കണ്ടു. മില്ലു നടത്തുന്ന ആൾ—ഷൺമുഖം എന്നായിരുന്നു അയാളുടെ പേരു്—തൻെറ വലതു കൈ ഒരു കൂററൻ അൽസേഷ്യൻനായയുടെ വായിലകപ്പെട്ടതായി കണ്ടപ്പോൾ അയാളുടെ മുഖത്തെ ഭീതി ഊഹിച്ചുകൊള്ളുക. പോലീസ് ഷൺമുഖത്തെ കസ്റ്റഡിയിലെടുത്തപ്പോൾ, നെററിയിൽനിന്നു വിയപ്പ് ഒഴുകിക്കൊണ്ടിരുന്ന അവൻ കുററം സമ്മതിച്ചു—മുനസ്വാമിപ്പിള്ളയോടുള്ള ഒരു പഴയ പക വീട്ടുന്നതിന്നായി താൻ കുട്ടിയെ കൊന്നതാണെന്നു്. കൊലപാതകം നടത്താനുപയോഗിച്ച ആയുധം ഷൺമുഖം ഹാജരാക്കി. ഏഴുമാസത്തിനു ശേഷം സെഷ്യൻസ് കോടതി അവനെ ശിക്ഷിച്ചു. ആയിരക്കണക്കിൽ അവിടെ കൂടിയിരുന്ന ഗ്രാമീണർ യുവരാജിനെ മാലയണിയിക്കുകയും അവനെയുംകൊണ്ടു് ജാഥയായി ഗ്രാമപ്രദക്ഷിണം നടത്തുകയും ചെയ്തു. സരളഹൃദയരായ ഗ്രാമീണക്കു യുവരാജ് അന്നത്തെ വീരനായകനായിരുന്നു.

അങ്ങനെ ആ ഉദ്യമത്തിൽ വിജയശ്രീലാളിതനായി മടങ്ങാൻ ഭാവിക്കുമ്പോഴേക്കും അടുത്തുതന്നെയുള്ള

മററൊരു പോലീസ് സ്റ്റേഷനിലേക്ക് യുവരാജ് വിളിപ്പിക്കപ്പെട്ടു. അവിടെയും ഒരു കുട്ടിയുടെ കൊലപാതകത്തിന്നു തുമ്പുണ്ടാക്കാനാവാതെ പോലീസ് വിഷമിക്കുകയായിരുന്നു. ഈ കേസ്സിൽ 19-12-58-ന്നു മൂന്നു വയസ്സു മാത്രം പ്രായമായ ഒരു കുട്ടി വധിക്കപ്പെട്ടുകയും കിണററിലെറിയപ്പെട്ടുകയുമാണുണ്ടായതു്. കുട്ടിയുടെ ശവം പിറേറന്നുതന്നെ കണ്ടുകിട്ടി. അവൻെറ ദേഹത്തിലുണ്ടായിരുന്ന ഒരു സ്വൎണ്ണച്ചങ്ങലയും തകിട്ടും നഷ്ടപ്പെട്ടിരുന്നു. തകിട്ടുമാത്രം 24-12-58-ന്നു കുട്ടി താമസിച്ചിരുന്ന വീട്ടിൻെറ പിന്നാപ്പുറത്തു കിടക്കുന്നതായി കണ്ടു. അയൽവാസികളെ ചോദ്യംചെയ്തുവെങ്കിലും എല്ലാവരും പാതകത്തെപ്പററി വിവരമില്ലെന്നു പറഞ്ഞൊഴിയുകയാണുണ്ടായതു്. അടുത്ത പോലീസ് അതിൎത്തിയിൽ യുവരാജ് എത്തിയിട്ടുണ്ടെന്നു കേട്ടപ്പോൾ, എന്തുകൊണ്ടു് അവനെ വരുത്തി ഭാഗ്യം പരീക്ഷിച്ചുകൂടാ എന്നു് ഇവിടുത്തെ പോലീസ് അധികൃതർ ആലോചിച്ചു. 12-1-1959-ന്നു ഗ്രാമത്തിലെത്തിച്ചേൎന്ന യുവരാജിനെ നേരെ കുട്ടിയുടെ വീട്ടിലേക്കാണു കൊണ്ടുപോയതു്. കുട്ടിയുടെ ഉടുപ്പിൽനിന്നു യുവരാജ് മണം ഗ്രഹിക്കുകയും നേരെ കിണററിലേക്കും കിണററിൽനിന്നു അയൽപക്കത്തെ ഒരു വീട്ടിലേക്കും അവൻ പോകയും ചെയ്തു. ആ വീട്ടിലെ കദീജാബീവിയെ അവളുടെ വലത്തുകൈ കടിച്ചുപിടിച്ചുകൊണ്ടു് അവൻ പുറത്തു കൊണ്ടുവരികയും "എന്നെ വിട്ടു, ഞാൻ എല്ലാം പറഞ്ഞുകൊള്ളാം" എന്നു് ആ സ്ത്രീ നിലവിളിച്ചുകൊണ്ടിരിക്കുകയും ചെയ്തതു കണ്ടപ്പോൾ ആളുകൾക്കുണ്ടായ അത്ഭുതമൊന്നാലോചിച്ചുനോക്കു. കുററം അവർ പൂൎണ്ണമായും സമ്മതിക്കയും അതിന്നു തെളിവായി സ്വൎണ്ണ

ച്ചങ്ങല ഹാജരാക്കുകയും ചെയ്തു. ആ ചങ്ങലയ്ക്കുവേണ്ടി അവൾ കുട്ടിയെ കൊന്നതായിരുന്നു!

മേൽപ്രസ്താവിക്കപ്പെട്ട ഒരു കേസ്സിൽ ഒരാഴ്ചത്തേയും രണ്ടാമത്തേതിൽ രണ്ടാഴ്ചത്തേയും വിടവിന്നുശേഷം യുവരാജ് നേടിയ വിജയം അത്ഭുതാവഹമായിരുന്നുവെങ്കിൽ രാമനാഥപുരത്തെ മററൊരു ഗ്രാമത്തിൽ ഒരു കുററവാളിയുടെ മണത്തെ പിൻതുടൎന്ന റെക്കാർഡ് ദൂരം പരിഗണിക്കുമ്പോൾ ചീഫിൻെറ പ്രകടനം അമ്പരപ്പിക്കുന്നതായിരുന്നു. 17-10-58-ന്നു രാത്രി ധനാഢ്യനായ ഒരു ചെട്ട്യാരുടെ പൂട്ടിയിട്ട വീട്ട് കുത്തിത്തുറക്കപ്പെട്ടുകയും ഒട്ടാകെ 15000 ക. വിലവരുന്ന സ്വൎണ്ണ-രത്നാഭരണങ്ങൾ മോഷ്ടിക്കപ്പെട്ടുകയും ചെയ്തു. 19-10-58-ന്നു വീട്ടുടമസ്ഥൻ മടങ്ങിവന്നപ്പോഴാണ് നഷ്ടം കണ്ടുപിടിക്കപ്പെട്ടതു്. ചീഫ് എന്ന പോലീസ്നായയ്ക്കു സ്ഥലത്തെത്തിച്ചേരാൻ കഴിഞ്ഞതു് 21-10-58-ന്നു മാത്രമായിരുന്നു. സംഭവസ്ഥലത്തുണ്ടായിരുന്ന കവർച്ചക്കാരുടെ കാല്പാട്ടുകളുടേയും അവരുടെ ചില വസ്തുങ്ങളുടേയും ചൂരു പിടിച്ചു ചീഫും പോലീസ് പാർട്ടിയും ആ ഗ്രാമപ്രദേശത്തു കുററാന്വേഷണമാരംഭിച്ചു. അവർ 12 നാഴിക ദൂരെയുള്ള ഒരു ഗ്രാമത്തിലെത്തിയപ്പോഴേക്കും നേരം രാത്രിയായതിനാൽ, അതു കാട്ടുതാറാവിനെ പിൻതുടരുന്നപോലുള്ള ഒരു നിഷ്ഫലയത്നമാണെന്നു തോന്നി, യാത്ര തല്ക്കാലം നിൎത്താൻ തീരുമാനിച്ചു. പിറേറന്നു നന്ന രാവിലെ കുററവാളികളുടെ വസ്തുങ്ങളിൽനിന്നു വീണ്ടും മണം ഗ്രഹിച്ചു—വസ്തുങ്ങൾ നായയ്ക്കു ആവശ്യമുള്ളപക്ഷം മണം പുതുക്കേണ്ടതിലേക്കു കൂടെ കൊണ്ടുവന്നിരുന്നു— ചീഫ് പാർട്ടിയെ പിന്നെയും അഞ്ചുനാഴിക നയിച്ചു. മറ്റൊരു ഗ്രാമത്തിൻെറ പ്രാന്തത്തിലെത്താറായപ്പോഴേക്കും സംഘ

ത്തിലുള്ളവർ ക്ഷീണിതരായിക്കഴിഞ്ഞിരുന്നു. അവർ അന്വേഷണം ഉപേക്ഷിക്കാനുള്ള ആലോചനയിലായിരുന്നു. എന്നാൽ അപ്പോഴേക്കും ചീഫ് പൊട്ടന്നനെ മുന്നോട്ടു കുതിക്കുന്നതും എതിർഭാഗത്തുനിന്നു വരുകയായിരുന്ന ഒരാളെ പിടികൂടുന്നതും കാണായി. ആ വഴിക്കു കടന്നു പോയിരുന്ന ഗ്രാമീണർ പറഞ്ഞു, അവിടത്തെ കുപ്രസിദ്ധ ഭവനഭേദകനായ മുത്തുവാണു് അവനെന്നു്. സംഘത്തിലെ പോലീസ് ഉദ്യോഗസ്ഥന്മാർ ഉടൻതന്നെ അവനെ പരിശോധിച്ചു. മഹാത്ഭുതമെന്നു പറയട്ടെ, മോഷ്ടിക്കപ്പെട്ട സാധനങ്ങളിൽ ഒരു ഭാഗം അവൻെറ മുണ്ടിൻെറ മടിയിലുണ്ടായിരുന്നു! അവിടെനിന്നു ചീഫ് സംഘത്തെ ഗ്രാമത്തിലെ മറെറാരു കുപ്രസിദ്ധ ഭവനഭേദകനായ കറുപ്പൻെറ വീട്ടിലേക്കു നയിച്ചു. മുത്തുവും കറുപ്പനും ചെട്ട്യാരുടെ വീടു കവർച്ചചെയ്തതു് തങ്ങളാണെന്നു സമ്മതിക്കുകയും കളവുമുതലിൽ ബാക്കികൂടി ഹാജരാക്കുകയും ചെയ്തു.

മുത്തുവും കറുപ്പനും ഷൺമുഖത്തേയും കദീജാബീയേയുംപോലെ ഇന്നു ജയിലിലാണു്. ഒരുപക്ഷേ, അവർ തങ്ങളുടെ കുററവാളിസുഹൃത്തുക്കളോടു പറയുന്നുണ്ടാവും, മദിരാശി പോലീസുകാരനെയോ അതോ പോലീസ് നായയെയോ ആരെയാണു് അധികം ഭയപ്പെടേണ്ടതെന്നു് തങ്ങൾക്കറിഞ്ഞുകൂടാ എന്നു്!

## പോലീസ് നായയുടെ മാസ്മരശക്തി

നിയമലംഘകന്മാരിൽ പലതരക്കാരുമുണ്ടു്. നിയമം ലംഘിക്കപ്പെടാനുദ്ദേശിക്കപ്പെട്ടതാണു്; കാരണം, തന്റെ

ഉപജീവനം അതാവശ്യപ്പെട്ടുന്നു എന്നു കരുതുന്ന സ്ഥിരം കുറ്റവാളിയുണ്ട്. പ്രലോഭനത്തിന്റേയോ വികാരത്തിന്റേയോ ഒരു ദുർബ്ബലനിമിഷത്തിൽ യാദൃച്ഛികമായി അല്ലെങ്കിൽ ആദ്യമായിട്ടു് കുറ്റം ചെയ്യുകയും ഉടൻതന്നെ താനെന്തോ തെററു ചെയ്തുവെന്നു ബോധ്യപ്പെട്ടുന്നവനുണ്ട്. പിന്നെയും മനശ്ശാസ്ത്രപരമായ പലതരങ്ങളുണ്ട്. കുറ്റം ചെയ്തു കഴിഞ്ഞ ഉടനെ വിമ്മിഷ്ടത്താലോ ഭയത്താലോ ആത്മഹത്യ ചെയ്യുകയോ പോലീസിന്നു കീഴടങ്ങുകയോ ചെയ്യുന്ന ചിലരുണ്ട്. ചിലർ സഹതാപം കാണിച്ചാൽ കുററം സമ്മതിക്കുന്നു; ചിലർ അവക്കെതിരായുള്ള തെളിവുകൾ നല്കിയാൽ കുററം സമ്മതിക്കുന്നു; ദീർഘമായ ചോദ്യംചെയ്യലിനെത്തുടൎന്നു പരസ്പരവിരുദ്ധമായ സംഗതികൾ അടങ്ങിയ മറുപടികൾ നല്കിയശേഷം മാത്രം ചിലർ കുററം സമ്മതിക്കുന്നു; ഇനിയും ചിലർ തങ്ങൾക്കെതിരായുള്ള അനിഷേധ്യമായ തെളിവുകൾ നല്കിയാലും കുറ്റം സമ്മതിക്കുകയില്ല.

പോലീസുകാരനോടുള്ള നിയമലംഘകന്റെ പ്രതികരണം ഇങ്ങനെ വൈവിധ്യജടിലമായിരിക്കുമ്പോൾ, പോലീസ്നായയോടുള്ള അവന്റെ പ്രതികരണം എല്ലപ്പത്തിൽ നേരിട്ടുള്ള കീഴടങ്ങലായിരിക്കും. നായയാൽ പിടിക്കപ്പെട്ടുന്ന കുററവാളി ആ അനുഭവത്താൽ, നായയുടെ നിഷ്പക്ഷതയേയും അപ്രമാദിത്വത്തെയുംകുറിച്ചുള്ള ചിന്തയാൽ പറെറ കീഴടക്കപ്പെട്ടുന്നു; കുററം സമ്മതിക്കുന്ന കാര്യത്തിൽ അതിനാൽ രണ്ടു വിചാരങ്ങൾക്കവകാശമില്ല. പോലീസുകാരനോടു തന്റെ അടവുകൾ പ്രയോഗിച്ചേക്കാവുന്ന കുററവാളി പോലീസ്നായയുടെ നേരെ അങ്ങനെ പെരുമാറുന്നതിനെപ്പററി ആലോചിക്കുക പോലുമില്ല.

17-2-58-ന്നു രാത്രി, മധുരജില്ലയിലെ, മലമ്പ്രദേശത്തെ ഒരു എസ്റ്റേററിലെ തോട്ടം കാവല്ക്കാരനായ ഒരു നാഗനും അവൻെറ ഭാൎയ്യയും കുട്ടിയായ മകനും അവരുടെ കുടിലിൽവെച്ചു മൃഗീയമായി വധിക്കപ്പെട്ടു. 18-ാംതീയതി വൈകുന്നേരം അവർ ഓരോരുത്തരും മുഖത്തും കഴുത്തിലും പരുക്കേററ നിലയിൽ രക്തത്തളത്തിൽ മരിച്ചുകിടക്കുന്നതു കണ്ടതായി അടുത്തുള്ള ഒരു തോട്ടക്കാരനായ രാമൻ പിള്ള 19-ാംതീയതി രാവിലെ ലോക്കൽ പോലീസ്സ്റ്റേഷനിൽ റിപ്പോർട്ടുചെയ്തു. പല ദിവസങ്ങൾ കഴിഞ്ഞിട്ടും കേസ്സിനെക്കുറിച്ചു യാതൊരു തുമ്പും കിട്ടിയില്ല; അതിനാൽ പോലീസ്നായയെക്കൊണ്ടു് ഒന്നു പരീക്ഷിക്കാൻ തീരുമാനിച്ചു. കുറച്ചു ദിവസത്തെ വിടവു സംഭവിച്ചുവെന്നിരുന്നാലും മദിരാശിയിൽനിന്നു യുവരാജ് എന്ന പോലീസ്നായയെ അയയ്ക്കുകയും 24-2-58-ന്നു വൈകുന്നേരം, അതായതു് പാതകം നടന്നിട്ടു് ശരിക്കും ഒരാഴ്ച കഴിഞ്ഞശേഷം അവൻ സംഭവസ്ഥലത്തെത്തുകയും ചെയ്തു.

യുവരാജ് സംഭവസ്ഥലത്തെ രക്തംപുരണ്ട മണ്ണിൽനിന്നു മണം ഗ്രഹിക്കുകയും എന്നിട്ടു് വടക്കോട്ടു കുതിക്കുകയും ചെയ്യുന്നതു് ഒരുകൂട്ടം ജിജ്ഞാസാഭരിതരായ ഗ്രാമീണർ വീക്ഷിച്ചു. കുന്നുകളും കാട്ടുകളും കടന്നു് ആറുനാഴിക അകലെ ഒററപ്പെട്ട ഒരു വയലിൽ സ്ഥിതിചെയ്യുന്ന ഒരു ദൊരരാജുവിൻെറ കുടിലിലേക്കു തങ്ങളെ നയിച്ച യുവരാജിനെ ഗ്രാമീണർ ആവേശപൂൎവ്വം പിൻതുടൎന്നു; അവരിൽ ഒരാളുടെ ആവേശത്തിന്നു് അതിരില്ലായിരുന്നു. ഈ ഒഴിഞ്ഞ കുടിലിൻെറ വാതിൽ തള്ളിത്തുറന്നു്, നിലത്തു് ഒരു മൂക്കിൽക്കിടക്കുന്ന ഒരു തുണി യുവരാജ് ചൂണ്ടിക്കാണിച്ചു. തുണിയിൽ എമ്പാടും ചോരപ്പാട്ടുകളുണ്ടായി

രുന്നു. പിന്നീട്ട മറ്റൊരു മൂലയിലേക്ക തിരിഞ്ഞു് അവൻ ഒരു ചാക്കിൻഭാണ്ഡത്തിന്നു നേരെ മാന്താൻ തുടങ്ങി. ഭാണ്ഡം തുറന്നു നോക്കിയപ്പോൾ അതിൽ രക്തംപുരണ്ട, കാഴ്ചയ്ക്കു ഭീകരമായ നാല്യ് അരിവാളുകൾ കാണായി. പുറത്തുനിന്നിരുന്ന ജനക്കൂട്ടം ആവേശത്തള്ളിച്ചയ്ക്കിട യിൽ അവരുടെ കൂട്ടത്തിൽനിന്നൊരാൾ പതുക്കെ രക്ഷ പ്പെട്ടതു ശ്രദ്ധിക്കുകയുണ്ടായില്ല. അന്നുതന്നെ അടുത്തുള്ള ഒരു കിണററിൽ ഒരു മൃതദേഹം കാണപ്പെട്ടു. കിണറ്റിൻ കരയിൽ മരിച്ച ആളുടെ ഒരെഴുത്തുണ്ടായിരുന്നു. താനും വേറെ മൂന്നുപേരും കൂടിയാണു് കുററം ചെയ്തതെന്നു് അ തിൽ സമ്മതിച്ചിരുന്നു. നായ അന്വേഷണമാരംഭിച്ചിട്ടു ണ്ടെന്നും ഗത്യന്തരമില്ലെന്നും ബോധ്യപ്പെട്ടതിനാൽ അ വൻ ആത്മഹത്യചെയ്യാൻ തീരുമാനിച്ചു കത്തെഴുതുകയും പിന്നീട്ട സ്വയം കിണററിൽ ചാടി ആത്മഹത്യ ചെയ്യു കയും ചെയ്ത ആൾ, സംഭവത്തെപ്പററി ആദ്യംതന്നെ പോലീസിൽ റിപ്പോർട്ടുചെയ്ത രാമൻപിള്ളയല്ലാതെ മറ്റാ രുമായിരുന്നില്ല!

കുററവാളികളിൽ പോലീസ് നായയുടെ മാസ്മരശ ക്തിയുടെ പ്രവത്തനം, വിശേഷിച്ചു ഗ്രാമപ്രദേശങ്ങളിൽ, അത്ഭുതാവഹമത്രേ. ഗ്രാമപ്രദേശങ്ങളിൽ കുററവാളിയു ടെ മണം കൂടുതൽ സമയം അലങ്കോലപ്പെടാതെ വായു വിൽ തങ്ങിനില്ക്കുന്നതായിരിക്കാം അതിന്നു കാരണം. എന്നാൽ നഗരങ്ങളിൽ റോഡുകളിലെ തിരക്കു പിടിച്ച ഗതാഗതം കുററവാളിയുടെ മണം വേഗം നശിപ്പിച്ചുകള യുകയും അങ്ങനെ അതു തേടിപ്പിടിക്കൽ വിഷമകരമാ ക്കിത്തീക്കുകയും ചെയ്യുന്നു. 1960 മാർച്ചിൽ ആക്കോണ ത്തു് ഒരു മോഷണക്കേസ്സുണ്ടായി. ആഭരണങ്ങളാണു് മോഷ്ടിക്കപ്പെട്ടതു്. പോലീസ് നായയെ വരുത്താൻപോ

കുന്നുണ്ടെന്ന അഭ്യൂഹം പ്രചരിച്ചപ്പോൾ, കള്ളൻ പിറ്റേന്നു രാത്രി താൻ മോഷ്ടിച്ച ആഭരണങ്ങൾ അതെടുത്ത സ്ഥലത്തുതന്നെ കൊണ്ടുപോയി വെച്ചു! 1958-ൽ രാശിപുരത്തും അത്തരമൊരു സംഭവമുണ്ടായി. അതൊരു കൊലക്കേസ്സായിരുന്നു. പോലീസ്നായ തിരച്ചിൽ തുടങ്ങിയിട്ടുണ്ടെന്നു കേട്ടപ്പോൾ ഘാതകൻ അടുത്തുള്ള ഒരു മരത്തിൽ കെട്ടിത്തൂങ്ങി മരിച്ചു. ഈ രണ്ടു സംഭവങ്ങളെയും സംബന്ധിച്ച രസാവഹമായ ഭാഗം, വാസ്തവത്തിൽ രണ്ടിലും പോലീസ്നായയെ വരുത്താൻ ഏർപ്പാടു ചെയ്തിരുന്നില്ല എന്നതാണ്. പോലീസ്നായയെ വരുത്താൻ പോകുന്നു എന്ന അഭ്യൂഹംതന്നെ മതിയായിരുന്നു, കുററവാളികൾ കൂടുതൽ ഉന്നതമായ ന്യായാസനത്തിന്നു കീഴടങ്ങാൻ!

## ശാസ്ത്രവും പാതകവും

പാതകസ്ഥലത്തുനിന്നു കണ്ടുകിട്ടിയ, അപ്രധാനമെന്നു തോന്നുന്ന സാധനങ്ങളിൽനിന്നു പലപ്പോഴും പാതകത്തെസ്സംബന്ധിച്ചു ശാസ്ത്രത്തിൻെറ മാർഗ്ഗങ്ങൾ ഖണ്ഡിതമായ തെളിവുണ്ടാക്കിത്തരുന്നതെങ്ങനെയെന്നു സാധാരണക്കാരന്നു് അറിവില്ല; അല്ലെങ്കിൽ അവന്നു് അതിനെക്കുറിച്ചു ബോധമില്ല. ഒരു പാതകത്തിന്നു ദൃക്സാക്ഷികളില്ലെങ്കിലും കുററവാളി കുററം നിഷേധിച്ചാലും കാമറ, മൈക്രോസ്കോപ്പ്, വിവിധങ്ങളായ രസതന്ത്ര-വസ്തു ശാസ്ത്രോപാധികൾ എന്നിവയ്ക്കു് ഒരു പാതകസ്ഥലത്തുനിന്നു കുററവാളിയുടെ പാതകകൃത്യം തെളിയിക്കുന്നതിന്നാവശ്യമായത്ര തെളിവുകൾ സമ്പാദിക്കാൻ കഴിയും.

14-9-'58-ന്ന് മദിരാശിനഗരത്തിലെ ഒരു ബാങ്കിലെ ഒരു അക്കൗണ്ടന്റിനെ രണ്ടു് ഉത്തരേന്ത്യക്കാർ തട്ടിക്കൊണ്ടുപോകയും അയാളുടെ പക്കലുണ്ടായിരുന്ന 14,000 ക. അവർ തട്ടിയെടുക്കുകയും പട്ടാപ്പകൽ ഓടിക്കൊണ്ടിരിക്കുന്ന ഒരു കാറിൽവെച്ചു് അയാളെ കൊലപ്പെടുത്തുകയും ചെയ്തു. പാതകം നടത്തപ്പെട്ടപ്പോൾ അക്രമികളുടെ സഹായിയായ ഒരു മൂന്നാമനാണു് കാർ ഓടിച്ചിരുന്നതു്. കൊലപാതകത്തിന്നു മുമ്പായി കുററവാളികൾ തമ്മിലുള്ള അടുത്ത സമ്പർക്കം, കാറിന്നു കർട്ടനുകൾ ഉണ്ടാക്കലും വഴിക്കുവെച്ചു പെട്രോൾ വാങ്ങലും മൂർമാർക്കററിൽനിന്നു കത്തികൾ വാങ്ങലും ഉൾപ്പെടെ പാതകത്തിന്നുള്ള അവരുടെ സന്നാഹങ്ങൾ, ബീച്ച്റോഡിലൂടെ കുതിച്ചു പായുന്ന കാറിൽനിന്നു കേൾക്കായ, അക്രമത്തിന്നിരയായ ആളുടെ സഹായത്തിന്നഭ്യർത്ഥിച്ചുകൊണ്ടുള്ള ദീനരോദനം, സാന്തോമിൽവെച്ചു കുററവാളികൾ വേർപിരിഞ്ഞ സമ്പ്രദായം, ഒടുവിൽ നഗരത്തിൽനിന്നു 30 നാഴിക അകലെയുള്ള ഒരു വയലിൽ മൃതദേഹം കൊണ്ടുപോയിട്ടതു്, മാർഗ്ഗമദ്ധ്യേ കാറിന്നു നേരിട്ട തകരാറുകൾ—ഇതൊക്കെ സംബന്ധിച്ച തെളിവുകൾ അവസാനം പോലീസിനു പിടികിട്ടിയ കുററവാളികളിൽ രണ്ടുപേർക്കെതിരായി കോടതിയിൽ ഹാജരാക്കപ്പെട്ടു. തെളിവിന്റെ ഈ നൃശംസമായ ചങ്ങല പ്രതികളുടെ ശിക്ഷയ്ക്കു വഴി തെളിച്ചു. അവരിൽ മരണപ്പെട്ട ആളെ കത്തികൊണ്ടു കുത്തിയവനെ തൂക്കിക്കൊന്നു; കാറോടിച്ചിരുന്ന മറേറ ആൾക്കു ജീവപര്യന്തം തടവുശിക്ഷ കിട്ടി. തെളിവായി കിട്ടിയ നിസ്സാരമായ മൂന്നു സാധനങ്ങൾ ശാസ്ത്രീയമാർഗ്ഗങ്ങളിലൂടെ പരിശോധിക്കപ്പെടുകയും അവ കേസ്സിന്നു തുമ്പുണ്ടാക്കുകയുമാണുണ്ടായതു്. കാറിന്റെ പിൻസീ

ററിൽ ഉണ്ടായിരുന്ന ഏതാനും തലനാരിഴകൾ ഭൂതക്കണ്ണാടിയിലൂടെ പരിശോധിച്ചതിൽ, അവസ്ക്കു് അക്രമത്തിനിരയായ ആളെ കുത്തിയ കുററവാളിയുടെ തലമുടിയുമായി—ഈ കുററവാളി താമസിച്ച മുറിയിൽനിന്നു കണ്ടുകിട്ടിയ ചില വസ്തുക്കളിൽ അയാളുടെ തലമുടി പാററിപ്പിടിച്ചു കിടപ്പുണ്ടായിരുന്നു—സാദൃശ്യമുള്ളതായി കാണപ്പെട്ടു. സംഭവം നടന്ന സ്ഥലത്തു കാറോടിച്ചിരുന്ന ആളുടെ വസ്ത്രങ്ങൾ രാസപരിശോധനക്കു വിധേയമാക്കിയതിൽ, അലക്കിയിരുന്നിട്ടും അവയിൽ രക്തത്തിൻെറ പാടുകൾ അവശേഷിച്ചതായി കണ്ടു. രക്തം പുരണ്ട മൃതദേഹം അയാൾ കൈകാര്യംചെയ്തിരുന്നുവെന്നതിന്നു മതിയായ സൂചനയാണല്ലോ അതു്. കാറിൻെറ അടിയിൽ വിരിച്ചിരുന്ന റബ്ബർപ്പായയുടെ പാടുകൾ മരിച്ച ആളുടെ വസ്ത്രങ്ങളിൽ പതിഞ്ഞിരുന്നു. മൃതദേഹം കാറിൽ താഴെ കിടത്തിയാണു കൊണ്ടുപോയതെന്നു് അതിൽനിന്നും അനുമാനിക്കാം. റബ്ബർപ്പായയുടെയും വസ്ത്രത്തിൽ പതിഞ്ഞിരുന്ന അതിൻെറ പാടുകളുടെയും മാതൃക പ്രത്യേകം ചേർത്തിട്ടുള്ള ചിത്രങ്ങളിൽനിന്നു തെളിഞ്ഞു കാണാം.

6–7–58–ന്നു കർണ്ണൂൽ ജില്ലയിലെ ഒരു ഗ്രാമത്തിൽ തൻെറ വയലിൽ വിള കൊയ്യുകയായിരുന്ന ഒരു കൃഷിക്കാരനെ ഒരു കവർച്ചസംഘം ആക്രമിച്ചു. കവർച്ചക്കാരിലൊരാൾ കൃഷിക്കാരനെ ഒരു വടികൊണ്ടു കഠിനമായി പ്രഹരിച്ചതിനെത്തുടൎന്നു വടി രണ്ടു കഷണമായി. അതിലൊന്നു കുററവാളി സംഭവസ്ഥലത്തിട്ടു പോയി. രണ്ടു ദിവസം കഴിഞ്ഞു സംഘത്തിലെ മററുള്ളവരോടൊപ്പം കൃഷിക്കാരനെ അടിച്ച ഈ കുറ്റവാളിയേയും പോലീസ് അറസ്റ്റും ചെയ്തു. അവൻെറ വീടു പരിശോധിച്ചതിൽ,

അവൻ കൃഷിക്കാരനെ അടിച്ച വടിയുടെ മറ്റേ കഷണം കണ്ടുകിട്ടി. വടിയുടെ രണ്ടു കഷണങ്ങളും ഒപ്പിച്ചുവെച്ചു നോക്കിയതിൽ—അതിൻെറ ചിത്രം പ്രത്യേകം കൊടുത്തിട്ടുണ്ട്—ഇരുഭാഗങ്ങളും തമ്മിലുള്ള സാമ്യതയും ഏച്ച സ്ഥലത്തെ മുഴപ്പില്ലായ്മയുംകൊണ്ടു് അവ ഒരേ വടിയുടെ ഭാഗങ്ങളാണെന്നു വ്യക്തമായി. ശാസ്ത്രീയമായി തെളിയിക്കപ്പെട്ട ഈ വസ്തുത ഏതു സാക്ഷിക്കും കഴിയുന്നതിനേക്കാൾ ഫലപ്രദമായി സത്യം വെളിപ്പെടുത്തി.

14-2-59-ന്നു തെക്കനാക്കാട്ടിലെ ആക്കോണം ഗ്രാമത്തിൽ സുബ്ബരാജ് എന്നൊരാൾ അംബുജാംബാൾ എന്നു പേരായ തൻെറ വെപ്പാട്ടിയുമായി കലശലായ ശണ്ഠകൂടുകയും അവളുടെ തലമുടി പിടിച്ചു വലിച്ചു് ഒരു കത്തികൊണ്ടു കഴുത്തു വെട്ടുകയും ചെയ്തു. കോപാന്ധനായിത്തീൎന്ന അയാൾ അവളുടെ ശിരസ്സു വേർപെടുത്തിയെടുക്കുകയും ആ ഭീകരവസ്തു, രക്തമൊലിക്കുന്ന കത്തിയോടുകൂടി വില്ലേജ് മുൻസിഫിൻെറ മുമ്പിൽ ഹാജരാക്കുകയും ചെയ്തു. വില്ലേജ് മുൻസിഫ് പകച്ചുപോയി. ഈ ഭീകരമായ കൊലപാതകത്തിന്നു സാക്ഷ്യം വഹിച്ചവരുടെ മൊഴി കോടതി വിശ്വസിക്കാതിരിക്കുകയോ അതല്ലെങ്കിൽ സമൎത്ഥനായ ഒരഭിഭാഷകൻ എതിർവിസ്താരത്തിൽ അവർ അവിശ്വസ്തരാണെന്നു വരുത്തിത്തീൎക്കുകയോ ചെയ്യേക്കാമായിരുന്നപ്പോൾ, മാററിമറിക്കാനാവാത്ത ഒരു സാധനത്തിൻെറ സഹായത്താൽ പാതകത്തിൻെറ സാഹചര്യം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടു. പോസ്റ്റുമോർട്ടം പരിശോധനയിൽ, മരിച്ചയാളുടെ കഴുത്തിൽനിന്നു് ഒരു ലോഹക്കഷണം, മാംസത്തിൽ തറച്ചുകിടക്കുന്ന നിലയിൽ, മെഡിക്കൽ ഓഫീസ്സർ കണ്ടെടുത്തു. സുബ്ബരാജ് വില്ലേജ് മുൻസിഫിൻെറ മുമ്പാകെ ഹാജരാക്കിയ കത്തിയുടെ

അഗ്രഭാഗമായിരുന്നു അതെന്നു പിന്നീട്ട് മനസ്സിലാക്കാൻ കഴിഞ്ഞു. സുബ്ബരാജ് അക്രമത്തിനിരയായ ആളുടെ തല വെട്ടിയെടുക്കുന്നതിനിടയിൽ കത്തിയുടെ ഒരു ഭാഗം പൊട്ടിപ്പോയതായിരുന്നു. അന്യത്ര ചേർത്തിട്ടുള്ള ഇതിൻെറ എൻലാർജ് ചെയ്ത ഫോട്ടോ കത്തിയുടെ ഇരുഭാഗങ്ങളും തമ്മിലുള്ള ചേർച്ച തെളിയിച്ചു.

1960-ൽ ഒരു ദിവസം വെളുപ്പാൻകാലത്ത് ഉറക്കംതൂങ്ങിക്കൊണ്ടു കാറോടിച്ച ഒരു ടാക്സി ഡ്രൈവർ മദിരാശി നഗരത്തിൽ ത്യാഗരാജനഗറിൽ വെച്ച് ഒരു കാൽനടയാത്രക്കാരൻെറമേൽ കാർ മുട്ടിക്കുകയും അയാളുടെ മരണത്തിനിടയാക്കുകയും ചെയ്തു. പെട്ടെന്നു തൻെറ ചെയ്തിയെക്കുറിച്ചു ബോധംവന്ന ടാക്സിഡ്രൈവർ ഭയപ്പെട്ട് സംഭവസ്ഥലത്തുനിന്ന് ഓടിമറഞ്ഞു. സംഭവത്തിനു ദൃക്സാക്ഷികളാരുമുണ്ടായിരുന്നില്ലാത്തതിനാൽ തൻെറ രക്ഷപ്പെടൽ വിജയകരമായി എന്ന് അവൻ വിചാരിച്ചു. എന്നാൽ രണ്ടുദിവസം കഴിഞ്ഞപ്പോൾ പോലീസ് തൻെറ വാതില്ക്കൽ മുട്ടുകയും താൻ അറസ്റ്റുചെയ്യപ്പെട്ടതായി അറിയിക്കുകയും ചെയ്തപ്പോൾ അവൻ അമ്പരന്നു പോയി. കോടതിയിൽ, നിഷേധിക്കാനാവാത്ത ഒരു തെളിവിനെയാണ് തനിക്ക് അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്നതെന്ന് അവൻ കണ്ടു. അവൻെറ കാറിൻെറ ഇടത്തേ ഹെഡ്ലൈററിൻെറ 'മെററൽറിമ്മി'ൻെറ ഫോട്ടോഗ്രാഫുകളും റോഡിൽനിന്നു പോലീസ് പെറുക്കിയെടുത്ത ചില്ലിൻകഷണങ്ങളും, ഒരു ശാസ്ത്രവിദഗ്ദ്ധൻ 'റിമ്മി'നുചുററും ചില്ലിൻകഷണങ്ങൾ ചേർത്തുവെച്ച് അവ എത്രമാത്രം ചേർച്ചയുണ്ടെന്നു വെളിപ്പെടുത്തിയതിൻെറ ഏതാനും ഫോട്ടോഗ്രാഫുകളും (അവ അന്യത്ര ചേർത്തിട്ടുണ്ട്) ആണ് കോടതിയിൽ ഹാജരാക്കിയിരിക്കുന്നത്!

ഒരു പാതകം പ്രവൎത്തിക്കുമ്പോൾ യാതൊരാളും പൂൎണ്ണമായും അവനവൻെറ നിയന്ത്രണത്തിന്നു വിധേയനായിരിക്കില്ല. വികാരവിക്ഷോഭത്തോടുകൂടിയാവും അവൻ പ്രവൎത്തിക്കുന്നതു്; അതിനാൽ തന്നെ പിടികൊടുക്കാൻ സഹായകമായേക്കാവുന്ന പല നിസ്സാരകാര്യങ്ങളും അവൻ ചെയ്തുപോകുന്നു. പാതകസ്ഥലത്തു വരുകയോ പോവുകയോ ചെയ്യുമ്പോൾ അവൻെറ കാല്പാടുകൾ നിലത്തു പതിയാനിടവരുന്നു. വല്ല സാധനങ്ങളും തൊടാനിടയായാൽ അവയുടെമേൽ കൈവിരലടയാളങ്ങളും പതിയുന്നു. അവൻ ആരെയെങ്കിലും ആക്രമിക്കുകയും കൊലപ്പെടുത്തുകയും ചെയ്താൽ, കൊലചെയ്യപ്പെട്ട ആളുടെ രക്തം, തലമുടി, തുണിക്കഷണങ്ങൾ എന്നിവ അയാളുടെ സ്വന്തം ശരീരത്തിൽ അവശേഷിക്കുകയോ അതല്ലെങ്കിൽ സ്വന്തം രക്തമോ തലമുടിയോ തുണിക്കഷണങ്ങളോ പാതകസ്ഥലത്തോ അക്രമത്തിനിരയായ ആളുടെ മേലോ അറിയാതെ അവശേഷിപ്പിക്കുകയോ ചെയ്യുന്നു. ഒരായുധം ഉപയോഗിച്ചു് അവൻ ഒരു പൂട്ടു പൊളിച്ചാൽ പൂട്ടിന്മേൽ അവശേഷിക്കുന്ന അടയാളങ്ങൾ ഉപയോഗിക്കപ്പെട്ട ആയുധമേതെന്നു തെളിയിക്കാൻ പര്യാപ്തമാവും. ഒരു പാതകവും അററകുററമില്ലാതെ നടക്കുന്നില്ല. കുററവാളികൾ തെററു പ്രവൎത്തിക്കുന്നു. പാതകം നടന്ന സ്ഥലത്തെ അതേപടി സൂക്ഷിക്കുകയും പോലീസ്സിനെ ഉടനെ വിവരം അറിയിക്കുകയും ചെയ്യുന്നതുകൊണ്ടു് തെളിവുകൾ നഷ്ടപ്പെടാതെ കുററാന്വേഷണം സുഗമമാക്കിത്തീൎക്കാൻ സാധിക്കും.

★

1799

# കുററാന്വേഷണം-
# പുതിയ മുറകൾ

D. V. SMARAKA [illegible]
GRANDHA SALA
THENNOORKONAM
VENGANOOR, A. D.

Indic Digital Archive Foundation
gpura.org